# പാലാ നഗരസഭയുടെ 2007-08 സാമ്പത്തിക വർഷത്തെ വരവ് ചെലവ് ഓഡിറ്റ് റിപ്പോർട്ട്

**നം.എൽ.എഫ്.കെ.എം.എൽ.985/09**

(1994 ലെ കേരള നഗരപാലികാ നിയമം വകുപ്പ് 295(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ് , 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 7(3), 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

**തീയതി: 14.01.2010**

ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും : എസ്.വിജയകുമാർ ഡെപ്യൂട്ടിഡയറക്ടർ(ഹ.ഗ്രേ.)

**ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ**

പാലാ നഗരസഭയുടെ 2007-08 സാമ്പത്തിക വർഷത്തെ വരവുചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചുകിട്ടിയ പദ്ധതി വിഹിതം, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

നഗരസഭ 20.11.08 മുതൽ 31.3.09 വരെ വിവിധ ഇനങ്ങളിലായി രസീത് പ്രകാരം നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി.

**ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് ചെയ്ത കണക്കുകളുടെ വിവരം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരു വിവരം |
|---|---|---|
| 20.11.08മുതൽ 29.11.08 വരെ | ചെലവ് കണക്കുകൾ. | ശ്രീ. പി.വിനോദ്കുമാർ, ശ്രീ.റ്റി.കെ.മാണി, ശ്രീമതി.സാലമ്മ ബസേലിയോസ് എന്നീ ഓഡിറ്റ് ഓഫീസർമാരുടെ നേതൃത്വത്തിലുള്ള ഓഡിറ്റ് ബാച്ച്. |
| 17.08.09 മുതൽ 29.08.09 വരെ | വരവ് കണക്കുകൾ (വാർഷിക ധനകാര്യ പത്രികയിൻമേലുള്ള ഓഡിറ്റ്) | ശ്രീ.വർഗ്ഗീസ് ജോസഫ്, ഓഡിറ്റ് ഓഫീസറുടെ നേതൃത്വത്തിലുള്ള ഓഡിറ്റ് ബാച്ച് |

**നിർവഹണാധികാരികൾ**

ചെയർമാൻ/ചെയർ പേഴ്സൺ
1 അഡ്വ. ബെറ്റി ഷാജു, 1.4.07 മുതൽ 5.10.07 വരെ
2 ശ്രീ.കുര്യാക്കോസ് പടവൻ(വൈസ് ചെയർമാൻ ഇൻ ചാർജ്) 6.10.07 മുതൽ 1.11.07 വരെ
3 ശ്രീമതി. പൊന്നമ്മ ജോസ്, പടിഞ്ഞാറേക്കര 2.11.07 മുതൽ 31.3.08 വരെ

സെക്രട്ടറി
1 ശ്രീ.കെ.സുധീർ (1.4.07 മുതൽ 14.6.07 എഫ്.എൻ വരെ)
2 ശ്രീ.എൻ.ലാലു (14.6.07 മുതൽ 31..3.08 വരെ)

**ഓഡിറ്റ് റിപ്പോർട്ടിന്റെ ഉള്ളടക്കം**

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാകുന്നു

**ഭാഗം 1:- പൊതു അവലോകനം**

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും

**ഭാഗം 2:- വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

രസീത് പരിശോധനയിലും നഗരസഭയുടെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

**ഭാഗം 3:- ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

നഗരസഭയുടെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ ക്രമക്കേടുകൾ,മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

**ഭാഗം 4:- ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും**

നഗരസഭയുടെ വിവിധ ഇനങ്ങളിൽ ഉള്ളതും ഓഡിറ്റിൽ പരിശോധനയ്ക്ക് വിധേയ മാക്കിയതുമായ വാർഷിക കണക്കുകളെ സംബന്ധിച്ച വിവരങ്ങൾ, ഓഡിറ്റ് പ്രത്യവ ലോകനം എന്നിവ.

# ഭാഗം 1 : പൊതുഅവലോകനം

പാലാ നഗരസഭയുടെ 2007-08 വർഷത്തെ ബജറ്റ് 28.3.07(തീയതി) ൽ കൂടിയ കൗൺസിൽ യോഗം അംഗീകരിക്കുകയുണ്ടായി. ബജറ്റ് പ്രകാരം പ്രതീക്ഷിച്ചിരുന്ന ആകെ വരവ് 128765000 രൂപയും ആകെ ചെലവ് 116050000 രൂപയും ആണ്.

ഓഡിറ്റ് ചെയ്ത കണക്കുകൾ പ്രകാരം 2007-08 വർഷത്തെ ആകെ വരവ് 57390250 രൂപയും ആകെ 55968213 രൂപയും ആണ്. നഗരസഭയുടെ മേൽപ്പറഞ്ഞ വരവു ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കിയതിൽ 9260/- രൂപ നഗരസഭയ്ക്ക് വരവ് ഇനങ്ങളിൽ നഷ്ടമുണ്ടായതായും 37133 രൂപ ഓഡിറ്റിൽ അംഗീകരിക്കാൻ സാധിക്കാത്ത വിധത്തിൽ ചെലവ് ചെയ്തതായും കാണുന്നു. കൂടാതെ വിവിധ കാരണങ്ങളാൽ 2274196 രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു. (വിശദ വിവരത്തിനായി ഈ റിപ്പോർട്ടിന്റെ 2,3 എന്നീ ഭാഗങ്ങളിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു.)

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട മറ്റ് പൊതുവായ വിവരങ്ങൾ താഴെ കൊടുക്കുന്നു.

## ബജറ്റ് ആധികാരികമായി തയ്യാറാക്കപ്പെടുന്നില്ല.

1994-ലെ കേരളാ നഗരപാലികാ നിയമം 286-ാം വകുപ്പിൽ അനുശാസിക്കുന്നത് പ്രകാരമുള്ള നഗരസഭയുടെ വാർഷിക ബഡ്ജറ്റ് 293-ാം വകുപ്പ് (1) മുതൽ (7) വരെയുള്ള ഉപവകുപ്പുകളിൽ അനുശാസിക്കുന്ന എല്ലാ നടപടി ക്രമങ്ങളും പാലിച്ചുകൊണ്ടല്ല തയ്യാറാ ക്കിയിട്ടുള്ളത്. മുൻവർഷ ബജറ്റും മുൻവർഷ യഥാർത്ഥ വരവ്/ചെലവുകളും തമ്മിലുള്ള വ്യതിയാനത്തിൻമേൽ സവിസ്തരമായ വിശദീകരണക്കുറിപ്പുകൾ രേഖപ്പെടുത്തിയിട്ടില്ല. 24.3.2008 ൽ ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർമാൻ അവതരിപ്പിച്ച 2007-08 ലേയ്ക്കുള്ള പുതുക്കിയ ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് 84349476/- രൂപയും പ്രതീക്ഷിത ചെലവ് 74849476 രൂപയും ആകുന്നു. ഒറിജിനൽ ബജറ്റ് പ്രകാരം റവന്യൂ വരവിൽ നിന്നും 88 ലക്ഷം രൂപാ മുലധന അക്കൗണ്ടിലേയ്ക്ക് വകമാറ്റാൻ ലക്ഷ്യമിട്ടിരുന്നുവെങ്കിലും പുതുക്കിയ ബജ റ്റിൽ ടിയിനത്തിലെ വകയിരുത്തൽ 42 ലക്ഷം രൂപാ മാത്രമാണ്. റവന്യൂമിച്ചം വാർഷിക പദ്ധതിയുമായി ഉദ്ഗ്രഥനം ചെയ്യേണ്ടതുണ്ടെങ്കിലും സാമ്പത്തിക പ്രതിസന്ധി നേരിടുന്ന നഗരസഭയിൽ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളും ധനസഹായങ്ങളും റവന്യൂ ചെലവു കൾക്കായി വ്യാപകമായി വകമാറ്റി ചെലവഴിക്കുന്ന പ്രവണത കാണപ്പെടുന്നു.

ബജറ്റ് ധനവിനിയോഗ നിയന്ത്രണം കൈവരിക്കുന്നതിന് ഉതകുന്ന രീതിയിൽ നിയ മാനുസൃതമുള്ള എല്ല. നടപടിക്രമങ്ങളും പാലിച്ചുകൊണ്ട് തയ്യാറാക്കുന്നതിന് മുന്തിയ പരിഗണന നൽകേണ്ടതാണ്. ടി വിഷത്തിലേയ്ക്ക് അധികൃതരുടെ പ്രത്യേകിച്ചും ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## വരവിനങ്ങൾ സംബന്ധിച്ച പൊതു നിരീക്ഷണങ്ങൾ

നഗരസഭയുടെ തനതുവരുമാനങ്ങളായ നികുതി നികുതിയേതര വരവുകൾ കാര്യ ക്ഷമമായി പിരിച്ചെടുക്കുന്നതിന് അധികൃതർ ശ്രദ്ധിക്കുന്നുണ്ടെങ്കിലും വിവിധ തർക്കവിഷ യങ്ങൾ നിലനിൽക്കുന്ന കേസുകളിൽ തുടർ നടപടികളുടെ അഭാവം മൂലം വരുമാന ശോഷണം സംഭവിക്കുന്നുണ്ട്. നിയമാനുസൃതമായ വസ്തു നിികുതി, തൊഴിൽ നികുതി, വിവിധ ലൈസൻസ് ഫീസുകൾ എന്നിവ നഗരസഭയിൽ ഒടുക്കാതെ കുടിശ്ശിക വരുത്തുന്ന വർക്കെതിരെ നിയമനടപടികൾ അടക്കമുള്ള നടപടികൾ സ്വീകരിക്കുന്നതിന് നഗരസഭാ വിമുഖകത കാണിക്കുന്നുണ്ട്. ഇത്തരക്കാർക്കെതിരെ നിയമം അനുശാസിക്കുന്ന രീതിയിൽ

നടപടികളെടുത്ത് നഗരസഭയ്ക്ക് ലഭിക്കേണ്ടതായ വരുമാനം ലഭിക്കുന്നു എന്ന് ഉറപ്പാക്കേണ്ടതാണ്.

## ആഭ്യന്തതര നിയന്ത്രണ സംവിധാനവും രജിസ്റ്ററുകളുടെ സൂക്ഷിപ്പും

നഗരസഭയിലെ ആദ്യന്തതര നിയന്ത്രണ സംവിധാനം താരതമ്യേന കാര്യക്ഷമമായി നടക്കുന്നുണ്ട്. ദിവസേനയുള്ള പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുമുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചതിൽ എടുത്തു പറയത്തക്ക അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ പ്രധാനപ്പെട്ട പല രജിസ്റ്ററുകളും രേഖകളും ശരിയായി എഴുതി പൂർത്തിയാക്കിയിട്ടില്ല എന്നു കാണുന്നു. കാഷ്ബുക്ക്, ചെക്ക് ഇഷ്യു രജിസ്റ്റർ, ബിൽ രജിസ്റ്റർ, ഓഡിറ്റ് റിക്കവറി രജിസ്റ്റർ, വിവിധ ഫോറങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ, എന്നിവ പൂർണ്ണമായ ഭാഗികമായോ എഴുതിയിട്ടില്ല. തുക നൽകിയിട്ടും വർഷങ്ങളായി അഡ്ജസ്റ്റ് ചെയ്യാത്ത മുൻകൂറുകൾ അഡ്വാൻസ് രജിസ്റ്ററിൽ കാണപ്പെട്ടു. ഡെപ്പോസിറ്റ് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുകയും വർഷാവസാനമുള്ള തുകകൾ അടുത്ത വർഷത്തേയ്ക്ക് എടുത്ത് എഴുതുകയും ചെയ്യുന്നില്ല. കാഷ്ബുക്ക് സൂക്ഷിപ്പിലെ അപാകതകൾ അന്യത്ര ചേർത്തിട്ടുണ്ട്(ഖണ്ഡിക 2-1 (ബി) കാണുക)

## നഗരസഭ കാഷ്കൗണ്ടർ - കമ്പ്യൂട്ടർവൽക്കരണം പൂർത്തിയായിട്ടില്ല.

നഗരസഭ കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഭാഗമായി സോഫ്റ്റ് വെയർ വികസിപ്പിക്കുന്നതിന് വൻതുക ഇൻഫർമേഷൻ കേരളാ മിഷന് നൽകിയിരുന്നു. (ആകെ 40,50,000/- രൂപ) ഇതിന്റെ ഭാഗമായി നഗരസഭാ കാഷ് കൗണ്ടറും കമ്പ്യൂട്ടർ വൽക്കരണവും നടത്തി. നഗരസഭയ്ക്ക് പണമായി ലഭിക്കുന്ന എല്ലാ തുകകളും കമ്പ്യൂട്ടർ സംവിധാനം വഴി രേഖപ്പെടുത്തുന്നുമുണ്ട്. എന്നാൽ ചെക്ക്, ഡി.സി. അലോട്ട്മെന്റ് എന്നിവ മുഖേന ലഭിക്കുന്ന വരവുകളുടെ വിവരശേഖരം കമ്പ്യൂട്ടർ മുഖേന നടത്തുന്നില്ല. ചെക്ക്/ഡി.ഡി വരവുകൾക്ക് നഗരസഭ രസീത് നൽകുന്നുമുണ്ട്. എല്ലാ വരവുകളും കമ്പ്യൂട്ടർ മുഖേന രേഖപ്പെടുത്താത്തതിനാൽ കമ്പൂട്ടർ വൽക്കരണം ഫലത്തിൽ നിഷ്പ്രയോജനമായിരിക്കുകയാണ്. നഗരസഭയുടെ ഒരു നിശ്ചിത ദിവസത്തെയോ കാലയളവിലെയോ ആകെ വരവ് കണക്കാക്കുന്നതിന് ഈ സംവിധാനം പ്രയോജനപ്പെടുന്നില്ല. പരമ്പരാഗത രീതിയിലുള്ള ചിട്ട, വരവ് രജിസ്റ്റർ എന്നിവയെ അടിസ്ഥാനമാക്കിയാണ് ഇപ്പോഴും ഈ കണക്കുകൾ തയ്യാറാക്കുന്നത്.

3.8.2007 ൽ ഐ.കെ.എം ഡയറക്ടർ നഗരസഭയ്ക്ക് അയച്ച കത്തിൽ അക്കൗണ്ട്സ് പാക്കേജായ സാംഖ്യ ഉൾപ്പെടെയുള്ള സോഫ്റ്റ് വെയറുകൾ അടിയന്തിരമായി സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് പരാമർശിച്ചിരുന്നെങ്കിലും ആയത് ഫലപ്രാപ്തിയിലെത്തിയിട്ടില്ല. ഏതാനും കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വിതരണം ചെയ്ത് സ്ഥാപിച്ചതല്ലാതെ മറ്റ് പ്രവർത്തനങ്ങൾ ഒന്നും നടത്തിയിട്ടില്ല.

ഐ.കെ.എം അധികൃതരുമായി ബന്ധപ്പെട്ട് അടിയന്തിരമായി അക്കൗണ്ടിംഗ് സോഫ്റ്റ് വെയർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## വാർഷിക പദ്ധതി സംബന്ധിച്ച്

2007-08 ലെ വാർഷിക പദ്ധതിയുൾപ്പെടുത്തി വികസനഫണ്ടും മെയിന്റനൻസ് ഗ്രാന്റ് വിഹിതവും വിനിയോഗിച്ച് നടപ്പാക്കുന്നതിനായി 17 സ്പിൽ ഓവർ പ്രോജക്റ്റുകളും 53 പുതിയ പ്രോജക്റ്റുകളും ഉൾപ്പെടെ ആകെ 70 പ്രോജക്റ്റുകളാണ് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തിനായി സമർപ്പിച്ചത്. ഇവയിൽ 4 എണ്ണം ഉൽപ്പാദന മേഖലയിലും 27 എണ്ണം സേവന മേഖലയിലും 37 എണ്ണം പശ്ചാത്തല മേഖലയിലും ഉൾപ്പെടുത്തിയിരിക്കുന്നു. മേഖലാ വിഭജനത്തിൽപ്പെടാത്തതായി 2 പ്രോജക്റ്റുകൾ ഉണ്ട്. മേൽപ്പറഞ്ഞവയിൽ ആകെ 56 പ്രോജക്റ്റുകൾ മാത്രമേ നടപ്പാക്കിയിട്ടുള്ളൂ. (ഉൽപ്പാദന മേഖല 4, സേവന മേഖല-20, പശ്ചാത്തല മേഖല 32)

തന്നണ്ടിൽ പൊതു വിഭാഗത്തിൽ 7,81,8000/- രൂപയും പ്രത്യേക ഘടക പദ്ധതിയിൽ 8,92,000/- രൂപയും ഉൾപ്പെടെ ആകെ 87,10,000/- രൂപയാണ് വികസന ഫണ്ടിനത്തിൽ ലഭിച്ചിട്ടുള്ളത്. ഇതിൽ 78,45,553/- രൂപ (90%) ചെലവഴിച്ചിട്ടുണ്ട്. വികസന ഫണ്ട് വകയികരുത്തിയ 34 പ്രോജക്റ്റുകളിൽ 26 എണ്ണം മാത്രമേ നടപ്പിലാക്കിയിട്ടുള്ളൂ. പ്രത്യേക ഘടക

പദ്ധതിയിൽ ഉൾപ്പെടുത്തിയ 5 പ്രോജക്റ്റുകളിൽ ഒരെണ്ണം മാത്രമാണ് നടപ്പിലാക്കിയത്. (പാലാ പ്രീമെട്രിക് ഹോസ്റ്റലിലേയ്ക്ക് പാത്രങ്ങൾ, ഫർണീച്ചർ വാങ്ങൽ)

മേഖലാ വിഭജനത്തിൽ പെടാത്ത 2 പ്രോജക്റ്റുകൾ മാത്രമാണ് അംഗീകാരത്തിനായി സമർപ്പിച്ചിരുന്നതെങ്കിലും ആകെ 3 പ്രോജക്റ്റുകൾക്കായി പ്രസ്തുത വിഭാഗത്തിൽ വികസന ഫണ്ട് ചെലവഴിച്ചിട്ടുള്ളതായി കാണുന്നു. ഡംപിങ് യാർഡിന് സ്ഥലം വാങ്ങൽ, അംഗൻവാടി അനുപൂരക പോഷകാഹാരം എന്നിവയ്ക്കു പുറമേ കെ.യു.ഡി.എഫ്.സി വായ്പ തിരിച്ചടവിനത്തിൽ 951422/- രൂപ ചെലവഴിച്ചിട്ടുണ്ട്.

മെയിന്റനൻസ് ഗ്രാന്റ് വിഹിതമിനത്തിൽ റോഡ് വിഭാഗത്തിൽ 34,94,000/- രൂപയും ലഭിച്ചിട്ടുണ്ട്. ഇവയിൽ റോഡുവിഭാഗത്തിൽ ലഭിച്ച മുഴുവൻ തുകയും റോഡിതര വിഭാഗത്തിൽ 1006600/- രൂപയും വിനിയോഗിച്ചിട്ടുണ്ട്.

വിവിധ വാർഡുകളിലെ റോഡുകളുടെ അറ്റകുറ്റപ്പണി നടത്തുന്നതിനാണ് മെയിന്റൻസ് ഗ്രാന്റ് റോഡ് വിഭാഗത്തിൽ ലഭിച്ച തുക വിനിയോഗിച്ചിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട ഫയലുകളിൽ റോഡുകളുടെ പേര്, റീച്ച്/ചെയിനേജ് എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. റോഡ് രജിസ്റ്ററും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

വൃദ്ധജനങ്ങൾക്കുവേണ്ടി വൃദ്ധസദനം പണിയുന്നതിനായി സ്ഥലം വാങ്ങാനുദ്ദേശിച്ച പ്രോജക്റ്റ് മുൻവർഷം രൂപീകരിച്ചതാണെങ്കിലും സ്പിൽ ഓവർ വിഭാഗത്തിൽപ്പെടുത്തി തന്നാണ്ടിലാണ് 90 സെന്റ് സ്ഥലം വാങ്ങിയിട്ടുള്ളത്. മുൻവർഷം തയ്യാറാക്കിയ വ്യവസായ എസ്റ്റിമേറ്റിന് സ്ഥലം വാങ്ങൽ പ്രോജക്റ്റ് തന്നാണ്ടിലും പൂർത്തിയായിട്ടില്ല. പൊതുജനോപകാര പ്രദമായ ഇത്തരം പ്രോജക്റ്റുകൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം 2 :വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

| | |
|---|---|
| 2-1. (എ) (ബി)(സി) | രസീതുകൾ, പ്രകാരമുള്ള പണം പിരിവ്/ഒടുക്ക്, കാലികമായി അനുവർത്തിക്കുന്ന അക്കൗണ്ടിംഗ് സമ്പ്രദായം, രജിസ്റ്ററുകളുടെ സൂക്ഷിപ്പ് എന്നിവ സംബന്ധിച്ച്. |
| 2-2 (എ), (ബി) (സി) | വസ്തു നികുതി |
| 2-3 (എ), (ബി) | തൊഴിൽ നികുതി |
| 2-4 | പരസ്യ നികുതി |
| 2.5 എ,ബി | വാടക |
| 2-6 (എ), (ബി) ,(സി) | ഡി.ആന്റ് ഓ ലൈസൻസ് ഫീ |
| 2-7 | സ്വകാര്യ വണ്ടിത്താവളം- ലൈസൻസ് ഫീ |
| 2-8 (എ) (ബി) | സ്വകാര്യ ആശുപത്രികൾ/പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഫീസ് |

## 2-1) രസീതുകളുടേയും നിലവിലുള്ള അക്കൗണ്ടിങ് സമ്പ്രദായം എന്നിവയിൻമേലുള്ള പരിശോധന

**എ) രജിസ്റ്ററുകളുടെ സൂക്ഷിപ്പ് - നിലവിൽ അനുവർത്തിക്കുന്ന രീതി പൂർണ്ണമല്ല.**

പുതിയ അക്കൗണ്ടിങ് സമ്പ്രദായം നാളിതുവരെ നഗരസഭയിൽ നടപ്പിലാക്കിയിട്ടില്ല. കാഷ്ബുക്ക് 2/09, 3/09 മാസങ്ങളിൽ മാത്രമേ ക്ലോസ് ചെയ്തിട്ടുള്ളൂ. 2/09 ന് മുമ്പും 3/09 ന് ശേഷവുമുള്ള കാഷ്ബുക്ക് എഴുതി പൂർത്തീകരിച്ചിട്ടില്ല. പ്രതിദിന മാസാന്ത്യ ക്ലോസിംഗുകൾ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. കാഷ്ബുക്കിൽ പ്രതിദിന ചെലവുകൾ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. രസീതുകൾ പ്രകാരമുള്ള വരവ്, ചെക്ക്/ഡ്രാഫ്റ്റ് അഡ്ജസ്റ്റ്മെന്റ് എന്നിവ മാസാവസാനം ഒന്നിച്ചെഴുതി കൂട്ടുകയാണ് ചെയ്തിരിക്കുന്നത്. ഇത്തരം രേഖപ്പെടുത്തലുകളിൽ തന്നെ ചിലത് വിട്ടുപോയിട്ടുമുണ്ട്. 9.1.09 ലെ ചെക്ക് കളക്ഷൻ തുക 6764/- (ചെക്ക് നം 283017/3.1.09) 10.2.09 ലെ ചെക്ക് കളക്ഷൻ രു.9830/-(ചെക്ക് നം.283044/7.2.09) .22.1.09 ലെ രസീത് പ്രകാരമുള്ള വരവ് രു.39366/- എന്നിവ കാഷ്ബുക്കിൽ ചേർത്തിട്ടില്ലാത്തവയിൽ ഉൾപ്പെടുന്നു.

വരവു രജിസ്റ്ററിലും ചെക്ക്/വൗച്ചർ അഡ്ജസ്റ്റ്മെന്റുകൾ അതാതു ദിവസങ്ങളിൽ ചേർക്കാതെ മാസാവസാനം എഴുതിച്ചേർക്കുകയാണ് ചെയ്തിരിക്കുന്നത്. വരവു രജിസ്റ്ററിൽ 6.11.08 ലെ ചെക്ക് കളക്ഷൻ തുക രു.15272/- (ചെക്ക് നം.704504/4.11.08).1572/- രൂപ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ചെക്ക് ലഭിക്കുമ്പോൾ തന്നെ രസീത് എഴുതാതെ ബാങ്കിൽ കാഷ് ചെയ്യുമ്പോൾ മാത്രമാണ് രസീത് എഴുതുന്നത്. നഗരസഭ ഇഷ്യു ചെയ്യുന്ന എല്ലാ ചെക്കുകളുടേയും വിശദാംശങ്ങൾ ചെക്ക് ഇഷ്യു രജിസ്റ്ററിൽ ചേർത്തിട്ടില്ല. അടിസ്ഥാന രജിസ്റ്ററുകളിൽ പോലും തുകകൾ തമ്മിലുള്ള വ്യത്യാസം നിമിത്തം നഗരസഭയുടെ യഥാർത്ഥ വരവ് ചെലവ് കണക്കുകളുടെ കൃത്യത ഓഡിറ്റിൽ വ്യക്തമായിട്ടില്ല.

ചെക്കുകൾ ലഭിക്കുമ്പോൾ തന്നെ രസീത് നൽകി വരവിൽ ഉൾപ്പെടുത്തേണ്ടതും ചെക്ക്/വൗച്ചർ അഡ്ജസ്റ്റ്മെന്റുകൾ ഉൾപ്പെടെയുള്ള എല്ലാ വരുകളും ഉൾപ്പെടുത്തി പ്രതിദിന വരവ് ചെലവുകൾ കണക്കാക്കേണ്ടതും കാഷ്ബുക്ക് ദിവസേന ക്ലോസ് ചെയ്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

4/09 മുതൽ ഓഡിറ്റ് തീയതി വരെയുള്ള വരവ്/രജിസ്റ്ററുകൾ എഴുതിയിട്ടില്ല. ആയത് സംബന്ധിച്ച അന്വേഷണത്തിൽ ചെലവ് രജിസ്റ്റർ എഴുതി തുടങ്ങുന്നതേയുള്ളൂവെന്നും 4/09 മുതലുള്ള വരവുകൾ കമ്പ്യൂട്ടറിൽ രേഖപ്പെടുത്തിയിരിക്കുന്നന്നുവെന്നുമാണ്. എന്നാൽ നിലവിൽ രസീത് പ്രകാരമുള്ള വരവുകൾ മാത്രമേ കമ്പ്യൂട്ടറിൽ രേഖപ്പെടുത്തിയിട്ടുള്ളൂ. ചെക്ക്/വൗച്ചർ അഡ്ജസ്റ്റ്മെന്റുകൾ ഉൾപ്പെടെയുള്ള വരവുകൾ കൂട്ടിച്ചേർത്ത് കണക്കുകൾ കൃത്യമാക്കുന്നതിനും രജിസ്റ്ററുകൾ സമയാസമയങ്ങളിൽ എഴുതി സൂക്ഷിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ബി. കാഷ്ബുക്ക് സൂക്ഷിക്കുന്നതിൽ കാണപ്പെട്ട അടിസ്ഥാനപരമായ അപാകതകൾ**

നഗരസഭയുടെ കാഷ്ബുക്കിൽ രേഖപ്പെടുത്തലുകൾ നടത്തുന്നതിലും മാസാന്ത്യ/വർഷാന്ത്യ ക്ലോസിങ്ങ് നടത്തുന്നതിലും വൽഷങ്ങളായി ഒരേ രീതിയാണ് അനുവർത്തിച്ച് വരുന്നത്. നിലവിൽ അനുവർത്തിക്കുന്ന രീതിയിൽ അടിസ്ഥാനപരമായ പിഴവുകൾ ഉള്ളതായി കാണപ്പെടുന്നു. ആയവ ചുവടെ ചേർക്കുന്നു.

1) **നിലവിൽ സൂക്ഷിക്കുന്ന കാഷ്ബുക്ക് “ ബുക്ക് ഓഫ് ഒറിജിനൽ എൻട്രി’ എന്ന് കണക്കാക്കിയിട്ടില്ല.**

ഓരോ ഇടപാടുകളുടേയും പ്രാഥമിക രേഖപ്പെടുത്തലുകൾ നടത്തേണ്ടതായ കാഷ്ബുക്ക് “ ബുക്ക് ഓഫ് ഒറിജിനൽ എൻട്രി’ എന്ന പേരിലും അറിയപ്പെടുന്നു (ജേണൽ സൂക്ഷിക്കാത്തതിനാൽ) എന്നാൽ നഗരസഭയിൽ ഇടപാടുകളുടെ ദ്വിതീയമോ ത്രിതീയമോ ആയി മാത്രമാണ് വിവരങ്ങൾ കാഷ്ബുക്കിൽ (പ്രത്യേകിച്ചും വരവു ഭാഗത്ത്) ചേർത്ത് കാണുന്നത്. ചെലവ് സംബന്ധിച്ച വിവരം വൗച്ചർ നമ്പർ നൽകി അതാത് ദിവസം ചേർക്കുന്നുണ്ടെങ്കിലും ഓരോ ദിവസത്തെയും വരവ് (കാഷ് കളക്ഷൻ, ചെക്ക് പ്രകാരമുള്ളത്, അക്കൗണ്ടിംഗ് ക്രമീകരണങ്ങൾ മൂലമുള്ളത്, സർക്കാരിൽ നിന്നും മറ്റ് സ്ഥാപനങ്ങളിൽ നിന്നുമുള്ള നിയമാനുസൃത അറിയിപ്പുകൾ പ്രകാരമുള്ളത് എന്നിങ്ങനെ) അതാത് ദിവസം ചേർക്കുന്നില്ല. ഓരോ മാസത്തെയും ആകെ കാഷ് കളക്ഷൻ, ചെക്ക് അഡ്ജസ്റ്റ്മെന്റുകൾ, ട്രഷറി അഡ്ജസ്റ്റ്മെന്റുകൾ എന്നിങ്ങനെ മറ്റ് രജിസ്റ്ററുകളുടേയും സ്റ്റേറ്റ്മെന്റുകളുടേയും അടിസ്ഥാനത്തിൽ ആകെ വരവ് സംക്ഷിപ്തമായി കണക്കാക്കുന്ന തെറ്റായ രീതിയാണ് അനുവർത്തിച്ചുവരുന്നത്. ഇപ്രകാരം മറ്റ് രജിസ്റ്ററുകളുടേയും സ്റ്റേറ്റ്മെന്റുകളുടേയും അടിസ്ഥാനത്തിൽ (ട്രഷറി പാസ്ബുക്കിലും മറ്റും നടത്തിയിട്ടുള്ള രേഖപ്പെടുത്തലുകളുടെ അടിസ്ഥാനത്തിൽ) രണ്ടാമതായോ മൂന്നാമതായോ മാത്രം സംക്ഷിപ്തമായി വരവ് കണക്കാക്കി മാസാന്ത്യ ക്ലോസിങ്ങ് നടത്തുന്നതിനാൽ നഗരസഭയിൽ സൂക്ഷിക്കുന്ന കാഷ്ബുക്ക് “ബുക്ക് ഓഫ് ഒറിജിനൽ എൻട്രി’ എന്ന് പരിഗണിക്കാനാവില്ല.

2) **എല്ലാ അക്കൗണ്ടുകളിൽ കൂടിയുള്ള വിനിമയങ്ങളും കാഷ്ബുക്കിൽ ചേർത്തിട്ടില്ല.**

നഗരസഭയുടെ എല്ലാ അക്കൗണ്ടുകളിൽ കൂടിയുള്ള വിനിമയങ്ങളും ഒരു കാഷ്ബുക്കിൽ മാത്രം ചേർക്കേണ്ടതാണ്. എന്നാൽ നഗരസഭയുടെ കാഷ്ബുക്കിൽ കാണിക്കപ്പെടാത്തതും സമാന്തരങ്ങളായി സൂക്ഷിക്കപ്പെടുന്നതുമായ വ്യക്തപ്പെടുന്നതുമായ ഒട്ടേറെ അക്കൗണ്ടുകൾ നിലവിലുണ്ട്. (പെൻഷൻ ഫണ്ട് അക്കൗണ്ടുകൾ, എം.എഫ്.എ 2 (എ)(ബി)(സി), എം.എഫ്.എ 3 അക്കൗണ്ട് മുതലായവ)

3) **റെക്കൺസിലിയേഷൻ നടത്തുന്നില്ല.**

ഉപഖണ്ഡിക ഒന്നിൽ പരാമർശിച്ചിട്ടുള്ളത് പ്രകാരം മാസാന്ത്യ ബാലൻസ് നിർണയിച്ച് വിവിധ പാസ്ബുക്ക് ബാലൻസുമായി ശരിയായ രീതിയിൽ പൊരുത്തപ്പെടുത്തിയിട്ടില്ല. കാഷ്ബുക്ക് ബാലൻസ് , വിവിധ പാസ്ബുക്ക് ബാലൻസുകൾ എന്നിവ തമ്മിലുള്ള വ്യതിയാനം ‘പണമാക്കാത്ത ചെക്കുകൾ’ മാത്രമാണെന്ന് രേഖപ്പെടുത്തി കാണുന്നു. എന്നാൽ പണമാക്കാത്ത ചെക്കുകളുടെ വിശദവിവരം രേഖപ്പെടുത്തിയിട്ടില്ല. ചെക്കുകൾ പ്രകാരം ലഭിച്ച തുകകൾ യഥാവിധി കളക്ഷൻ ആകാതിരിക്കൽ, പാസ്ബുക്കുകളിൽ രേഖപ്പെടുത്തലുകൾ നടത്തുന്നതിലുള്ള തെറ്റുകൾ തുടങ്ങി വ്യതിയാനത്തിന് കാരണമാകുന്ന മറ്റു ഘടകങ്ങൾ പരിഗണിച്ചിട്ടില്ല.

**4)** ജി.ഒ.(പി) 177/06/ധനം തീയതി : 12.4.06 പ്രകാരം കാറ്റഗറി എ ഫണ്ട്, സി ഫണ്ട് ഇനങ്ങളിൽ അനുവദിക്കുന്ന തുകകൾ വർഷാവസാനം ലാപ്സാകുന്നില്ല. നഗരസഭയുടെ ഡെപ്പോസിറ്റ് അക്കൗണ്ടുകളിൽ ക്രഡിറ്റ് വരുന്ന ടി തുകകളുടെ വർഷാന്ത്യ നീക്കിയിരിപ്പ് കാഷ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പിൽ ( 06-07 മുതൽ) കാണിച്ചിട്ടില്ല. ടി തുകകൾ നീക്കിയിരിപ്പിൽ കാണിച്ചിട്ടില്ലാത്തതിനാൽ കാഷ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് യഥാർത്ഥ നീക്കിയിരിപ്പല്ല. ഇപ്രകാരം നീക്കിയിരിപ്പ് കണക്കാക്കിയതിലുള്ള വൻവ്യതി

യാനം ശരിയായ രീതിയിലുള്ള റെക്കൺസിലിയേഷന്റെ അഭാവത്തിൽ യഥാസമയം കണ്ടെത്താൻ സാധിച്ചിട്ടില്ല. (ഉദാഹരണമായി 06-07 വർഷത്തെ വാർഷിക ധനകാര്യ പത്രികകയിൽ 7-ാമത്തെ ഇനമായി 7914000/- കാറ്റഗറി എ.ഫണ്ട് ഇനത്തിൽ വരവ് ചേർത്തിട്ടുണ്ട്. ചെലവിൽ 9-ാം ഇനമായി 6850511/- രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ 1063489/- രൂപ ടിയിനത്തിലുള്ള തുക നീക്കിയിരിപ്പിൽ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ എം.എഫ്.എ2 (എ), (ബി), (സി) അക്കൗണ്ട് പ്രകാരമുള്ള നീക്കിയിരിപ്പ് വിശകലനത്തിൽ ചേർത്തിട്ടില്ല. ആയതിനാൽ നീക്കിയിരിപ്പിന്റെ പൊരുത്തപ്പെടുത്തൽ കൃത്രിമമായി കണക്കാക്കിയെന്ന് വ്യക്തമാണ്

5. **നീക്കിയിരിപ്പ് തുകയുടെ ഘടകങ്ങൾ നിർണ്ണയിച്ചിട്ടില്ല**

കാഷ് പ്രകാരമുള്ള നീക്കിയിരിപ്പിന്റെ ഘടകങ്ങൾ (ബാദ്ധ്യതകൾ) നിർണ്ണയിച്ച് വർഷാവസാനമുള്ള ബാദ്ധ്യതകൾ (വകമാറ്റി ചെലവഴിച്ചത് ക്രമീകരിക്കാനുള്ളത് ഉൾപ്പെടെ) തിട്ടപ്പെടുത്തി " മുനിസിപ്പൽ ഫണ്ട് " കണക്കാക്കിയിട്ടില്ല.

6. **കാഷ് ബാലൻസ് നിർണ്ണയിക്കുകയെന്ന അടിസ്ഥാന ലക്ഷ്യം സാദ്ധ്യമാകുന്നില്ല.**

ഓരോ ദിവസത്തേയും കാഷ് ബാലൻസ്, വിവിധ അക്കൗണ്ടുകളുടെ ബാലൻസ് എന്നിവ നിർണ്ണയിക്കുകയെന്ന അടിസ്ഥാന ലക്ഷ്യം നിലവിൽ അനുവർത്തിക്കുന്ന സമ്പ്രദായത്തിൽ സാധ്യമാകുന്നില്ല.

മേൽ അപാകതകൾ പരിഹരിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുന്നതാണെന്ന് നഗരസഭ അധികൃതർ അറിയിച്ചിട്ടുണ്ട്

സി. **പിഴപ്പലിശ ഈടാക്കുന്നതിൽ വീഴ്ച**

2008-09,2009-2010 എന്നീ സാമ്പത്തിക വർഷങ്ങളിൽ നികുതിദായകരിൽ നിന്നും കുടിശ്ശിക തൊഴിൽ നികുതി ഈടാക്കിയതിൽ പിഴപ്പലിശ ഒഴിവാക്കിയതായി കാണുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | രസീത് നം.പേര് | വിലാസം | ഈടാക്കിയ നികുതി | അർദ്ധ വർഷം | പിരിവ് നടത്തിയ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|
| 1 | 64/6315/18.11.08 | മാനേജർ, മിൽമ ഡയറി വടവാതൂർ | 180+180+180+180=720 | 06-07 2-ാം അർദ്ധ വർഷം മുതൽ 08-09 -ഒന്നാം അർദ്ധ വർഷം വരെ | സി.എൻ.നടരാജൻ |
| 2 | 64/6335/18.11.08 | അഡ്വ.കെ.ടി.ജേക്കബ്,പാലാ | 240+240+120=600 | 06-07 മുതൽ 08-09 ഫസ്റ്റ് വരെ | സി.എൻ.നടരാജൻ |
| 3 | 71/7045/30.12.08 | അഡ്വ.വേണുഗോപാൽ പി.ജി വാഴച്ചരിയ്ക്കൽ | 74+8+100+125+ 250+600= 1236 | 01-02 മുതൽ 06-07 വരെ | സി.എൻ.നടരാജൻ |

| | | | | | |
|---|---|---|---|---|---|
| 4 | 73/7416/31.12.08 | മെൽഡി ജോയി ഗോൾഡൻ മേൽ ബ്യൂട്ടി പാർലർ | 50+50+300=400 | 97-98,98 -99 ആൻഡ് 08-09 സെക്കന്റ് | ലിബിമോൾ എൻ.ബി |
| 5 | 79/7810/12.1.09 | ഷാജിമോൻ, ടൂവീ ലർ, വർക്ക്-ഷോപ്പ് | 24+180=204 | 98-99 ആൻഡ് 08-09 സെക്കന്റ് | ലിബിമോൾ എൻ.ബി |
| 6 | 79/7851/14.1.09 | ഷാജിമോൻ, സാഫ ല്യ ഫിനാൻസ് | 38+300=338 | 03-04 ആൻഡ് 08-09 സെക്കന്റ് | ലിബിമോൾ.എൻ. ബി |
| 7 | 84/8305/27.1.09 | അഡ്വ.ജസ്റ്റിൻ ജോസഫ് കലയത്തിനാൽ | 240+240+240+1=721 | 06-07 മുതൽ 08-09 വരെ | ലിബിമോൾ.എൻ. ബി. |
| 8 | 84/8306/27.1.09 | സോളിമോൾ സെബാസ്റ്റ്യൻ എരുമേലിക്കുന്നേൽ | 240+240+240+1=721 | 06-07 മുതൽ 08-09 വരെ | ലിബിമോൾ.എൻ. ബി |
| 9 | 84/8307/27.1.09 | അഡ്വ.ജോയ്. കെ.മാത്യു | 240+240+120+1=601 | 06-07 മുതൽ 08-09 1-ാം അർദ്ധ വർഷം വരെ | എൻ.ബി.ലിബി മോൾ |
| 10 | 84/8326/30.1.09 | കെ.എൻ.കുട്ടപ്പൻ, ഷാജി ഹെയർ ആന്റ് സ്റ്റൈൽ | 24+24=48 | 97-98-98 -99 | എൻ.ബി.ലിബി മോൾ |
| 11 | 84/8336/2.2.09 | രാജേഷ് എബ്രഹാം കല്ലങ്കൽ ഏജൻസീസ് | 325+500=825 | 97-98-98 -99 | എൻ.ബി.ലിബി മോൾ |
| 12 | 84/8388/7.2.09 | മേരിക്കുട്ടി സെബാസ്റ്റ്യൻ, പി.കെ.എസ്. വർക്ക്ഷോപ്പ് | 175 | 98-99 | എൻ.ബി.ലിബി മോൾ |
| 13 | 100/9990/27.2.09 | സുഭാഷ് മാത്യു, റബ്ബർ ഡീലർ | 100 | 98-99 | എൻ.ബി.ലിബി മോൾ |
| 14 | 100/9991/27.2.09 | പി.വി.ജോർജ്ജ്,മെഡോമൻറോഡ് അപ്ഹോൾസ്ട്രി വർക്ക്സ് | 24 | 98-99 | എൻ.ബി.ലിബി മോൾ |
| 15 | 100/9992/27.2.09 | പി.എം.ശിവരാജൻ, കാർ വർക്ക്ഷോപ്പ് | 50+180=230 | 98-99 | എൻ.ബി.ലിബി മോൾ |
| 16 | 111/11005/28.2.09 | റ്റി.ജെ.എബ്രഹാം, പ്രസിഡൻസി ടെയ്ലേഴ്സ് | 100+24=124 | 97-98, 02-03 | എൻ.ബി.ലിബി മോൾ |
| 17 | 111/11008/28.2.09 | റ്റി.കെ.രാജൻ, വയറിംഗ് കോൺട്രാക്ടർ | 240 | 06-07 | എൻ.ബി.ലിബി മോൾ |
| 18 | 126/126/12503/12. 3.09 | സുരേഷ് ടൂവീലർ വർക്ക് ഷോപ്പ് | 24+137+240=301 | 03-04, 04-05, 08-09 | എൻ.ബി.ലിബി മോൾ |

| | | | | | |
|---|---|---|---|---|---|
| 19 | 134/13353/26.3.09 | ടോമിഇൗപ്പൻ, ഫിനാൻസ് | 250 | 01-02 | എൻ.ബി.ലിബി മോൾ |
| 20 | 139/13815/31.3.09 | ഇ.എൻ.രവീന്ദ്രൻ, വെജിറ്റബിൾ ഷോപ്പ് | 24+24+48+37+360=493 | 97-98, 98-99,00 -01,03 -04,08-09 | എൻ.ബി.ലിബി മോൾ |
| 21 | 115/11463/4.3.09 | അഡ്വ.എം.കെ. ഗോപാലകൃഷ്ണൻ | 125+75+360+120+680 | 03-04,04 -05,06 -07,07-08 സെക്കന്റ് | എൻ.ബി.ലിബി മോൾ |
| 22 | 128/12747/21.3.09 | ബേബി ലൂക്കാ മുനിസിപ്പൽ കോൺട്രാക്റ്റർ | 300+600=900 | 07-08 സെക്കന്റ് 08-09 | എൻ.ബി.ലിബി മോൾ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 4 തീയതി 21.8.09 ന് നഗരസഭ നൽകിയ മറുപടിയിൽ കുടിശ്ശിക വരുത്തിയവർക്ക് യഥാസമയം നികുതി അസസ് ചെയ്ത് ബില്ലുകൾ നൽകിയിരുന്നതാണെങ്കിലും പല കാരണങ്ങൾ പറഞ്ഞ് ഒഴിവാക്കുകയും നിയമ നടപടികൾ സ്വീകരിച്ചു തുടങ്ങിയപ്പോൾ ഡിമാന്റോളം തന്നെ വരുന്ന പിഴപ്പലിശ ഒഴിവാക്കുകയാണെങ്കിൽ കുടിശ്ശിക തുക അടയ്ക്കാമെന്ന് ചിലർ അറിയിച്ച സാഹചര്യത്തിൽ കുടിശ്ശിക ഡിമാന്റ് രജിസ്റ്ററിൽ നിന്നും കുടിശ്ശിക ഒഴിവാകട്ടെ എന്നു കരുതിയാണ് പിഴപ്പലിശ ഒഴിവാക്കിയത് എന്ന് വിശദീകരിച്ചിട്ടുണ്ട്. കുടിശ്ശികക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കാൻ കാലതാമസം വരുത്തിയതിനു ശേഷം പിഴപ്പലിശ ഒഴിവാക്കിയ നഗരസഭയുടെ നടപടി ക്രമവിരുദ്ധമാണ്. നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിൽ പ്രായോഗിക വൈഷ്യമ്യങ്ങൾ നേരിടുന്നുവെന്ന അധികൃതരുടെ വിശദീകരണം ഓഡിറ്റിൽ അംഗീകരിക്കാനാവില്ല. കുടിശ്ശിക തുകയിൽ മേൽ ആനുപാതികമായ പിഴപ്പലിശ ഈടാക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. (കാലികമായ രസീത് പരിശോധനയുടെ ഭാഗമായാണ് മേൽ അപാകതകൾ ശ്രദ്ധിക്കപ്പെട്ടത്. കൂടുതൽ പരാമർശങ്ങൾ 2008-09, 2009-10 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിൽ, ആവശ്യമെങ്കിൽ ഉൾപ്പെടുത്തുന്നതാണ്)

2-2 **വസ്തു നികുതി**

**എ) നഗരസഭാ പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകൾ - വസ്തു നികുതി ഒടുക്കാത്തതിനാൽ നഗരസഭയ്ക്ക് നഷ്ടം**

**ഫയൽ നമ്പർ 6082/06**

പാലാ നഗരസഭാ പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന ഹോസ്റ്റലുകൾ വസ്തു നികുതി വർഷങ്ങളായി ഒടുക്കുന്നില്ല.

| | | |
|---|---|---|
| 1 | സെന്റ് തോമസ് കോളേജ് ഹോസ്റ്റൽ പാലാ | XX/288 |
| 2 | എസ്.എച്ച്.ഹോസ്റ്റൽ അരുണാപുരം | XX/239 |
| 3 | അൽഫോൺസാ ഹോസ്റ്റൽ, അരുണാപുരം | XX/245 |
| 4 | അഡോറേഷൻ ഹോസ്റ്റൽ, അരുണാപുരം | XX/262 |
| 5 | കർമ്മലാരം ഹോസ്റ്റൽ, അരുണാപുരം | Xix/69 |
| 6 | സെന്റ് ജോസഫ്സ് ഹോസ്റ്റൽ, പാലാ | XVII/164, 165,166 |

ടി വിഷയം 1997-98 ചെലവ് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 30 ൽ പരാമർശമുണ്ട്) 1994 ലെ കേരളാ നഗരപാലിക നിയമം വകുപ്പ് 235 (1) പ്രകാരം സർക്കാർ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിൽ ഉള്ള കെട്ടിടങ്ങൾക്ക് നികുതി ഒഴിവിന് അർഹതയുള്ളതാണ്. സെക്ഷൻ 235(1) ന്റെ വിശദീകരണത്തിൽ നികുതി ഒഴിവ്, ഉടമസ്ഥർ വാടക ഈടാക്കുന്ന കെട്ടിടങ്ങൾക്കും, കോളേജുകളോട് ചേർന്നതല്ലാത്ത ഹോസ്റ്റലുകൾക്കും അനുവദിക്കാവുന്നതല്ല. 26/2/07-ലെ നഗരസഭ റവന്യൂ ഇൻസ്പെക്ടറുടെ റിപ്പോർട്ടു പ്രകാരം മേൽ പരാമർശിച്ചിട്ടുള്ള ഹോസ്റ്റലുകൾ കോളേജിനോട് ചേർന്നതല്ല, കോളേജ് പ്രിൻസിപ്പാളിന്റെ പേരിലുമല്ല, കേളേജ് സ്റ്റ്യുഡൻസിനേക്കാൾ കൂടുതലായി

പ്രൈവറ്റ് കോച്ചിംഗ് സ്ഥാപനത്തിലെ കുട്ടികളാണ് താമസിക്കുന്നത് എന്ന് നഗരസഭയെ അറിയിച്ചിട്ടുള്ളതാണ്.ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിലെ നിരീക്ഷണങ്ങൾക്ക് തുടർച്ച യായി 1994-95 ഒന്നാം അർദ്ധവർഷം മുതലുള്ള നികുതി ഒടുക്കുന്നതിന് ടി സ്ഥാപന ങ്ങൾക്ക് 4.10.06 ൽ നോട്ടീസ് നൽകിയിരുന്നു. 16.10.06 ൽ ടി സ്ഥാപനങ്ങൾ സമർപ്പിച്ച മറു പടി കൗൺസിൽ മുമ്പാകെ സമർപ്പിച്ചിരുന്നു. 11.6.07 ൽ കൂടിയ നഗരസഭാ കൗൺസിൽ ഇത് സംബന്ധിച്ച് ചർച്ച ചെയ്യുകയും ഹോസ്റ്റൽ കെട്ടിടങ്ങളുടെ നികുതി ഈടാക്കുന്നത് പ്രത്യേക കേസായി പരിഗണിച്ച് നികുതി ഇളവ് അനുവദിക്കുന്നതിന് സർക്കാരിലേയ്ക്ക് ശുപാർശ ചെയ്യുവാൻ കൗൺസിൽ തീരുമാനിച്ചു.

ടി വിഷയം സംബന്ധിച്ച് നിയമോപദേശം തേടിയതിൽ ടി സ്ഥാപനങ്ങളിൽ നിന്നുള്ള വരുമാനം ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് മാത്രം ഉപയോഗിക്കുന്നുള്ളൂ എങ്കിൽ മാത്രമേ നികുതി ഒഴിവിന് അർഹതയുള്ളൂ എന്ന് അഡ്വ.ജോയി നടുക്കര നിയമോ പദേശം നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് 7.8.08 ലെ നഗര കാര്യ ഡയറക്ടറുടെ ജി1/11802/07 -ാം നമ്പർ കത്ത് പ്രകാരം കേരള നഗരപാലിക നിയമം വകുപ്പ് 235 (1)ൽ ഉടമ സ്ഥർ വാടക ഈടാക്കുന്ന കെട്ടിടങ്ങൾക്കും , വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥത യിലും കൈവശത്തിലുമല്ലാത്തതുമായ കെട്ടിടങ്ങൾക്കും നികുതി ഒഴിവ് അനുവദിക്കാവു ന്നതല്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽ ഹോസ്റ്റൽ കെട്ടിടങ്ങൾ വിദ്യാഭ്യാസ സ്ഥാപനങ്ങ ളോട് ചേർന്നുള്ളവയാണോയെന്ന് ഉറപ്പുവരുത്തേണ്ടതും, അങ്ങനെയല്ലെങ്കിൽ സെക്ഷൻ 235(1) പ്രകാരം നികുതി ഒഴിവ് അനുവദിക്കേണ്ടതില്ലെന്നും അറിയിച്ചിട്ടുണ്ട്. 19.9.08 ൽ അൽഫോൻസാ കോളേജ് അധികൃതർ നഗരസഭയ്ക്ക് നൽകിയ കത്തിൽ ടി ഹോസ്റ്റലുകൾ കേളേജിന്റെ അംഗീകൃത ഹോസ്റ്റലുകൾ മാത്രമാണെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്. 1994 ലെ കേരള നഗരപാലിക നിയമ പ്രകാരം കേളേജിന്റെ അംഗീകൃത ഹോസ്റ്റലുകൾക്ക് നികുതി ഒഴിവ് അനുവദിക്കേണ്ടതില്ല. 25.8.08 ൽ സ്ഥാപനങ്ങൾക്ക് നികുതി അടയ്ക്കാൻ നോട്ടീസ് നൽകിയതിനുശേഷം നഗരസഭയുടെ ഭാഗത്തു നിന്നും തുടർ നടപടികൾ ഒന്നും സ്വീകരിച്ചതായി കാണുന്നില്ല. മേൽ പരാമർശിച്ചിട്ടുള്ള ഹോസ്റ്റലുകളിൽ നിന്നും വസ്തു നികുതി പിഴപ്പലിശ സഹിതം ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം വസ്തു നികുതിയിന ത്തിലുള്ള നഷ്ടം സെക്രട്ടറിയുടെ വ്യക്തിപരമായ ബാദ്ധ്യതയായി കണക്കാക്കുന്നതുമാ ണ്.

**ബി) വസ്തു നികുതി - വാടകയ്ക്ക് നൽകുന്ന കെട്ടിടങ്ങൾക്ക് നിയമാനുസൃതമുള്ള അധിക നികുതി ചുമത്തുന്നില്ല-നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടം ഉണ്ടാകുന്നത്**

പാലാ നഗരസഭയുടെ വസ്തു നികുതി നിർണ്ണയ രജിസ്റ്റർ പരിശോധിച്ചതിൽ വാട കയ്ക്ക് നൽകുന്ന കെട്ടിടങ്ങളുടെ മേൽ നിയമാനുസൃതമുള്ള വസ്തു നികുതി ചുമത്തുന്ന തായി കാണുന്നില്ല. സ്വന്തം ഉപയോഗത്തിനുള്ള കെട്ടിടങ്ങൾക്കും , വാടകയ്ക്ക് നൽകുന്ന കെട്ടിടങ്ങൾക്കും ഒരേ നിരക്കിൽ ആണ് നികുതി ഈടാക്കി വരുന്നത്. 1994 ലെ കേരളാ നഗ രപാലിക നിയമം സെക്ഷൻ 234 (3) പ്രകാരം മറ്റൊരാളുടെ ഉപയോഗത്തിനായി വാട കയ്ക്കോ അല്ലാതെയോ നൽകുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി കണക്കാക്കേണ്ടത് നിലവിലുള്ള നികുതിയുടെ 25% അധികം കൂട്ടി ആകണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. എന്നാൽ നഗരസഭയിൽ ഇപ്രകാരം അധിക നികുതി ഈടാക്കുന്നതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നടത്തിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി കൊമേഴ്സ്യൽ കെട്ടിടങ്ങ ളുടെ വാർഷിക വാടകമൂല്യം നിർണ്ണയിക്കുമ്പോൾ തന്നെ വാടകയ്ക്കു നൽകുന്ന കെട്ടിട ങ്ങൾക്ക് ആനുപാതികമായ മൂല്യവർദ്ധന വരുത്തുന്നതിനാലാണ് വീണ്ടും അധികം നികുതി ചുമത്താത്തത് എന്ന് വിശദീകരിക്കപ്പെട്ടിരുന്നു.

എന്നാൽ നിയമത്തിൽ വ്യക്തമായി നിർവചിച്ചിട്ടുള്ള വ്യവസ്ഥകൾക്ക് വിരുദ്ധമായി നടപടികൾ സ്വീകരിച്ച മുനിസിപ്പൽ അധികൃതരുടെ വിശദീകരണം അംഗീകരിക്കാവുന്നത ല്ല. തന്നെയുമല്ല ഇപ്രകാരം നികുതി നിർണ്ണയിക്കുമ്പോൾ നികുതി നിരക്കുകളിൽ ഏറ്റക്കുറ ച്ചിലുകൾ വരുന്നതിനും സാധ്യതയുണ്ട്. നിയമാനുസൃതമല്ലാത്ത രീതിയിൽ നികുതി നിർണ്ണയം നടത്തിയതിന്റെ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നം/കെട്ടിട നം | ഉടമ സ്ഥന്റെ പേര് | ഭൂമിയുടെ വാർഷിക വാടക മൂല്യം | കെട്ടിട ത്തിന്റെ വാർഷിക വാടക മൂല്യം | ആകെ വാർഷിക വാടക മൂല്യം | വസ്തു നികുതി 15% | ലൈബ്രറി സെസ് |
|---|---|---|---|---|---|---|
| 14/68(1) | ജോസഫ് ജോർജ് കൂട്ടിനാൽ വീട് പാലാ പി.ഒ | 100 | 9120 | 9220 | 1383 | 69 |
| 14/68(2) കടമുറി 6.43എം2 | ജോസഫ് ജോർജ് കൂട്ടിനാൽ വീട് പാലാ 9220പി.ഒ | 50 | 3800 | 3850 | 578 | 29 |
| 14/68(3) കടമുറി 18.60 എം2 | ജോസഫ് ജോർജ് കൂട്ടിനാൽ വീട് പാലാ പി.ഒ | 200 | 9220 | 10120 | 1518 | 76 |
| 14/68(4) കടമുറി 26.30 എം2 | ജോസഫ് ജോർജ് കൂട്ടിനാൽ വീട് പാലാ | 200 | 15200 | 15400 | 2310 | 116 |
| 14/68(5) 1-ാം നില 164 എം2 | ജോസഫ് ജോർജ് കൂട്ടിനാൽ വീട് പാലാ | 0 | 7600 | 7600 | 1140 | 57 |

നഗരസഭയെ സാമ്പത്തിക പരാധീനതയിലേയ്ക്ക് നയിക്കുന്ന ഇത്തരം നികുതി ചോർച്ച ഒഴിവാക്കുവാൻ ഭരണവകുപ്പ് അടിയന്തിര ശ്രദ്ധ ചെലുത്തേണ്ടതാണ്.

**സി) വസ്തു നികുതി അപ്പീൽ പെറ്റീഷനിൽ അനുവദിക്കാവുന്ന ഇളവ് പരിധി അധികരിച്ച് ഇളവ് അനുവദിക്കൽ- മുനിസിപ്പൽ ഫണ്ടിന് നഷ്ടം**

2007-08 1-ാം അർദ്ധവർഷം നികുതിക നിർണ്ണയിച്ച പാലാ നഗരസഭയുടെ വസ്തു നികുതി നിർണ്ണയ രജിസ്റ്റർ പരിശോധിച്ചതിൽ, വസ്തു നികുതി പുന:പരിശോധിക്കണമെന്നാവശ്യപ്പെട്ട് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്ന അപ്പീൽ പെറ്റീഷനുകൾക്ക് അനുവദിക്കാവുന്ന പരമാവധി ഇളവിലും അധികം ഇളവ് അനുവദിച്ചുവരുന്നതായി കാണുന്നു. 27.11.06 ലെ ജി.ഒ (എം.എസ്) 271/2006 ഉത്തരവു പ്രകാരം അപ്പീൽ പെറ്റീഷനുമേൽ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയ്ക്ക് അനുവദിക്കാവുന്ന പരമാവധി ഇളവ് സെക്രട്ടറി നിശ്ചയിക്കുന്ന നികുതിയുടെ 20% ആണ്. എന്നാൽ താഴെ പറയുന്ന കെട്ടിടങ്ങൾക്ക് ഇരുപതു ശതമാനത്തിൽ അധികം ഇളവ് അനുവദിച്ചിട്ടുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| വാർഡ് നം/കെട്ടിട | ഉടമസ്ഥന്റെ പേര് | ആദ്യം നിർണ്ണ | ധനകാര്യ സ്റ്റാൻഡിംഗ് | അനുവദിച്ച ഇളവ് | അനുവദി | അധികം അനുവ |
|---|---|---|---|---|---|---|

| നം | | യിച്ച നികുതി | കമ്മിറ്റി നിർണ്ണയിച്ച നികുതി | | ക്കാവുന്ന ഇളവ് | ദിച്ച ഇളവ് |
|---|---|---|---|---|---|---|
| 1/184(1) | ലിക്സി ജോർജുകുട്ടി ആനിത്തോട്ടത്തിൽ കരൂർ, പാലാ | 5025 | 3975(10.8.07 ലെ 20-ാം നമ്പർ തീരുമാനം | 1050(20.89%) | 1005 | 45 |
| 1/117 | മറിയക്കുട്ടി മൈക്കിൾ ആൻഡ് റോസമ്മ മൈക്കിൾ പുളിക്കൽ, കരൂർ | 390 | 285(24.1.2008 ലെ 12-ാംനമ്പർ തീരുമാനം) | 105(27%) | 78 | 27 |
| 1/248(1) | ജോജോ മാത്യു മാനേജിംഗ് ഡയറക്ടർ വടക്കേകുന്നേൽ ടയേഴ്സ് | 765 | 555 (23.10.08 ലെ 1-ാം നമ്പർ തീരുമാനം) | 210 (27.45%) | 153 | 57 |
| 1/130(3) | പി.എം.ജോസുകുട്ടി,ഞാവള്ളി പുത്തൻപുര കരൂർ, പി.ഒ | 3150 | 2436(17.3.08 ലെ 1-ാം നമ്പർ തീരുമാനം) | 714(22.66%) | 630 | 84 |
| 4/173(1) | അലക്സ് ആന്റണി ചക്കുകുളം പാലാ | 2865 | 2145(24.10.2007 ലെ 28-ാം നമ്പർ തീരുമാനം) | 720(25.13%) | 573 | 147 |
| 7/250(1) | ഷാജി.ബി.നായർ വാകവയിൽ വീട്, പാലാ പി.ഒ, മൂന്നാനി | 3330 | 2655(10.8.2007 20-ാം നമ്പർ തീരുമാനം) | 675 (20.27%) | 666 | 9 |
| 7/238(5) | കെ.റ്റി.തോമസ് മേരിക്കുട്ടി തോമസ്, കാപ്പിൽ പറമ്പിൽ വീട്, പാലാ | 990 | 758(24.10.2007 ലെ 28-ാം നമ്പർ തീരുമാനം) | 232(23.43%) | 198 | 34 |
| 7/174 | ഉലഹന്നാൻ ദേവസ്യ വട്ടമറ്റത്തിൽ പാലാ | 540 | 399 (24.1.2008 ലെ 12-ാം നമ്പർ തീരുമാനം) | 141(26.1%) | 108 | 33 |
| 15/37(1) എ | ഫാ.പ്രോക്യുറേറ്റർ ബിഷപ്പ് ഹൗസ് പാലാ | 263 | 200 (17.3.2008 ലെ തീരുമാനം നം.1) | 63(23.9%) | 52.6 | 10 |

2-3 **തൊഴിൽ നികുതി**

**എ) ചട്ടങ്ങൾക്ക് അനുസൃതമായി തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല- നഗരസഭയ്ക്ക് നഷ്ടം 149160 രൂപ**

2005 ലെ കേരള നഗരസഭ തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3 അനുശാസിക്കും പ്രകാരം നഗരസഭാ പരിധിയിൽ പ്രാക്ടീസ് ചെയ്യുന്ന അഭിഭാഷകരിൽ നിന്നും 1250 രൂപാ വീതം അർദ്ധവാർഷിക തൊഴിൽ നികുതി ഈടാക്കാവുന്നതാണ്. നഗരസഭയിലെ 2007-08 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ 9,17,23 എന്നീ വാർഡുകളിലായി ആകെ 66 അഭിഭാഷകരിൽ നിന്നും രണ്ടു അർദ്ധവർഷങ്ങളിലും 120 രൂപ പ്രകാരം ആകെ 15840 രൂപയാണ് (120×2×66) ഡിമാന്റ് ചെയ്തിരിക്കുന്നത്. എന്നാൽ രണ്ട് അർദ്ധ വർഷങ്ങളിലും 1250 രൂപ പ്രകാരം 66 അഭിഭാഷകരിൽ നിന്നും ആകെ 165000 രൂപ (1250×2×66) ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതായിരുന്നു. അതായത് തൊഴിൽ നികുതി ഡിമാന്റ് ചെയ്തതിൽ 149160 രൂപ (165000-15840) കുറവുണ്ടായതായി കാണുന്നു. നിലവിലുള്ള ചട്ടങ്ങൾക്ക് അനുസൃതമായി തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാത്തതു മൂലം നഗരസഭയ്ക്ക് തൻവർഷം 149160 രൂപാ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഇപ്രകാരം നഗരസഭയ്ക്കുണ്ടായിട്ടുള്ള വരുമാന നഷ്ടം തിരികെ ഈടാക്കുവാൻ വിഷയം അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഭാവിയിൽ തൊഴിൽ നികുതി ചട്ടങ്ങൾക്ക് അനുസൃതമായി നികുതി ഈടാക്കേണ്ടതാണ്.

**ബി) സ്വകാര്യ ഡോക്ടർമാരിൽ നിന്നും ചട്ടപ്രകാരമുള്ള നിരക്കിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.**

2005-ലെ കേരള നഗരസഭ തൊഴിൽ നികുതി ചട്ടങ്ങളിൽ 3-ാം ചട്ട പ്രകാരമുള്ള നിരക്കിൽ സ്വകാര്യ ഡോക്ടർമാരിൽ നിന്നും പെട്രോൾ പമ്പ് ഉടമയിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പേര്/അഡ്രസ് | സ്ഥാപനം | ഈടാക്കേണ്ടിയിരുന്ന നികുതി (ഫസ്റ്റ് ആഡ് സെക്കന്റ്) | ഈടാക്കിയ നികുതി / | രസീത് നം/തീയതി | കുറവ് |
|---|---|---|---|---|---|
| ഡോക്ടർ റോബിൻ തെരുവിൽ പാലാ | ഡന്റൽ ക്ലീനിക്ക് | 1250+1250 | 180<br>180 | 3906/11.7.07<br>14674/31.12.07 | 1010<br>1010 |
| ഡോ.സി.വി. മാത്യു ചെമ്പകശ്ശേരിൽ പൂവരണി പി.ഒ | ഹോമിയോ ക്ലീനിക്ക് | 1250+1250 | 120<br>120 | 3910/11.7.07<br>14663/31.12.08 | 1130<br>1130 |
| ഡോ.അലക്സ് എബ്രഹാം, വൈപ്പന, പുലിയന്നൂർ | ഡെന്റൽ ക്ലീനിക്ക് | 1250+1250 | 1000<br>1000 | 4999/7.8.07<br>14636/27.12.08 | 250<br>250 |
| ഡോ.ബാബു. തോമസ് | ഹോമിയോ ക്ലീനിക്ക് | 1250+1250 | 120<br>120 | അടച്ചില്ല.<br>അടച്ചില്ല | 1130<br>1130 |
| ഡോ.പ്രിയങ്ക പൈലി നത്തനാട്ട് ,പാലാ | മാത ആയുർവേദ ഹോസ്പിറ്റൽ | 1250+1250 | 450<br>450 | 13118/23.11.07<br>15312/2.1.08 | 800<br>800 |
| ജോസ് | പെട്രോൾ | 1250+1250 | 1000 | 3933/13.7.07 | 250 |

| | | | | | |
|---|---|---|---|---|---|
| സെബാസ്റ്റ്യൻ തോട്ടുങ്കൽ പാല | പമ്പ് | | 1000 | 15329/3.1.08 | 250 |
| | | ആകെ | | | 9260/-രൂപ |

ചട്ടപ്രകാരമുള്ള നിരക്കിൽ തൊഴിൽ നികുതി ഈടാക്കാത്തതുമൂലം നഗരസഭയ്ക്ക് 9260 രൂപ നഷ്ടമുണ്ടായിട്ടുണ്ട്. നഷ്ടം ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

2-4 **പരസ്യ നികുതി ഇളവ്- കരാർ ചമച്ചിട്ടില്ല**

ശരാശരിയിലുമധികം വിറ്റുവരവുള്ള ഐശ്വര്യ ടെക്സ്റ്റയിൽസ്, പാലാ ബേക്കേഴ്സ്, ഹോട്ടൽ സംഗം, ഹോട്ടൽ ആര്യാസ് എന്നീ പ്രമുഖ സ്ഥാപനങ്ങളെ പാലാ വലിയപാലത്തിന്റെ കൈവരികളിൽ സി.എഫ്.ലാമ്പുകൾ സ്ഥാപിക്കുന്നതിന് സംഭാവന നൽകിയിട്ടുണ്ടെന്ന കാരണത്താൽ പരസ്യനികുതി ഒടുക്കുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. 2006-07 വർഷം നികുതി ഡിമാന്റ് ചെയ്തു കൊണ്ടുള്ള നോട്ടീസിൻമേൽ ടി സ്ഥാപനങ്ങൾ നൽകിയ പരാതി പരിഗണിച്ച് 27.2.07 ൽ കൗൺസിൽ കൈക്കൊണ്ട 4-ാം നമ്പർ തീരുമാന പ്രകാരം ലാമ്പുകൾ സുഗമമായി പ്രകാശിക്കുന്ന കാലത്തോളം പരസ്യ നികുതി ഇളവ് ചെയ്യുന്നതിന് അനുവദിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ പ്രകാരം സി.എഫ്.ലാമ്പുകൾ സ്ഥാപിക്കുന്നതിന് ടി സ്ഥാപനങ്ങൾ സംഭാവന ചെയ്തതു സംബന്ധിച്ച് യാതൊരുവിധ രേഖകളും നഗരസഭയിൽ സൂക്ഷിച്ചിട്ടില്ല. വാക്കാലുള്ള ഉറപ്പ് മാത്രമാണെന്നാണ് അധികൃതർ നൽകിയ വിശദീകരണം.

കൗൺസിൽ തീരുമാന പ്രകാരം പരസ്യ നികുതികയിൽ ഇളവു നൽകിയിട്ടുണ്ടെങ്കിലും സി.എഫ്.ലാമ്പുകളുടെ അറ്റകുറ്റപ്പണികൾ സ്ഥാപനങ്ങൾ സ്വന്തം ചെലവിൽ നടത്തേണ്ടതും ലാമ്പുകൾ മുടക്കം കൂടാതെ പ്രകാശിപ്പിക്കേണ്ടതാണെന്നുമുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ച് നിയമാനുസൃതം കരാർ ചമച്ചിട്ടില്ല. നികുതി ഇളവ് നിശ്ചിത കാലയളവിലേയ്ക്ക് അനുവദിക്കേണ്ടതും നിയമുനുസൃതം കരാർ ചമയ്ക്കേണ്ടതുമാണ്.

**2-5 വാടക**

**എ). മുനിസിപ്പാലിറ്റി വക കൊമേഴ്സ്യൽ കോംപ്ലക്സിലെ മുറികളുടെ ലൈസൻസ് വ്യവസ്ഥയിലുള്ള കൈമാറ്റം സംബന്ധിച്ച ബൈലോ - സർക്കാരിന്റെ അംഗീകാരം വാങ്ങിയിട്ടില്ല- നഗരസഭയുടെ സാമ്പത്തിക താൽപ്പര്യങ്ങൾക്ക് അനുസൃതമല്ല.**

നഗരസഭ പുതുതായി നിർവഹിച്ച കൊമേഴ്സ്യൽ കോംപ്ലക്സിലെ മുറികളുടെ ലൈസൻസ് വ്യവസ്ഥയിലുള്ള കൈമാറ്റം, മുറികളുടെ ഉപയോഗം എന്നിവ നിയന്ത്രിച്ച് ക്രമപ്പെടുത്തി പുതുക്കി തയ്യാറാക്കിയ പൊതുവ്യവസ്ഥകൾ ഉൾക്കൊള്ളുന്ന ബൈലോക്ക് 7.2.2008 ൽ ചേർന്ന കൗൺസിൽ അംഗീകാരം നൽകിയിരുന്നു. എന്നാൽ ഇതിന് സർക്കാർ അംഗീകാരം വാങ്ങിയിട്ടില്ല എന്ന് രേഖകൾ പരിശോധിച്ചതിൽ കാണുന്നു. കേരളാ പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 572 പ്രകാരം നഗരസഭകൾ തയ്യാറാക്കുന്ന ബൈലോകൾ സർക്കാരിന്റെ മുൻകൂർ അനുവാദത്തോടെ മാത്രമേ പ്രാബല്യത്തിൽ വരുത്താവൂ എന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. കൂടാതെ ടി ബൈലോ സർക്കാർ ഗസറ്റിൽ വിജ്ഞാപനം ചെയ്യേണ്ടതും ഉണ്ട്. എന്നാൽ മേൽപ്പറഞ്ഞ ബൈലോക്ക് ഇപ്രകാരം അംഗീകാരം വാങ്ങുകയോ ഗസറ്റിൽ പരസ്യപ്പെടുത്തുകയോ ചെയ്യാതെയാണ് കടമുറികൾ ലേലം ചെയ്തത് എന്നു കാണുന്നു. നഗരസഭയുടെ ഈ നടപടി നിയമപ്രകാരമുള്ളതല്ല. പുതുക്കിയ ബൈലോയിലെ ലേലംവിളിച്ചയാൾക്ക് 3-ാം വ്യവസ്ഥ പ്രകാരം 5 കൊല്ലത്തേയ്ക്ക് കെട്ടിടം കൈവശം വച്ച് ഉപയോഗിക്കുന്നതിനുള്ള അവകാശം ഉറപ്പിച്ച് നൽകുന്നുണ്ട്. ഇത് പ്രകാരം അഞ്ചു വർഷത്തേയ്ക്ക് കെട്ടിടവാടക പുതുക്കുന്നതിന് നഗരസഭയ്ക്ക് കഴിയാതെ വരുന്നു. നഗരസഭയുടെ കീഴിലുള്ള മറ്റെല്ലാ കടമുറികൾക്കും 3 വർഷ കാലാവധിയിലാണ് ലൈസൻസ് നൽകുന്നതും പുതുക്കുന്നതും.

ബൈലോയിലെ 17-ാം വ്യവസ്ഥപ്രകാരം മുനിസിപ്പൽ കൗൺസിലിന്റെ രേഖാമൂലമുള്ള അനുവാദത്തോടുകൂടി 18 മാസത്തെ ലൈസൻസ് ഫീസ് കൈമാറ്റഫീസായി നഗരസഭയിൽ അടച്ച് 9% പ്രതിമാസ ലൈസൻസ് ഫീ വർദ്ധനവോടെ മുറികൾ കീഴ്കുത്തകയ്ക്ക് നൽകാവുന്നതാണ് എന്നും വ്യവസ്ഥ ചെയ്യുന്നു. മുറികൾ കീഴ്കുത്തകയ്ക്ക് എടുക്കുന്ന വ്യക്തിയും നഗരസഭയും തമ്മിൽ കരാറിൽ ഏർപ്പെടുന്നത് സംബന്ധിച്ചും ഡെപ്പോസിറ്റ് സംബന്ധിച്ച വ്യവസ്ഥകളും ബൈലോയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇപ്രകാരം കീഴ്കുത്തക അനുവദിക്കുന്നത് നഗരസഭ ആസ്തിയുടെ ദുരുപയോഗത്തിനും അനാവശ്യ നിയമയുദ്ധത്തിനും വഴി തെളിക്കുന്നതാണ്.

ഈ സാഹചര്യത്തിൽ ടി ബൈലോ നഗരസഭയുടെ സാമ്പത്തിക താൽപ്പര്യങ്ങൾക്ക് അനുസൃതമായി പുതുക്കി സർക്കാർ അംഗീകാരം തേടുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബി) **നഗരസഭയിൽ നിന്നും വിരമിച്ച ജീവനക്കാരന് ഷോപ്പിംഗ് കോംപ്ലക്സിലെ കട മുറി അനധികൃതമായി അനുവദിച്ച് നൽകിയത്**

പാലാ നഗരസഭയിൽ ആഫീസ് സൂപ്രണ്ട് ആയിരിക്കെ 31.10.2007 ൽ സർവീസിൽ നിന്നും വിരമിച്ച ശ്രീ.എം.കെ.ബാബുവിന്, അദ്ദേഹത്തിന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ മുനിസിപ്പൽ ഓഫീസ് കോംപ്ലക്സിലെ ഒരു മുറി വാടകയ്ക്ക് നൽകുന്നതിന് 29.9.07 ൽ ചേർന്ന കൗൺസിൽ തീരുമാനിച്ചിരുന്നു. ഏകദേശം 8 ച.മീറ്റർ വിസ്തീർണ്ണമുള്ള മുറിക്ക് (എസ്.12 മുറിയുടെ കിഴക്ക് ഭാഗത്ത്) ഡെപ്പോസിറ്റ് ഒഴിവാക്കി പ്രതിമാസം 415/-രൂപ നിരക്കിൽ വാടക ഈടാക്കുന്നതിനും തീരുമാനിച്ചിരുന്ന(4 മാസത്തെ അഡ്വാൻസ് വാടക വാങ്ങിയിട്ടുണ്ട്.)നഗരസഭയുമായി ടിയാൻ 21.12.2007 ൽ 3 വർഷ കാലാവധിയിൽ കരാർ വയ്ക്കുകയും മുറിയുടെ അവകാശം ഏറ്റെടുക്കുകയും ചെയ്തിരുന്നു.

1994 ലെ കേരള നഗരപാലിക നിയമം സെക്ഷൻ 215 (2 സി) പ്രകാരം വാടകക്കാരനെ പുനരധിവസിപ്പിക്കുന്ന സാഹചര്യങ്ങളിലോ വാടക ലൈസൻസ് പുതുക്കുന്ന അവസരങ്ങളിലോ ഒഴികെ മറ്റവസരങ്ങളിൽ കടമുറികൾ വാടകയ്ക്ക് നൽകുന്നത് പരസ്യമായ ലേലത്തിലൂടെയോ ടെണ്ടർ മുഖേനയോ ആയിരിക്കണമെന്ന് അനുശാസിക്കുന്നുണ്ട്. എന്നാൽ ഇതിന് വിരുദ്ധമായി നഗരസഭാ ജീവനക്കാരന് കടമുറി അനുവദിച്ച് നൽകിയ കൗൺസിലിന്റെ തീരുമാനം നിയമവിരുദ്ധമാണ്. കൂടാതെ ഡെപ്പോസിറ്റ് ഈടാക്കാതെ കട മുറിയുടെ അവകാശം അനുവദിച്ച് നൽകിയതും ശരിയായ നടപടിയല്ല. ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയെ അഭിമുഖീകരിക്കുന്ന നഗരസഭയ്ക്ക് ഡെപ്പോസിറ്റ് ഇനത്തിൽ വൻതുക നഷ്ടമാകുകയാണ്. നിയമ പ്രകാരമല്ലാതെയുള്ള ഇത്തരം തീരുമാനങ്ങൾ ഭാവിയിൽ ഒഴിവാക്കുന്നതിനും വാടകക്കാരനിൽ നിന്നും അനുയോജ്യമായ ഡെപ്പോസിറ്റ് വാങ്ങുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

2-6) **ഡി.ആന്റ്.ഓ ലൈസൻസ് ഫീ**

**എ) ഡി.ആന്റ്.ഒ ലൈസൻസ് ഫീസ് നിരക്കുകൾ കാലാനുസൃതമായി പുതുക്കാത്തത് സംബന്ധിച്ച്**

1994-ലെ കേരള മുനിസിപ്പാലി നിയമം 20--ാം അദ്ധ്യായത്തിൽ (വകുപ്പ് 442 മുതൽ 457വരെ) പരാമർശിച്ചിട്ടുള്ള വിവിധയിനം ലൈസൻസുകളുടെ നിരക്ക് നിശ്ചയിച്ചുകൊണ്ടും മറ്റ് നടപടിക്രമങ്ങൾ അംഗീകരിച്ചുകൊണ്ടും പാലാ നഗരസഭ 20.10.1998-ലെ 41-ാം നമ്പർ ഗസറ്റിൽ എച്ച് 3/827/95 നമ്പർ തീയതി 9.9.98 ആയി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനത്തിലെ ഖണ്ഡിക പതിനൊന്നിന്റെ ഭാഗമായ പട്ടികയിൽ 191 തരം തൊഴിൽ, വ്യാപാരം എന്നിവയുടെ ലൈസൻസ് ഫീസ് നിർണ്ണയിച്ചിട്ടുള്ളതാണ്. ടി നിരക്ക് നിലവിലും പ്രാബല്യത്തിലിരിക്കുന്നു. ഇപ്രകാരം നിർണ്ണയിച്ചിട്ടുള്ള ലൈസൻസ് ഫീസ് ബന്ധപ്പെട്ട നിയമത്തിന് വിധേയമായും, കാലാനുസൃതമായും പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

എന്നാൽ പാലാ നഗരസഭയിൽ 1.4.99-ൽ പ്രാബല്യത്തിൽ വന്ന ഫീസ് നിരക്കുകളാണ് നാളിതുവരെ തുടർന്നുവരുന്നത്. വിവിധ ഫീസിനങ്ങളെ സംബന്ധിച്ച് കൗൺസിൽ

യുക്തമായ തീരുമാനങ്ങളെടുക്കുന്നതിനും, ആവയയിൽ കാലാനുസൃതമായ പരിഷ്ക്കാരങ്ങൾ വരുത്തുന്നതിനായി അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

**ബി) ഡി.ആന്റ് ഓ.പി.എഫ്.എ. ലൈസൻസ് നൽകുന്നത് നടപടിക്രമങ്ങളിലെ അപാകതകൾ.**

ലൈസൻസിനായി ലഭിക്കുന്ന അപേക്ഷകളിൽ പ്രാഥമിക നടപടികൾ സ്വീകരിക്കുന്നതായി കാണുന്നില്ല. അപേക്ഷകളിൻമേൽ അന്വേഷണ ഉദ്യോഗസ്ഥൻ ആവശ്യമായ പരിശോധന നടത്തി വിവരം റിപ്പോർട്ട് ചെയ്യുന്നില്ല. വാടക സ്ഥലത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ലൈസൻസിനായി അപേക്ഷ സമർപ്പിക്കുമ്പോൾ കെട്ടിട ഉടമയുടെ സമ്മതപത്രം ഹാജരാക്കണമെന്ന് നിയമം (1.4.1999 ൽ നിലവിൽ വന്ന ബൈലോ പ്രകാരം അനുശാസിക്കുന്നുണ്ടെങ്കിലും ആയത് പാലിക്കപ്പെടുന്നില്ല. ലൈസൻസ് നൽകുന്നതിനുള്ള നടപടി ക്രമങ്ങൾ നിയമപ്രകാരമായിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

സി) **യഥാവിധി ലൈസൻസ് സമ്പാദിക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് സംബന്ധിച്ച്**

ഓഡിറ്റിന് ലഭ്യമാക്കിയ ഡി.സി.ബി പത്രിക പ്രകാരം ലൈസൻസ് ഫീസിനത്തിൽ 2465/- രൂപ കുടിശ്ശികയുള്ളതായി കാണിച്ചിട്ടുണ്ട്. ടിയിനത്തിൽ കുടിശ്ശിക ഉണ്ടാകാൻ പാടുള്ളതല്ല. നിശ്ചിത നിരക്കിലുള്ള ലൈസൻസ് ഫീ ഒടുക്കി ലൈസൻസ് സമ്പാദിക്കാത്ത സ്ഥാപനങ്ങളും നഗരസഭാ പ്രദേശത്ത് പ്രവർത്തിച്ചിരുന്നതായി വ്യക്തമാക്കുന്നു. ഇക്കാര്യം ഭരണവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

**2-7 സ്വകാര്യവണ്ടിത്താവളങ്ങളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കാതിരുന്നത് സംബന്ധിച്ച്**

1994-ലെ കേരള മുനിസിപ്പൽ ആക്റ്റ് സെക്ഷൻ 475 അനുസരിച്ച് നഗരസഭയുടെ ലെസൻസ് ഇല്ലാതെ സ്വകാര്യ വണ്ടിത്താവളങ്ങൾ തുറന്നു പ്രവർത്തിക്കാൻ പാടില്ലാത്തതാകുന്നു. ബന്ധപ്പെട്ട സെക്ഷൻ ഒന്നാം ഉപവകുപ്പനുസരിച്ച് സ്ഥലം ഉടമ വണ്ടിത്താവളം പ്രവർത്തനം ആരംഭിക്കുന്നതിന് 6 ആഴ്ചയ്ക്ക് മുമ്പായി ലൈസൻസിനുള്ള അപേക്ഷ നൽകേണ്ടതും നഗരസഭ ആയതിൻമേൽ, ആവശ്യമായ പരിശോധനകൾക്കുശേഷം പ്രത്യേക വ്യവസ്ഥകൾക്ക് വിധേയമായി ലൈസൻസ് അനുവദിക്കേണ്ടതുമാണ്. ലൈസൻസ് നൽകുന്ന പക്ഷം ടി സെക്ഷന്റെ 5-ാം ഉപവകുപ്പനുസരിച്ച് വർഷം 3000/- രൂപ നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കിയിരിക്കേണ്ടതാണ്.

പാലാനഗരസഭയുടെ അധികാരാതിർത്തിയിൽ പ്രവർത്തിക്കുന്ന സ്വകാര്യവണ്ടിത്താവളങ്ങളുടെ വിവരവും അവയുടെ ലൈസൻസ് ഫീ ഈടാക്കുന്നത് സംബന്ധിച്ച വിവരവും ആരാഞ്ഞുകൊണ്ട് 22.8.09 ൽ 6/09-ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ നിന്നും സ്വകാര്യ വണ്ടിത്താവളങ്ങളുടെ കെട്ടിടനികുതിയും തൊഴിൽ നികുതിയും മാത്രമേ ഈടാക്കിപ്പോകുന്നുള്ളൂ എന്ന് വ്യക്തമാകുന്നു. ലഭ്യമാക്കിയ രേഖകൾ പ്രകാരം സ്വകാര്യമേഖലയിൽ താഴെ പറയുന്ന 3 വണ്ടിത്താവളങ്ങൾ പ്രവർത്തിക്കുന്നുണ്ട്. (ബ്രാക്കറ്റിൽ നടത്തിപ്പുകാരന്റെ പേര്)

1. മതിയാ കാർപാർക്കിംഗ് സെന്റർ, ബൈപാസ് റോഡ്, (ദേവസ്യാ ദേവസ്യാ,കളമാക്കൽ, മേരിലാന്റ് പി.ഒ)
2. കെ.ആർ.റ്റി.സി സ്റ്റാന്റിന് സമീപമുള്ള പാർക്കിംഗ് സ്ഥലം(ജോർജ്ജുകുട്ടി മേച്ചേരിൽ, കിഴപറയാർ,
3. ബൈപാസ് റോഡ്
(പി.ജി.ജോൺ) പുഴക്കര

നിയമാനുസരണം ഈടാക്കേണ്ട ലൈസൻസ് ഫീസ് ഈടാക്കാത്തതിനാൽ 2007-08 വർഷം സ്വകാര്യമേഖലയിലുള്ള മേൽപ്പറഞ്ഞ വണ്ടിത്താവളങ്ങളുടെ ലൈസൻസ് ഫീസിനത്തിൽ ആകെ 9000/- രൂപ (3ണ്മ300) നഷ്ടം വന്നിട്ടുണ്ട്. തൻവർഷത്തെയും തുടർന്നുള്ള വർഷങ്ങളിലേയും ലൈസൻസ് ഫീ ഈടാക്കുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്. മേൽപറഞ്ഞവ കൂടാതെ ലൈസൻസില്ലാതെ മറ്റ് വണ്ടത്താവള

ങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയവ കണ്ടെത്തി ലൈസൻസ് ഫീ ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2.8) **സ്വകാര്യ ആശുപത്രികൾ/പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷനില്ലാതെ പ്രവർത്തിച്ചിരുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങൾ.**

1994-ലെ കേരളാ നഗരപാലികാ നിയമം സെക്ഷൻ 311 പ്രകാരം സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കുവാൻ പാടുള്ളതല്ല. രജിസ്റ്റർ ചെയ്യപ്പെട്ട സ്ഥാപനങ്ങൾ ഓരോ വർഷവും സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പായി രജിസ്ട്രേഷൻ പുതുക്കേണ്ടതാണ്. എന്നാൽ 2007-08 വർഷം നിലവിലുണ്ടായിരുന്നതും രജിസ്ട്രേഷൻ പുതുക്കാതെയിരുന്നതുമായ സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| | സ്ഥാപനം | തുടങ്ങിയ വർഷം |
|---|---|---|
| 1 | മാതാ ആയുർവേദാശുപത്രി പാലാ | 28.6.98 |
| 2 | ഹോളി ഫാമിലി ഹോസ്പിറ്റൽ പാലാ | 1.11.1976 |
| 3 | അശോകാ ഫാർമസി പാല | 28.10.1986 |
| 4 | മേരിമാതാ ഡന്റൽ ക്ലിനിക്ക് മുനിസിപ്പൽ കോപ്ലക്സ് പാലാ | 18.10.88 |
| 5 | വിമലാ ഹോമിയോ ക്ലിനിക്ക് സിവിൽ സ്റ്റേഷന് എതിർവശം പാലാ | 21.1.98 |
| 6 | കോട്ടയ്ക്കൽ ആര്യ വൈദ്യശാല, റ്റി.ബി.റോഡ്, പാലാ | 24.10.69 |
| 7 | ശ്രീധരി വൈദ്യശാല പാലാ | 10.7.1967 |
| 8 | ശാന്തി ഹോമിയോ ക്ലിനിക്ക് പാലാ | 15.11.98 |
| 9 | ഈസ്റ്റേൺ ഹോമിയോപ്പതിക്ക് കൺസൾട്ടേഷൻ സെന്റർ | 1.7.99 |
| 10 | പോൾസ് ഡന്റൽ ആൻഡ് ഓർത്തോ ഡോൺട്രിക്ക് സെന്റർ | 3.1.2000 |

സ്ഥാപനങ്ങളുടെ പേരുമാറ്റമോ അടച്ചുപൂട്ടലോ ഉണ്ടായാൽ അതുണ്ടായി 15 ദിവസത്തിനകം നടത്തിപ്പുകാരൻ സെൽക്രട്ടറിയെ രേഖാമൂലം അറിയിക്കേണ്ടതാണ്. (കേരളാ മുനിസിപ്പാലിറ്റി രജിസ്ട്രേഷൻ ഓഫ് പ്രൈവറ്റ് ഹോസ്പിറ്റൽസ് ആന്റ് പ്രൈവറ്റ് പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂഷൻസ് ചട്ടങ്ങളിൽ ചട്ടം 3 (11) എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പ്രകാരം ഇപ്രകാരം സ്ഥാപനം പ്രവർത്തിക്കുന്നില്ല എന്നതിന് തെളിവില്ലാത്തതിനാൽ മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ രജിസ്ട്രേഷനില്ലാതെ തൻവർഷം പ്രവർത്തിച്ചതായി വിലയിരുത്തുന്നു. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ 314-ാം വകുപ്പനുസരിച്ചുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ബി) നഗരസഭയിൽ രജിസ്റ്റർ ചെയ്യാതെ പ്രവർത്തിച്ചിരുന്ന സ്ഥാപനങ്ങൾക്കെതിരെ 1994- ലെ നഗരപാലികാ നിയമം 314-ാം വകുപ്പനുസരിച്ചുള്ള നിയമനടപടികൾ സ്വീകരിക്കാതിരുന്നത് സംബന്ധിച്ച്.**

1994-ലെ കേരള നഗരപാലികാനിയമം സെക്ഷൻ 311 പ്രകാരം സ്വകാര്യ ആശുപത്രികളും സ്വകാര്യപാരാമെഡിക്കൽ സ്ഥാപനങ്ങളും മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കുവാൻപാടുള്ളതല്ല.ഇതിന് വിരുദ്ധമായി രജിസ്ട്രേഷനില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ സംഗതിയിൽ, കുറ്റ സ്ഥാപനത്തിനുമേൽ സെക്ഷൻ 314 അനുസരിച്ച് 5000/- രൂപ വരെ പിഴ ഈടാക്കാവുന്നതാണ്. എന്നാൽ നഗരസഭാപ്രദേശത്ത് രജിസ്ട്രേഷനില്ലാതെ സ്ഥാപനങ്ങൾക്കെതിരെ സെക്ഷൻ 314 അനുസരിച്ചുള്ള നിയമനടപടികൾ സ്വീകരിക്കാതെ, പഴയവർഷങ്ങളിലെ രജിസ്ട്രേഷൻ ഫീസുകൾ ഒരുമിച്ച് വാങ്ങി ക്രമീകരിച്ചത് ശരിയായ നടപടിയല്ല. ഇപ്രകാരം നിയമവിരുദ്ധമായി പ്രവർത്തിച്ച സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| | സ്ഥാപനം | തുടങ്ങിയ വർഷം | രജിസ്റ്റർ ചെയ്യ പ്പെട്ട വർഷം | ഈടാക്കിയ ഫീസ് |
|---|---|---|---|---|
| 1 | ഈസ്റ്റേൺ ഹോമിയോപ്പതി കൺസൽട്ടേഷൻ സെന്റർ പാലാ | 2003-04 | 2008-09/18.3.08 | 700 രൂപ |
| 2 | കാരിത്താസ് ഡന്റൽ ക്ലിനിക്ക് പാലാ | 2001-02 | 2008-09/12.2.08 | 600/- |
| 3 | കൃഷ്ണ, കൃപ പെരുമരം മേവട | 2006-07 | 2008-09/12.2.08 | 500/- |

നഗരസഭാ പ്രദേശത്ത് പ്രവർത്തിച്ചുവരുന്നതും പുതുതായി പ്രവർത്തനം ആരംഭിക്കുന്നതുമായ എല്ലാ സ്വകാര്യ ആശുപത്രികളുടേയും, പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും ആധികാരികമായ ഒരു ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതും ബന്ധപ്പെട്ട രജിസ്ട്രേഷൻ ചട്ടങ്ങൾ പാലിക്കുന്നുണ്ടോയെന്നും ആയത് കൈകാര്യം ചെയ്യുന്ന സെക്ഷൻ ഉദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതും, ചട്ടങ്ങൾ ലംഘിക്കുന്നവർക്കെതിരെ നിയമാനുസരണം നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം 3- ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

| | |
|---|---|
| 3-1 (എ)(ബി) | സേവന പുസ്തക പരിശോധന |
| 3-2 | ശമ്പള പരിഷ്ക്കരണ കുടിശ്ശിക- വീട് വാടകബത്ത- അധികനിരക്കിൽ നൽകിയത്. |
| 3-3 | ശമ്പള ബിൽ പ്രകാരമുള്ള തുക പിൻവലിക്കൽ-വിതരണത്തിലെ അപാകതകൾ |
| 3-4 | മുൻകൂർ ക്രമീകരിക്കാത്തത് |
| 3-5 | മുനിസിപ്പൽ വാഹനങ്ങളുടെ പരിപാലനം-ചട്ടങ്ങൾ പാലിച്ചിട്ടില്ല. |
| 3-6 | ശുചീകരണ തൊഴിലാളികൾക്ക് കാർബോളിക്ക് സോപ്പ് വാങ്ങൽ |
| 3-7 | അഭിഭാഷകർക്ക് പ്രതിഫലം നൽകൽ-അപാകതകൾ |
| 3-8 | ഒറിജിനൽ വൗച്ചറുകൾ ലഭ്യമാക്കാത്തത്. |
| 3-9 | ടെലിഫോൺ ബില്ലിലെ അസാധാരണമായ വർദ്ധനവ് സംബന്ധിച്ച്. |
| 3-10(എ) | പെൻഷൻ വിതരണം-നഗരസഭാഫണ്ടിന് അധിക ബാദ്ധ്യത |
| 3-10 (ബി)(1) മുതൽ (5) വരെ | പെൻഷൻ വിതരണം മറ്റ് അപാകതകൾ |
| 3-11 | പദ്ധതി ചെലവുകൾ |
| (എ) | വ്യവസായ എസ്റ്റിമേറ്റിന് സ്ഥലം വാങ്ങൽ |
| (ബി) | റിവർവ്യൂ റോഡ് അറ്റകുറ്റപണികൾ |
| (സി) | സ്ട്രീറ്റ്ലൈറ്റ് മീറ്റർ -സ്ഥാപിക്കൽ |
| (ഡി) | സി.എഫ്.എൽ വാങ്ങൽ |
| (ഇ) | എസ്.എസ്.എ.വിഹിതം വിനിയോഗ വിവരം ലഭ്യമല്ലാത്തത്. |
| (എഫ്) | കെ.യു.ആർ.ഡി.എഫ്.സി ലോൺ തിരിച്ചടവ് സംബന്ധിച്ച് |
| 3-12) | കാറ്റഗറി ബി. ഫണ്ട്. |
| (എ) | സാമൂഹ്യ ക്ഷേമ പെൻഷൻ വിതരണം |
| (ബി) | |
| (സി) | |
| (ഡി) | |
| (ഇ) | |
| (എഫ്) | തൊഴിൽ രഹിത വേതനം അധികം നൽകിയത് |
| (ജി) | പെൻഷൻ വിതരണം കാലതാമസവും മറ്റും |
| (എച്ച്) | |
| (ഐ) | |
| 3-13 | കുടുംബശ്രീ |
| 3-14 | എൻ.എസ്. ഡി.പി. |

### 3-1 (എ) സേവനപുസ്തക പരിശോധന (റഗുലർ ജീവനക്കാർ)

(1) എം.ജി.പ്രതാപൻ, എം.ഇ.

ടിയാൻ 11.10.06 മുതൽ 2.1.07 വരെ ശൂന്യവേതനാവധിയിലായിരുന്നു എന്ന് സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആർജ്ജിതാവധികണക്കാക്കിയപ്പോൾ ഈ ദിവസങ്ങൾ കുറവ് ചെയ്ത് കാണുന്നില്ല.

(2) ജോൺസൺ യു.ഡി.സി

സേവനപുസ്തകത്തിൽ 11.2.03 ലാണ് ടിയാൻ സർവീസിൽ പ്രവേശിച്ചത് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ടിയാന് 25.10.2004 മുതൽ 27.10.2004 വരെ 3 ദിവസവും 22.11.04 മുതൽ 27.11.2004 വരെ 6 ദിവസവും പരിവർത്തിതാവധി അനുവദിച്ചിട്ടുള്ളതായി കാണുന്നു. കേരളാ സർവീസ് റൂൾസ് (പാർട്ട് 1), റൂൾ 84, 86 എ പ്രകാരം മൂന്നുവർഷത്തെ സേവനത്തിന് ശേഷം മാത്രമേ പരിവർത്തിതാവധി അനുവദിക്കാൻ പാടുള്ളൂ. ആയതിനാൽ ടിയാന് അനുവദിച്ചിട്ടുള്ള അവധി അർഹതപ്പെട്ട മറ്റ് അവധിയായി ക്രമീകരിക്കേണ്ടതാണ്.

(3) സിൽബി തങ്കച്ചൻ, പ്യൂൺ

(1) ടിയാളുടെ അർദ്ധവേതനാവധി അക്കൗണ്ടിൽ 12.3.07 മുതൽ 24.3.07 വരെ 13 ദിവസം പരിവർത്തിതാവധി എടുത്തിട്ടുള്ളത് ചേർത്തിട്ടുണ്ട്. ആയത് അക്കൗണ്ടിൽ കുറവ് ചെയ്ത

പ്പോൾ 13 ×2=36 എന്ന് കാണിച്ച് 10 ദിവസത്തെ അധിക അർദ്ധവേതനാവധി കുറച്ചിരിക്കുന്നു.
(2) ടിയാളുടെ ആർജ്ജിതാവധി അക്കൗണ്ടിൽ 1.4.07 മുതൽ30.11.07 വരെ 244 ദിവസം എന്ന് കണക്കാക്കിയതിൽ 26.7.07 മുതൽ 31.7.07 വരെയും, 15.11.07 മുതൽ 17.11.07 വരെയുള്ള പരിവർത്തിതാവധി ദിനങ്ങൾ (ആകെ 9 ദിവസം) കുറവ് ചെയ്തിട്ടില്ല. ലീവ് അക്കൗണ്ട് പുനർക്രമീകരിക്കേണ്ടതാണ്.
4. ആർജ്ജിതാവധി പുന:നിർണ്ണയിച്ചിട്ടില്ല.

ജി.ഒ. (പി) 75/07/ഫിൻ തീയതി 27.2.07 പ്രകാരം മൂന്നുവർഷത്തെ തുടർച്ചയായ സേവനമുള്ളവരുടെ ആർജ്ജിതാവധി 1/11 ആയി പുനർ നിർണ്ണയിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. ഇപ്രകാരം പാലാനഗരസഭയിലെ മൂന്നുവർഷത്തിലധികം തുടർച്ചയായി സേവനമുള്ള ജീവനക്കാരുടെ ആർജ്ജിതാവധി പുനർ നിർണ്ണയിക്കേണ്ടതാണ്
(ബി) സേവനപുസ്തകങ്ങളുടെ പരിശോധന (കണ്ടിജന്റ് വിഭാഗം)

**ക**ണ്ടിജന്റ് ജീവനക്കാരുടെ സേവനപുസ്തകങ്ങൾ ശരിയായ രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തി സൂക്ഷിക്കുന്നില്ലായെന്ന് കാണുന്നു. മിക്ക ജീവനക്കാരുടെയും അവധി കണക്കുകളിൽ വ്യാപകമായ തെറ്റുകൾ കടന്നുകൂടിയിട്ടുണ്ട്. 7.6.2007 ലെ സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) നം.153/2007/തസ്വഭവ പ്രകാരം 7.6.2007 മുതലാണ് കണ്ടിജന്റ് ജീവനക്കാർക്ക് 1/11 അനുപാതത്തിൽ ആർജ്ജിതാവധിക്ക് അർഹതയുള്ളത്. എന്നാൽ പ്രസ്തുത തീയതിക്കു വർഷങ്ങൾ മുമ്പ്തന്നെ രണ്ടാം വർഷം മുതലുള്ള ആർജ്ജിതാവധി 1/11 അനുപാതത്തിൽ ആർജ്ജിതാവധിക്ക് അർഹതയുള്ളത്. എന്നാൽ പ്രസ്തുത തീയതിക്കു വർഷങ്ങൾ മുമ്പ് തന്നെ രണ്ടാം വർഷം മുതലുള്ള ആർജ്ജിതാവധി 1/11 അനുപാതത്തിലാണ് അനുവദിച്ചു നൽകിയിരിക്കുന്നത്. ജീവനക്കാർക്ക് സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിന്റെ ഭാഗമായുള്ള നടപടിക്രമങ്ങളുടെ പകർപ്പ് സേവനപുസ്തകത്തിൽ സൂക്ഷിച്ചിട്ടില്ല. ശമ്പളം തിട്ടപ്പെടുത്തിയ പത്രിക മാത്രമാണ് സേവനപുസ്തകത്തിലുള്ളത്.

4.7.2000-ലെ സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) നം.127/2000/തസ്വഭവ, 7.6.2007 ലെ സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) നം.153/2007/തസ്വഭ എന്നീ ശമ്പള പരിഷ്ക്കരണ ഉത്തരവുകൾ പ്രകാരം നടത്തിയ ശമ്പളനിജപ്പെടുത്തലുകൾക്ക് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ അംഗീകാരം വാങ്ങിയിട്ടില്ല.
അവധി അക്കൗണ്ടുകൾ പുന:പരിശോധിച്ച് അപാകതകൾ പരിഹരിക്കേണ്ടതും സേവനപുസ്തകങ്ങൾ ശമ്പളനിർണ്ണയാംഗീകാരത്തിനായി സമർപ്പിക്കേണ്ടതുമാണ്.

## 3-2 ശമ്പളപരിഷ്ക്കരണ കുടിശ്ശിക, വീട്ടുവാടക ബത്ത അധിക നിരക്കിൽ നൽകിയത് - തിരികെ ഈടാക്കേണ്ടതാണ്.

സർക്കാർ ഉത്തരവ് (പി) നം.3000/98 ഫിൻ തീയതി 25.11.98 പ്രകാരമുള്ള ശമ്പള പരിഷ്ക്കരണ ഉത്തരവിൽ പുതുക്കിയ നിരക്കിലുള്ള അലവൻസുകൾക്ക് 1.11.98 മുതൽ മാത്രമേ പ്രാബല്യമുള്ളൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നഗരസഭയിലെ ജെ.പി.എച്ച് എൻ (ഹ.ഗ്രേ) ആയ ശ്രീമതി.സതീദേവി എൻ.ജി.യ്ക്ക് 1.3.97 മുതൽ 16.7.98 വരെയുള്ള കാലഘട്ടത്തിലെ ശമ്പള പരിഷ്ക്കരണ കുടിശ്ശിക നൽകിയപ്പോൾ 1.3.97 മുതൽ തന്നെ പുതുക്കിയ നിരക്കിലുള്ള വീട്ടുവാടകബത്ത നൽകിയതായി കാണുന്നു. ഇതിൻന്ന പ്രകാരം 3/97 മുതൽ 7/98 വരെ 130/- രൂപാ എച്ച്.ആർ.എ അനുവദിക്കേണ്ടിടത്ത് 260/- രൂപാ നൽകുകയും 4/97, 4/98 മാസങ്ങളിലെ 15 ദിവസത്തെ ആർജ്ജിതാവധി സറണ്ടറിന് 65/- രൂപ എച്ച്.ആർ.എ ഇനത്തിൽ അനുവദിക്കേണ്ട സ്ഥാപനത്തിന് 130/- രൂപയും അനുവദിച്ചത് വഴി 2340/- രൂപാ അധിക ചെലവ് ഉണ്ടായതായി കാണുന്നു. ഈ തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-3 അക്വിറ്റൻസ് രജിസ്റ്ററിൽ ചേർക്കാതെ എസ്റ്റാബ്ലിഷ്മെന്റ് ശമ്പള ബിൽ ഇനത്തിലുള്ള തുക വിതരണം ചെയ്തത്.

എസ്റ്റാബ്ലിമെന്റ് ബിൽ പ്രകാരം പിൻവലിക്കപ്പെട്ട തുകകൾ സർവീസിൽ നിന്നും വിരമിച്ചവർക്ക് നൽകിയപ്പോൾ അക്വിറ്റൻസ് ബിൽ ചേർത്തല്ല വിതരണം ചെയ്തത് എന്ന് കാണുന്നു. ചെക്കിന്റെ കൗണ്ടർ ഫോയിലിൽ കയ്യൊപ്പ് വാങ്ങി ശമ്പള ഇനത്തിലുള്ള തുകകൾ വിതരണം ചെയ്യുന്നത് ക്രമപ്രകാരമല്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| | വൗച്ചർ നമ്പർ | ഉദ്യോഗസ്ഥന്റെ പേര് | പിൻവലിച്ച തുക |
|---|---|---|---|
| 1 | 75/10-07 | ശ്രീ.പി.എസ്.അബ്ദുൾകരിം സൂപ്രണ്ട് | 17748/- |
| 2 | 81/2-08 | ശ്രീ.രജ്ഞിത്ത് ബാബു | 180236/- |

എസ്റ്റാബ്ലിഷ്മെന്റ് ബിൽ പ്രകാരം ശമ്പളം ഇനത്തിലും മറ്റിനങ്ങളിലും പണമാക്കുന്ന തുകകളുടെ വിതരണ വിവരം അക്വിറ്റൻസ്ബിൽ രേഖപ്പെടുത്തേണ്ടതും വിടുതൽ ചെയ്തതും വിരമിച്ചതുമായ ജീവനക്കാരിൽ നിന്ന് പ്രത്യേക രസീത് വാങ്ങി രജിസ്റ്ററിൽ പതിക്കേണ്ടതുമാണ്.

## 3-4 മുൻകൂർ നൽകിയിട്ടുള്ള തുകകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ലാത്തത് സംബന്ധിച്ച്

നഗരസഭയുടെ മുൻകൂർ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. വർഷങ്ങളായി മുൻകൂർ ഇനത്തിതതതൽ നൽകിയ തുകകൾ അഡ്വാൻസ് രജിസ്റ്ററിൽ ചേർത്ത് ക്രമീകരിക്കപ്പെടാതെ നിൽക്കുന്നത് ക്യാരിഓവർ ചെയ്ത് എഴുതിയിട്ടില്ല. മുൻവർഷങ്ങളിൽ അഡ്വാൻസ് രജിസ്റ്റർ ജീർണ്ണവാസ്ഥയിലായതിനാൽ ക്രീകരിക്കപ്പെടാതെ നിൽക്കുന്ന ബാലൻസ് തുക എത്രയാണെന്ന് തിട്ടപ്പെടുത്താൻ സാധിക്കുന്നില്ല. 2007-08 വർഷം മുൻകൂർ ഇനത്തിൽ നൽകിയതും രജിസ്റ്റർ പ്രകാരം നാളിതുവരെ നിയതമാക്കാതെയും അവശേഷിക്കുന്ന മുൻകൂർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | വൗച്ചർ | തുക | കൈപ്പറ്റിയ ആൾ | ഉദ്ദേശ്യം |
|---|---|---|---|---|
| 1 | 108/5/07 | 10000/- | എ.ജയകുമാർ, പി.ഡബ്ള്യു.ഒ.1 | 10-ാം വാർഡിലെ അംഗനവാടി കെട്ടിട ഉത്ഘാടനച്ചെലവ് |
| 2 | 28/5/07 | 15000/- | ടോമി ലൂക്കോസ് എൽ.ഡി.സി | നിർമ്മാണം പൂർത്തിയാക്കിയ വിവിധ റോഡുകളുടെ ഉത്ഘാടനം |
| 3 | 76/6/07 | 6834 | ടോമി ലൂക്കോസ്, എൽ.ഡി.സി. | കെ.എൽ.5-ബി.8240 ജീപ്പിന്റെ ഇൻഷുറൻസ് പുതുക്കുന്നതിനുള്ള ചെലവ് |
| 4 | 13/7/07 | 5000 | ടോമി ലൂക്കോസ്, എൽ.ഡി.സി | മുനിസിപ്പൽ ഓഫീസിലേയ്ക്കുള്ള പൈപ്പ് ലൈൻ റിപ്പയർ അഡ്വാൻസ് തുക |
| 5 | 22/5/07 | 7011 | കെ.ജെസ്സി, എച്ച്.ഐ. | കെ.എൽ.5-ഇ 9818 ടിപ്പർ ലോറിയുടെ ഇൻഷുറൻസ് തുക |
| 6 | 30/9/07 | 15000 | എം.പി.ഗോപാലകൃഷ്ണൻ, പി.ഡബ്ള്യു.ഒ -2 | കൊട്ടാരമറ്റം കംഫർട്ട് സ്റ്റേഷന്റെ അറ്റകുറ്റപ്പണി |
| 7 | 38/10/07 | 10000 | പി.എസ്.വിശ്വം, ജെ.എച്ച്.ഐ | കേരളോൽത്സവം 2007 |
| 8 | 79/10/07 | 600 | എൻ.ലാലു | റ്റി.എ.അഡ്വാൻസ് |
| 9 | 84/10/07 | 130000 | എ.ജയകുമാർ, പി.ഡബ്ള്യു.ഓ-2 | ഡമ്പിങ് യാർഡിൽ സ്ഥലം വാങ്ങിയതിന്റെ ആധാരച്ചെലവ് |

| | | | | |
|---|---|---|---|---|
| 10 | 85/10/07 | 135000 | എ.ജയകുമാർ, പി.ഡബ്ള്യൂ.ഒ-2 | വൃദ്ധസദനത്തിന് സ്ഥലം വാങ്ങുന്നതിന് ആധാരചെലവ് |
| 11 | 45/11/07 | 500 | കെ.സി.ജസ്സി, എച്ച്.ഐ. | ട്രാക്ടറിന്റെ ടെസ്റ്റിങ് ഫീ. |
| 12 | 23.12.07 | 1766 | കെ.സി.ജെസി, ജെ. എച്ച്.ഐ. | കെ.എൽ.5എ-2254 ആംബുലൻസ് ഇൻഷ്വറൻസ്. |
| 13 | 30/12/07 | 3500 | തോംസൺ ജോർജ്ജ്, എൽ.ഡി.സി | പുസ്തക പ്രദർശന മേളയിൽ നിന്നും സി.ഡികളും ബുക്കുകളും വാങ്ങുന്നതിന് |
| 14 | 80/12/07 | 300 | എൻ.ലാലു | റ്റി.എ. അഡ്വാൻസ് |
| 15 | 40/1/08 | 1500 | ജെസ്സി സെബാസ്റ്റ്യൻ, എൽ.ഡി.സി. | ദേശീയപതാക വാങ്ങുന്നതിന് |
| 16 | 65/1/08 | 1000 | ടോലി ലൂക്കോസ് | കെ.എൽ.5-8391 അംബാസിഡർ കാറിന്റെ സർവീസിംഗ് ചാർജ്. |
| 17 | 83/1/08 | 5000 | പി.എസ്. ജോൺസൺ, ആർ.ഐ. | വസ്തു നികുതി കുടിശ്ശിക നിവാരണം |
| 18 | 68(4)2/08 | 1484 | ടോലി ലൂക്കോസ് | വസ്തു നികുതി കുടിശ്ശിക നിവാരണം |
| 19 | 38/3/08 | 1000 | ടോലി ലൂക്കോസ് | ചെയർപേഴ്സന്റെ കാർ സർവീസ് നടത്തുന്നതിന് |
| 19 | 54/3/08 | 1800 | റ്റി.ഡി.ഷാജിക്ക് എൽ.ഡി.സി | ഓഫീസ് ആവശ്യത്തിലേയ്ക്കായി 5 താഴുകൾ വാങ്ങുന്നതിന് |
| 20 | 80/3/08 | 19000 | ജെയിൻ ജോസഫ്, യു.ഡി.സി | ബജറ്റ് അനുബന്ധ ചെലവുകൾ |
| 21 | 85/3/08 | 5000 | റ്റി.ഡി.ഷാജിക്ക് എൽ.ഡി.സി | ചെയർപേഴ്സന് പുതിയ മൊബൈൽ ഫോൺ വാങ്ങുന്നതിന് |
| 22 | 93/3/08 | 20000 | ജയകുമാർ എ. പി.ഡബ്ള്യൂ.ഒ -1 | ഡമ്പിഗ് ഗ്രൗണ്ട് വികസനം സ്ഥലം ഏറ്റെടുക്കൽ |
| | ആകെ | 3,96,295/- | | |

മുൻകൂർ രജിസ്റ്റർ പ്രകാരം ക്രമീകരിക്കപ്പെടാതെ അവശേഷിക്കുന്ന തുകകൾ ക്രമീകരിക്കപ്പെടുകയും ആയതിന്റെ വിവരങ്ങൾ ചേർത്ത് ബന്ധപ്പെട്ട രജിസ്റ്റർ പൂർത്തീകരിക്കേണ്ടതുമാണ്. ആകെ തുകയായ 3,96,295/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

ബി) അഡ്ജസ്റ്റ്മെന്റ് വൗച്ചറുകൾ ഹാജരാക്കിയിട്ടില്ല-ചെലവ് തടസ്സപ്പെടുത്തുന്നു.

നഗരസഭവക കെ.എൽ.5 എൻ-1242-ാം നമ്പർ അംബാസിഡർ കാറിന്റെ അറ്റകുറ്റപ്പണികൾക്കായി വർക്ക് സൂപ്രണ്ട് ശ്രീ.ടോമി ലൂക്കോസിന്, അഡ്വാൻസ് തുകയായി 24.1.07 ൽ ചെക്ക് നം.392099 പ്രകാരം (വൗച്ചർ നം.9/1-07) 10000/- രൂപ നൽകിയിരുന്നു. 16.4.07 ൽ ശ്രീ.ടോമി ലൂക്കോസ് സമർപ്പിച്ച അപേക്ഷ പ്രകാരം വണ്ടിയുടെ സസ്പെഷൻ, സെന്റർ ബോൾട്ട്, വാട്ടർ പമ്പ്, എ.സി കംപ്രസ്സർ റിപ്പയറിംഗ് ഡിക്കി ലെവലിങ്ങ് തുടങ്ങിയ ജോലികൾ ചെയ്തതിനായി 13916/- രൂപ ചെലവായിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ചെക്ക് നമ്പർ 47867/22.5.07 പ്രകാരം ബാക്കി തുകയായ 3916/- രൂപ

(വൗച്ചർ നമ്പർ 107/5.07) അനുവദിച്ചിട്ടുണ്ട്. എന്നാൽ ടി റിപ്പയറിങ്ങുമായി ബന്ധപ്പെട്ട ക്വട്ടേഷൻ, വൗച്ചറുകൾ എന്നിവ ഫയലിലോ, ബില്ലിലോ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ 13916/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**3-5 മുനിസിപ്പൽ വാഹനങ്ങളുടെ റിപ്പയറിംങ് -അംഗീകൃത വർക്ക്ഷോപ്പുകളിൽ റിപ്പയറിങ് നടത്താത്തത്- സംബന്ധിച്ച്**

കേരളാ, മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും, പരിപാലനവും) ചട്ടങ്ങൾ 2000 പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാതെയാണ് നഗരസഭയിലെ വാഹനങ്ങളുടെ റിപ്പയറിംങ് നടത്തുന്നത്. റിപ്പയറിംങ് നടത്തുന്ന വർക്ക് ഷോപ്പുകൾ ഒന്നും തന്നെ സർക്കാർ അംഗീകൃത വർക്ക്ഷോപ്പുകൾ അല്ല. ടി ചട്ടങ്ങളിലെ റൂൾ 10 പ്രകാരം അംഗീകാരമില്ലാത്ത വർക്ക്ഷോപ്പ് മുഖേന ചെയ്യിക്കുന്ന പണികൾക്ക് മുനിസിപ്പൽ എഞ്ചിനിയർ മതിപ്പ് ചെലവ് കണക്കാക്കി, മൽസരസ്വഭാവമുള്ള ക്വട്ടേഷനുകൾ ആവശ്യമാണ്. എന്നാൽ നടപടിക്രമങ്ങൾ പാലിക്കാതെയാണ് പാലാ നഗരസഭയിലെ വാഹനങ്ങളുടെ റിപ്പയർ ജോലികൾ ചെയ്യുന്നത്. ആയതിനാൽ താഴെ പറയുന്ന വാഹനങ്ങളുടെ റിപ്പയറിങ്ങുമായി ബന്ധപ്പെട്ട 120638/- ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| | വാഹനം | വൗച്ചർ നമ്പർ | ചെക്ക്നം/തീയതി | തുക | വർക്ക്ഷോപ്പിന്റെ പേര് |
|---|---|---|---|---|---|
| 1 | കെ.എൽ.5 എഫ് -6758 ടാറ്റാ സുമോ | 42/3-08 | 128919/12.3.08 | 16620/- | സൂര്യാ ഓട്ടോ ഗാലേജ് വള്ളോപ്പാട് പാലാ |
| 2 | കെ.എൽ.5 ജി-5336 ട്രാക്ടർ | 116/12-07 | 444952/31.12.07 | 20276 | ഓട്ടോ കെയർ സെന്റർ തൊടുപുഴ റോഡ്, പാലാ |
| 3 | കെ.എൽ.5 എഫ്.6758 ടാറ്റാ സുമോ | 9/9-07 | 442341/28.9.07 | 14047 | സൂര്യാ ഓട്ടോ ഗാരേജ് വള്ളാപ്പാട്, പാലാ |
| 4 | കെ.എൽ.5 എ-2254 ആംബുലൻസ് | 37/7-07 | 48865/6.7.07 | 16730 | ഓട്ടോ കെയർ സെന്റർ പാലാ |
| | | 54/1-08 | 444985/14.1.08 | 5246 | ഓട്ടോ കെയർ സെന്റർ പാലാ |
| 5 | കെ.എൽ.5 ഇ-9818 ടിപ്പർ ലോറി | 62/10-07 | 442397/10.10.07 | 27900 റിപ്പയറിംങ് ചാർജ്) | നവോദയാ മോട്ടോർസ് മുരിക്കുംപുഴ,, പാലാ |
| | | 63/10-07 | 442398/10.10.07 | 19819/- (സ്പെയർ പാർട്ട്സ്) | ഫോക്കസ് ഓട്ടോ മൊബൈൽസ് പാലാ |
| | ആകെ | | | 120638/- | |

**3-6) അഭിഭാഷകർക്ക് പ്രതിഫലം -അധിക തുക അനുവദിച്ചിരിക്കുന്നത് സംബന്ധിച്ച്**

2007-08 വർഷത്തെ കണ്ടിജന്റ് വൗച്ചറുകളുടെ പരിശോധനയിൽ, നഗരസഭയുടെ വിവിധ കേസുകളുമായി ബന്ധപ്പെട്ട് ജി.ഒ.പി321/03/ത.സ്വ.ഭവ/31.10.03 പ്രകാരം നിശ്ചയിക്കപ്പെട്ടിട്ടുള്ള പരമാവധി നിരക്കിനേക്കാൾ അധികരിച്ചാണ് അഭിഭാഷകർക്ക് പ്രതിഫലം നൽകിയിരിക്കുന്നതെന്ന് കാണുന്നു. അപ്പീൽ കേസുകൾക്ക് പരമാവധി 2000/- രൂപയും ഹൈക്കോടതിയിൽ കേസ് നടത്തുന്നതിന് പരമാവധി 3000/- രൂപയും സങ്കീർണ്ണമായ

നിയമപ്രശ്നങ്ങൾ അടങ്ങിയ കേസുകൾക്ക് ഡയറക്ടറുടെ അനുമതിയോടെ കൂടുതൽ ഫീസ് നൽകാം എന്ന് പ്രസ്തുത ജി.ഒ.വ്യവസ്ഥ ചെയ്യുന്നുണ്ടെങ്കിലും, ഇപ്രകാരം പ്രത്യേക അനുമതിയോടെയാണോ അധിക ഫീസ് നൽകിയിരിക്കുന്നത് എന്ന് പരിശോധിക്കാൻ ബന്ധപ്പെട്ട ഫയലുകളുടെ അഭാവത്തിൽ കഴിഞ്ഞിട്ടില്ല. സ്യൂട്ട് രജിസ്റ്റർ ഹാജരാക്കിയിരുന്നെങ്കിലും ആയതിൽ ഇത് സംബന്ധിച്ച വിവരങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല. ഇപ്രകാരം നിയമാനുസൃതപരിധിയിലധികരിച്ച് വക്കീൽ ഫീസ് നൽകിയിരിക്കുന്നതിന് ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| കേസു നമ്പർ | കേസുമായി ബന്ധപ്പെട്ട വിഷയം | അനുവദിച്ച തുക | വൗച്ചർ നമ്പർ | അഭിഭാഷകന്റെ പേര് |
|---|---|---|---|---|
| റിവിഷൻ ഹർജി നം.15/07 | വസ്തു കരം ഈടാക്കുന്നതിനെതിരെ ശ്രീ.എം.സി.ജോർജ്ജ്,മറയാനിക്കൽ, തദ്ദേശസ്വയം ഭരണ ട്രൈബ്യൂണലിൽ ഫയൽ ചെയ്ത കേസ് | 6000/- | 21/3/08 | എസ്. ശരത്കുമാർഇ |
| ഡബ്ള്യൂ.പി.സി നം.21145/03. | ശ്രീ.ബിനു പുളിക്കണ്ടം താലൂക്കാശുപത്രി മതിൽ നിർമ്മാണവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ | 3500 | 93/01-08 | വി.എം. കുര്യൻ |
| ഡബ്ള്യു.പി(സി) നം.15285/07 | ഐസ്ക്രീം പാർലറിന് ലൈസൻസ് നൽകുന്നതുമായി ബന്ധപ്പെട്ട് നഗരസഭക്കെതിരെ ശ്രീ.റജി ജോസ് നൽകിയ കേസ്. | 3500 | 95/1-08 | വി.എം. കുര്യൻ |
| ഡബ്ള്യു.പി (സി) 31590/04 | ഹോണറേറിയം കൈപ്പറ്റുന്നതിനെതിരെ എ.സി.ജോസ് അടയ്ക്കാമുണ്ടയ്ക്കൽ ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസ് | 4000 | 81/9-08 | വി.എം. കുര്യൻ |
| ഒ.പി നം.(110/09) | ഇലക്ഷൻ കമ്മീഷൻ മുമ്പാകെ മേൽ വിഷയം സംബന്ധിച്ച് ഫയൽ ചെയ്ത കേസ് | 1000 | 49/10-08 | വി.എം. കുര്യൻ |
| ആകെ | | 18000 | | |

മേൽപ്പറഞ്ഞ കേസുകൾക്ക് അധിക തുക വക്കിൽഫീസായി നൽകുവാനുണ്ടായ സാഹചര്യം/ഡയറക്ടറുടെ മുൻകൂർ അനുമതി ലഭിച്ചതിന്റെ രേഖകളും ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. ആകെ 18,000 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

**3-7 വൗച്ചർ ഉൾപ്പെടെയുള്ള സുപ്രധാന രേഖകളുടെ അഭാവത്തിൽ ചെക്കുപ്രകാരം പിൻവലിച്ച തുകയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.**

**വൗച്ചർ നമ്പർ** -81/3/08 തുക - 48213

**ചെക്ക് നമ്പർ** - 0316849/24.3.08

മേൽ വൗച്ചർ പ്രകാരം ഗവ.ഹോമിയോ ആശുപത്രിയുടെ 1/4/07 മുതൽ 31.12.07 വരെയുള്ള വാടക കുടിശ്ശിക നൽകുന്നതിനായി ചെക്ക് നമ്പർ 316849/24.3.08 പ്രകാരം 48213/-രൂപ പിൻവലിച്ചിട്ടുണ്ട്. എന്നാൽ ചെലവുമായി ബന്ധപ്പെട്ട 8/3/08-ാം നമ്പർ വൗച്ചർ ഓഡിറ്റിൽ ലഭ്യമായിട്ടില്ല. പകരം ഇതേ ആവശ്യത്തിനായി മുൻപ് തയ്യാറാക്കുകയും പിന്നീട് ക്യാൻസൽ ചെയ്യുകയും ചെയ്യപ്പെട്ട 76/3/08 (ചെക്ക് 316848)-ാം വൗച്ചറാണ് ലഭ്യമാക്കിയത്.

ഓഡിറ്റിന് ഹാജരാക്കിയ ബന്ധപ്പെട്ട ഫയലിൽ 1.4.07 മുതൽ 31.12.07 വരെയുള്ള വാടക കുടിശ്ശിക അനുവദിക്കുന്നത് സംബന്ധിച്ച യാതൊരു പരാമർശങ്ങളും ഉണ്ടായിരുന്നില്ല.(കറന്റ് ഫയലിലും നോട്ട് ഫയലിലും) എന്നു മാത്രമല്ല.ഇതിനായി പിൻവലിച്ചിട്ടുള്ള 48213/- രൂപ കെട്ടിട ഉടമയോ ഹോമിയോ ആശുപത്രി അധികൃതരോ കൈപ്പറ്റിയിട്ടുള്ളതായും രേഖയില്ല.

ഇത് സംബന്ധമായി 28.11.08 ൽ എൽ.എഫ്.കെ.എംഎൽ3/08-ാം നമ്പരായി നൽകിയ എൻക്വയറി പ്രകാരം ചെലവ് അനുവാദം സംബന്ധിച്ച കമ്മിറ്റി തീരുമാനവും പ്രസ്തുത കാലയളവിലെല വാടക പരാമർശിക്കുകയും ഫയലും ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നു. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി 20.2.08 ലെ 1-ാം നമ്പർ തീരുമാന പ്രകാരം ചെലവിന് അനുവാദം നൽകിയിട്ടുണ്ട്. എന്നാൽ ഹാജരാക്കിയ ഫയലിൽ ഇത് സംബന്ധമായ യാതൊരു പരാമർശങ്ങളും കണ്ടില്ല.

മേൽപ്പറഞ്ഞ തരത്തിൽ ചെലവ് സാധൂകരിക്കുന്ന സുപ്രധാന രേഖകളുടെ അഭാവത്തിൽ ഇതിനായി പിൻവലിച്ച 48213/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3-8 **പെൻഷൻ വിതരണം- നഗരസഭ ഫണ്ടിന് അധിക ബാദ്ധ്യത**

പാലാ നഗരസഭയിൽ നിന്നും വിതരണം ചെയ്യുന്ന റിട്ടയർ ചെയ്ത ജീവനക്കാരുടെ (കണ്ടിജന്റ് വിഭാഗം ഒഴികെ) പെൻഷൻ സംബന്ധമായ കണക്കുകൾ പരിശോധിച്ചതിൽ ഓരോവർഷവും ഈയിനത്തിൽ വൻ സാമ്പത്തിക ബാധ്യത നഗരസയ്ക്ക് ഉണ്ടാകുന്നുണ്ട് എന്ന് ഓഡിറ്റിൽ കാണപ്പെട്ടു. നിലവിലുള്ള നിയമമനുസരിച്ച് ജീവനക്കാരുടെ അടിസ്ഥാന ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ മാസവും പെൻഷൻ കോൺട്രിബ്യൂഷൻ തുക സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്ക് അടവ് വരുത്തുന്നുണ്ട്. എന്നാൽ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും പെൻഷൻ നൽകുന്നതിനായി ലഭിക്കുന്ന തുക തുലോം പരിമിതമാണ്. കൂടുതൽ ആവശ്യമായി വരുന്ന തുക മുനിസിപ്പൽ ഫണ്ടിൽ നിന്നുമാണ് വകയിരുത്തുന്നത്. ഇപ്രകാരം പെൻഷൻ നൽകുന്നതുവഴി വൻ തുക നഗരസഭയ്ക്ക് അധിക ബാധ്യത വരുന്നുണ്ട്. ഇത് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**വർഷം 2007-08**

| | |
|---|---|
| നടപ്പുവർഷം പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ സെൻട്രൽ പെൻഷൻ ഫണ്ടിൽ അടവാക്കിയത് | 889482 |
| പെൻഷൻ വിതരണം ചെയ്തത് | 3414786 |
| ആകെ | 4304268 |
| സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിച്ച തുക | 1873247 |
| എ.നഗരസഭയ്ക്ക് അധിക ബാധ്യതത | 2431021 |
| ബി. 2006-07 വർഷത്തെ അധിക ബാധ്യത | 1914487 |
| സി.2005-06 വർഷത്തെ അധിക ബാധ്യത | 1992122 |
| ആകെ (എ+ബി+സി) | 6337630 |

ഇപ്രകാരം നഗരസഭയ്ക്ക് ഓരോ വർഷവും അധിക ബാദ്ധ്യത വരുന്നത് സംബന്ധിച്ച് സർക്കാരിൽ അറിയിക്കുകയും ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിന് സർക്കാരിനെ പ്രേരിപ്പിക്കേണ്ടതുമാണ്.. ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയെ നേരിടുന്ന നഗരസഭയ്ക്ക് മേൽ പ്രസ്താവിച്ച തരത്തിലുള്ള അധിക ബാദ്ധ്യത വരുന്നത് ഭൂഷണമല്ല.

**3-9) (1) ഫണ്ട് വിനിമയം**

നഗരസഭാ റെഗുലർ ജീവനക്കാരുടെ പെൻഷൻ ഫണ്ടിന്റെ കണക്കുകൾ പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി. ടി.പി.497--ാം നമ്പരായി ട്രഷറിയിൽ ഉള്ള അക്കൗണ്ടിന്റെ വിശദീകരണം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| പ്രാരംഭ നീക്കിയിരിപ്പ് | : | 10866-00 |
| വരവ് | ; | 4182167.00 * നഗരകാര്യ ഡയറക്ടർ അനുവദിച്ച് തുക 124183 രൂപ മാത്രമാണ് ബാക്കി തുക നഗരസഭ ഫണ്ടിൽ നിന്നും വകമാറ്റിയതുമാണ്. |
| ആകെ | ; | 4193033.00 |
| ചെലവ് | : | 3962371.00 |
| അവസാന ബാക്കി | ; | 230662.00 |

ഓഡിറ്റ് വർഷത്തിൽ ഒരു ഫാമിലി പെൻഷണറും ഒരു പെൻഷണറും മരണപ്പെട്ടിട്ടുണ്ട്. കൂടാതെ ഒരു ഫാമിലി പെൻഷണർ വിദേശത്തു പോയിരിക്കുകയാൽ അവരുടെ

പെൻഷൻ തടഞ്ഞുവച്ചിട്ടുമുണ്ട്. ശ്രീ.പി.എസ്.ശശീധരൻ നായർ എസ്.ഇ മുഹമ്മദ് കാസിം എന്നിവർ പുതുതായി പെൻഷണർമാരുടെ പട്ടികയിൽ സ്ഥാനം പിടിച്ചിട്ടുണ്ട്. 03/2008 ൽ 41 പെൻഷണർമാർ ഉള്ളതായി രേഖകൾ വ്യക്തമാക്കുന്നു. ലഭ്യമാക്കിയ രേഖകൾ പ്രകാരം 124183/-രൂപ മാത്രമാണ് സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്ക് നഗരകാര്യ ഡയറക്ടറേറ്റിൽ നിന്നും ലഭിച്ചിട്ടുള്ളത്. ബാക്കി തുക നഗരസഭാ അക്കൗണ്ടിൽ നിന്നും വകമാറ്റിയതാണ്. ഓഡിറ്റിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

(2) **പെൻഷൻ ഫയലുകളുടെ സൂക്ഷിപ്പ്**

പെൻഷൻ ഫയലുകളുടെ സൂക്ഷിപ്പ് ഒട്ടുംതന്നെ തൃപ്തികരമല്ല. പെൻഷൻ പേയ്മെന്റ് ഓർഡർ ഇല്ലാതെ പെൻഷൻ വിതരണം ചെയ്യുന്ന സാഹചര്യം നിലനിൽക്കുന്നു. (ഉദാഹരണത്തിന് ഫാമിലി പെൻഷണർ ശ്രീമതി.റോസമ്മ മാത്യുവിന് പെൻഷൻ പേമെന്റ് ഓർഡർ ഇല്ലാതെയാണ് പെൻഷൻ വിതരണം ചെയ്യുന്നത്).ഫയലുകൾ കീറി നശിച്ച രീതി യിലും ക്രമം തെറ്റിയ രീതിയിലുമാണ് കാണപ്പെട്ടത്. കാലാകാലങ്ങളിൽ പെൻഷൻ പുതു ക്കുന്നതിന്റെ വിവരങ്ങൾ ഫയലിൽ ചേർത്തിട്ടില്ല. പെൻഷൻ പേമെന്റ് ഓർഡറുകളിലും ഇത് സംബന്ധിച്ച വിവരങ്ങൾ എഴുതി ചേർത്തിട്ടില്ല. അതുപോലെ പെൻഷൻ പേമെന്റ് ഓർഡറിന്റെ പെൻഷണർ കോപ്പിയും നഗരസഭ വാങ്ങി സൂക്ഷിക്കുന്നു. ഇതിലും നൽകുന്ന പെൻഷന്റെ വിവരങ്ങൾ ചേർത്തുകാണുന്നില്ല. ഇതുമൂലം പെൻഷണർക്ക് തങ്ങൾ വാങ്ങുന്ന പെൻഷന്റെ സ്ഥിതിവിവരകണക്ക് സൂക്ഷിക്കുന്നതിനുള്ള അവകാശം നിഷേധിക്കപ്പെടുന്ന സ്ഥിതിയാണ്.

പെൻഷൻ രജിസ്റ്റർ എന്ന പേരിൽ സൂക്ഷിക്കുന്ന രജിസ്റ്ററിൽ പെൻഷണറുടെ വിവരങ്ങൾ പൂർണ്ണമായും എഴുതി ചേർത്തിട്ടില്ല. മുൻ മാസങ്ങളിലെ അഥവാ വർഷത്തെ നോക്കി പകർത്തി എഴുതിപ്പോകുന്ന സ്ഥിതിയാണ് നിലനിൽക്കുന്നത്. ചുരുക്കത്തിൽ വളരെ കാര്യക്ഷമമായി സൂക്ഷിക്കേണ്ട പെൻഷൻ വിവരങ്ങൾ അലക്ഷ്യമായി കൈകാര്യം ചെയ്യുന്ന അപകടകരമായ സ്ഥിതി നഗരസഭാധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

(3) **പെൻഷൻ ബില്ല് തയ്യാറാക്കുന്നതും ഉപരി പരിശോധനയും**

പെൻഷൻ വിതരണത്തിനായി തയ്യാറാക്കുന്ന ചെലവു പത്രിക കൃത്യമായി എഴുതു ന്നതിൽ സെക്ഷൻ ക്ലാർക്ക് വേണ്ട ശ്രദ്ധ പുലർത്തുന്നില്ല എന്നു മാത്രമല്ല ഉപരി പരിശോ ധന നടത്തേണ്ട സൂപ്രണ്ടും, സെക്രട്ടറിയും മതിയായ ഉപരി പരിശോധന നടത്തുന്നുമില്ല. പരാമർശത്തിനാധാരമായ വസ്തുതകൾ ചുവടെ ചേർക്കുന്നു. 04/2007 ൽ ശ്രീമതി.എം.എം. വിജകുമാരിയ്ക്ക് പെൻഷൻ ഇനത്തിൽ 6078/- രൂപയ്ക്ക് പകരം 6378/- രൂപ നൽകുകയു ണ്ടായി. അതുപോലെ ശ്രീമതി.അന്നമ്മ ചാക്കോയ്ക്ക് 2055/- രൂപയ്ക്ക് പകരം 2555/- രൂപ നൽകുകയുണ്ടായി.(ടി അധിക തുകകൾ തുടർന്നുള്ള മാസം ഈടാക്കിയിട്ടുണ്ട്.) ശ്രീ.എ സ്.ഇ. മുഹമ്മദ് കാസിമിന് 4772/- രൂപ അധിക പെൻഷൻ നൽകുകയുണ്ടായി.

(4) **നിലവിലുള്ള സർക്കാർ ഉത്തരവിന് വിരുദ്ധമായി അധിക പെൻഷൻ നൽകിയത് സംബന്ധിച്ച്.**

ജി.ഒ.(പി) 180/06 തീയതി 18.04.2006 പ്രകാരം പെൻഷനറുടെ പ്രായം കണക്കിലെടു ക്കാതെ പെൻഷണർക്ക് 1.03.2006 മുതൽ മെഡിക്കൽ അലവൻസ് അനുവദിയ്ക്കാൻ വ്യ വസ്ഥ ചെയ്യുന്നു. എന്നാൽ പെൻഷണർ റീ എംപ്ലോയ്ഡ് ആകാൻ പാടില്ല.

പാലാ നഗരസഭയിൽ നിന്നും 28.2.2006 ൽ വിരമിച്ച ശ്രീ.ഡി.ജെ.തോമസ് 23.05.2006 മുതൽ ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫായി ജോലി നോക്കിവരുന്നതായി നഗരസഭ രേഖാമൂലം അറിയിച്ചിട്ടുണ്ട്. ടിയാൻ റീഎംപ്ലോയ്ഡ് ആക യാൽ പ്രതിമാസം 100/- രൂപ നിരക്കിൽ മെഡിക്കൽ അലവൻസിന് അർഹതയില്ല. ഇതിനു വിരുദ്ധമായി ടിയാന് 03/2006 മുതൽ നാളിതുവരെ മെഡിക്കൽ അലൻവൻസ് നൽകി വരു ന്നു. ഈ സാഹചര്യത്തിൽ ടിയാന് പുനർ ജോലി ലഭിച്ച 23.05.06 മുതൽ 11/08 വരെയുള്ള കാലയളവിൽ അധികം കൈപ്പറ്റിയ തുകയായ 3030/- രൂപ പെൻഷണറിൽ നിന്നോ ഉത്തര വാദിയായ സെക്ഷൻ ക്ലാർക്ക്, സൂപ്രണ്ട് സെക്രട്ടറി ഇവരിൽ നിന്ന് തുല്യമായോ ഈടാക്കി പെൻഷൻ ഫണ്ടിൽ വരവു ചേർക്കേണ്ടതാണ്.

അധികം കൈപ്പറ്റിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

23.05.06 മുതൽ 31.05.2006 വരെ: 30

$( 100 \times \frac{9}{30})$

6/06 മുതൽ 11/08 വരെ 100×30: 3000

ആകെ 3030/-രു

തുടർകാലങ്ങളിലും ഇത്തരത്തിൽ അധിക തുക നൽകിയിട്ടുണ്ടെങ്കിൽ ആയത് ഈടാക്കേണ്ടതാണ്.

**5.പെൻഷൻ കുടിശ്ശികയിനത്തിൽ അധിക തുക നൽകിയത് സംബന്ധിച്ച്**

നഗരസഭയിൽ നിന്നും 30.4.2005 ൽ പെൻഷൻ പറ്റിപ്പിരിഞ്ഞ ശ്രീ.എസ്.ഇ.മുഹമ്മദ് കാസിമിന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 22035/പെൻ1/2006 തീയതി 5.02.2007 വേരിഫിക്കേഷൻ റിപ്പോർട്ടിന്റെയും നഗരകാര്യ ഡയറക്ടറുടെ 16.05.2007 ലെ പി7-499/06-ാം ഉത്തരവിന്റെയും അടിസ്ഥാനത്തിൽ താഴെപ്രതിപാദിക്കും പ്രകാരം 433027/രൂപ പെൻഷൻ കുടിശ്ശിക മറ്റ് പെൻഷൻ ആനുകൂല്യങ്ങൾ എന്നീയിനത്തിൽ അനുവദിക്കുകയു ണ്ടായി.

| | |
|---|---|
| പെൻഷൻ കുടിശ്ശിക (05/05 6/07വരെ | 120900 |
| ഡി.സി.ആർ.ജി | 127397 |
| കമ്മ്യൂട്ടേഷൻ | 184730 |
| ആകെ | 433027/-രു |

ടി തുകയിൽ നിന്നും വിവിധ നഗരസഭകളിൽ ബാധ്യതയിനത്തിൽ ഒടുക്കേണ്ട 38488/- രൂപ കിഴിച്ച് 394539/- രൂപ ടിയാന് നൽകാൻ നഗരകാര്യ ഡയറക്ടറുടെ മേൽ ഉത്തരവിൽ വ്യക്തമാക്കുകയും ചെയ്യുന്നു. എന്നാൽ ടിയാന് പെൻഷൻ കുടിശ്ശികയും മറ്റ് പെൻഷൻ ആനുകൂല്യങ്ങളും ഇനത്തിൽ താഴെ പ്രതിപാദിക്കും പ്രകാരം 399311/- രൂപയാണ് നൽകി യിട്ടുള്ളത്.

| | ഇനം | തുക | വൗ നം | ചെക്ക് നമ്പർ/തീയതി |
|---|---|---|---|---|
| 1 | 6/07 ലെ പെൻഷൻ | 4752/- | $42/\frac{06}{07}$ | $\frac{741500}{\frac{26}{6}/07}$ |
| 2 | 5/05 മുതൽ 5/06 പെൻഷൻ കുടിശ്ശിക | 59124/- | $42/\frac{06}{07}$ | $\frac{741500}{26.6.07}$ |
| 3 | ഡി.സി.ആർ.ജി | 88909 | $86/\frac{08}{07}$ | $\frac{741503}{18.8.07}$ |
| 4 | കമ്മ്യൂട്ടേഷൻ | 184750 | $86/\frac{08}{07}$ | $\frac{741503}{18.8.07}$ |
| 5 | പെൻഷൻ കുടിശ്ശിക (06/മുതൽ 6/07 വരെ) | 61776 | $86/\frac{08}{07}$ | $\frac{741503}{18.8.07}$ |
| | ആകെ | 399311/-രൂപ | | |

6/07 ലെ പെൻഷൻ രണ്ട് പ്രാവശ്യം നൽകുകയാലും (4752/-) കമ്മ്യൂട്ടേഷൻ വക 20/- രൂപ അധികം നൽകുകയാലും 4772/- (399311-394539) രൂപ ശ്രീ.എസ്.ഇ.മുഹമ്മദ് കാസിമിന് അധികം നൽകുകയുണ്ടായി. ടി തുക സെക്ഷൻ ക്ലാർക്ക്, സൂപ്രണ്ട്, സെക്രട്ടറി എന്നിവരിൽ നിന്നും ഈടാക്കി പെൻഷൻ ഫണ്ടിൽ വരവു ചേർക്കേണ്ടതാണ്.

**പദ്ധതി ചെലവുകൾ**

**3-10 എ) വ്യവസായ എസ്റ്റിമേറ്റിന് സ്ഥലം വാങ്ങൽ- പ്രോജക്റ്റ് നിർവഹണം പൂർത്തീക രിക്കാത്തത് സംബന്ധിച്ച്**

(പ്രോ.നം.21/08)

12-ാം വാർഡിൽ വ്യവസായ എസ്റ്റേറ്റ് തുടങ്ങുന്നതിനായി 5 വർഷങ്ങൾക്കു മുമ്പ് വാങ്ങിയ 80 സെന്റ് സ്ഥലത്ത് വഴി സൗകര്യം വർദ്ധിപ്പിക്കുന്നതിനും വാഹന പാർക്കിംഗ് സംവിധാനത്തിനുമായി കൂടുതൽ സ്ഥലം വാങ്ങുന്നതിനായി 2006-07 ൽ പ്രോജക്റ്റ് രൂപീക

രിച്ചിരുന്നു. (നം.5/07). പ്രസ്തുത സ്ഥലത്ത് ഐ.ടി.പാർക്ക് തുടങ്ങി തൊഴിലവസരം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ വനിതാഘടക പദ്ധതി വിഭാഗത്തിൽ രൂപീകരിച്ച് പ്രോജക്റ്റാണിത്. നഗരസഭയിലേയും സമീപ ഗ്രാമപഞ്ചായത്തുകളിലേയും വനിതകളും അവരുടെ കുടിബാംഗങ്ങളുമാണ് ഗുണഭോക്താക്കൾ. പ്രോജക്റ്റ് പ്രകാരം ജൂലൈ 2006 മുതൽ മാർച്ച് 2007 വരെയായിരുന്നു പ്രവർത്തന കലണ്ടർ. 2006-07 ൽ പദ്ധതി വിഹിതത്തിൽ നിന്നും 1 ലക്ഷം രൂപയും തനതുഫണ്ടിൽ നിന്നും 29 ലക്ഷം രൂപയും ചേർത്ത് 30 ലക്ഷം രൂപയ്ക്ക് 29.41 ആർ.സ്ഥലം വാങ്ങുന്നതിനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ 9.10.07 ലാണ് സ്ഥലം വാങ്ങുന്നതിന് സർക്കാർ അനുമതി ലഭിച്ചത്. സർക്കാർ ഉത്തരവ് (സാധാ) നം.2779/07/തസ്വഭവ/9.10.07 പ്രകാരം പാലാ നഗരസഭയ്ക്ക് വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിനായി മീനച്ചിൽ വില്ലേജിൽ ബ്ലോക്ക് നം.170 ൽ സർവ്വേ നം.16 ൽ ഉൾപ്പെട്ട 29.41 ആർ സ്ഥലം അർജൻസിക്ലോസിൽ ഉൾപ്പെടുത്തി അക്വയർ ചെയ്യുന്നതിന് ഇത് സംബന്ധിച്ച് സർക്കാരിന് യാതൊരുവിധ സാമ്പത്തിക ബാദ്ധ്യതയോ വ്യവഹാരങ്ങളിൽ ബാദ്ധ്യതയോ വ്യവഹാരങ്ങളിൽ ബാദ്ധ്യതയോ ഉണ്ടായിരിക്കുന്നതല്ല എന്ന നിബന്ധനയുടെ അടിസ്ഥാനത്തിലാണ് അനുമതി നൽകിയിട്ടുള്ളത്.

2007-06 ൽ പ്രസ്തുത പ്രോജക്റ്റിനായി വികസന ഫണ്ടിനത്തിൽ 564538/-രൂപയും തനതുഫണ്ടിൽ നിന്നും 1,18,462/- രൂപയും ഉൾപ്പെടെ ആകെ 683000/- രൂപയുടെ ഭരണ/ സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്.(റ്റി.എസ്.നം.1100/07/ഡി.പി.ഒ/കെ.ടി.എം/20.2.08) പാലാ റവന്യൂ ഡിവിഷണൽ ഓഫീസറുടെ 17.3.08 ലെ ഡി.4634/06-ാം നമ്പർ കത്തിൽ പ്രസ്തുത സ്ഥലം പൊന്നും വിലയ്ക്കെടുത്ത് നൽകുന്നതിനായി അടിയന്തിര ഭരണാനുമതികാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞതായും സ്ഥലം ഏറ്റെടുക്കുന്നതിനായി ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ള തുക, ലാന്റ് അക്വിസിഷൻ ഓഫീസറുടെ പേരിലേയ്ക്ക് അലോട്ട് ചെയ്യുവാനും നിർദ്ദേശിച്ചിരുന്നു. ആയത് പ്രകാരം 25.3.08 ൽ 664538/- രൂപ പാലാ ആർ.ഡി.ഓയ്ക്ക് നൽകിയിട്ടുണ്ട്. (564538+1,00,000/-)

മേൽപ്പറഞ്ഞ പ്രകാരം തുക ഒടുക്കിയെങ്കിലും നാളിതുവരെ ജില്ലാ കളക്ടറിൽ നിന്നും സ്ഥലവില നിർണ്ണയിച്ചു കിട്ടിയിട്ടില്ല.. പ്രസ്തുത സ്ഥലത്തിന്റെ ലൊക്കേഷൻ സ്കെച്ച് അതിരുകൾ രേഖപ്പെടുത്തിയത് തയ്യാറാക്കി നൽകുവാൻ 2.7.08-ലെ പി. ഡബ്ള്യു-5826/05-ാം നമ്പർ കത്തു മുഖേന നഗരസഭാ സെക്രട്ടറി മീനച്ചിൽ വില്ലേജ് ഓഫീസറോട് ആവശ്യപ്പെട്ടിട്ടുള്ളതായി കാണുന്നു. ഇപ്രകാരം പൊതുജനോപകാരപ്രദമായ പ്രോജക്റ്റിന്റെക പൂർത്തീകരണത്തിനുള്ള കാലവിളംബം ആശാസ്യകരമല്ല. ടി പ്രോജക്റ്റ് ലക്ഷ്യം കൈവരിക്കുന്നതിലേക്കായി അടിയന്തരിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ബി) റിവർവ്യൂറോഡിന്റെ അറ്റകുറ്റപ്പണികൾ -നിർവഹണത്തിലെ അപാകതകൾ സംബന്ധിച്ച്**

**പ്രോജക്റ്റ് നം.63/08**

അടങ്കൽ- 655000 (മെയിന്റനൻസ് ഗ്രാന്റ് -510500)

തനത് ഫണ്ട് - 144500

സാങ്കേതികാനുമതി:നം.പി.എം.സി/ടി.എസ്.ജി/ഐ.എസ്/1/11.10.07

എസ്റ്റിമേറ്റ് -6,55,300

ടെൻഡർ വ്യതിയാനം.0.5% കുറവ്

കരാറുകാരൻ -ലിജോ ഇമ്മാനുവൽ

കരാർ - 29/19.10.07

അളവു പുസ്തകം- 33/2001

ടി വേലയുടെ ഫയൽ (പി.ഡബ്ള്യു1-5773/07) പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ടി പ്രോജക്റ്റിന്റെ നിർവഹണത്തിലുണ്ടായിട്ടുള്ളതാ യി കാണുന്നു.

പൊതുമരാമത്ത് ചട്ടങ്ങൾ ചട്ടം 9 പ്രകാരം 1 ലക്ഷം മുതൽ 10 ലക്ഷം വരെ അടങ്കൽ തുകയുള്ള വേലകൾക്കായി ടെണ്ടർ സമർപ്പിക്കുന്നതിന് ചുരുങ്ങിയത് 10 ദിവസത്തെ സമയം അനുവദിച്ചുകൊണ്ട് പത്രപരസ്യം നൽകേണ്ടതാണ്. എന്നാൽ അടിയന്തിരസ്വഭാവമുള്ള പണികൾക്ക് ഷോർട്ട് ടെൻഡർ നോട്ടീസ് നൽകാവുന്നതാണ്.(അതായത് ടി കാലയള

വിലും കുറഞ്ഞ സമയം അനുവദിച്ചാൽ മതിയാകും). ടി റോഡിന്റെ അപകടാവസ്ഥ പരിഗണിച്ച് പത്രപരസ്യം നൽകി പ്രവർത്തിനടത്തുന്നതിൽ താമസം വരുന്നതിനാൽ ഷോർട്ട് ടെൻഡർ വിളിച്ച് വേല നടത്തുന്നതിന് നടപടി സ്വീകരിക്കുവാൻ ചെയർമാൻ നിർദ്ദേശിച്ചതിനെ തുടർന്ന് 15.10.07 ൽ ഷോർട്ട് ടെൻഡർ നോട്ടീസ് നൽകുകയാണുണ്ടായത്. എന്നാൽ പത്രപ്പരസ്യം നൽകാതിരുന്ന നടപടി ക്രമവിരുദ്ധമാണ്. വേലയുടെ എസ്റ്റിമേറ്റിലെ 7,8,11-ാം ഇനങ്ങൾ പ്രകാരം സബ്ബേസ്,ബേസ് കോഴ്സ്,ചിപ്പിംഗ് കാർപ്പറ്റ്(ഡബ്ള്യൂ.ബി.എം) എന്നിവ ചെയ്തിട്ടുണ്ട്. പൊതു മരാമത്ത് ചട്ടങ്ങൾ പ്രകാരം ടി വേലകൾ ഓരോന്നും തമ്മിൽ 15 ദിവസത്തെ ഇടവേള ഉണ്ടാകണമെന്നിരിക്കെ ആയവ യഥാക്രമം, 22.11.07,6.12.07,12.12.07 തീയതികളിലാണ് ചെയ്തിട്ടുള്ളതെന്ന് അളവ് പുസ്തകത്തിതൽ നിന്നും വ്യക്തമാക്കുന്നു. 11.12.07 ലെ നോട്ട് ഫയലിൽ ടാറിംഗ് പൂർത്തീകരിച്ചതായി പറയുന്നു.) ഇപ്രകാരം നിർദ്ദിഷ്ടസമയപരിധി പാലിക്കാത്തതിനാൽ ടി വേല യഥാവിധിയുള്ള ഗുണനിലവാരം കൈവരിച്ചില്ലെന്ന് വ്യക്തമാകുന്നു.

ചട്ടം 15 അനുസരിച്ച് 6 ലക്ഷത്തിലധികം തുകയുള്ള വേലകളുടെ 5% എക്സിക്യൂട്ടീവ് എഞ്ചിനീയർ ടെസ്റ്റ് ചെക്ക് ചെയ്യേണ്ടതാണ്. എന്നാൽ ടി വേലയിൽ പ്രസ്തുത നിബന്ധന പാലിച്ചിട്ടില്ല.

പ്രസ്തുത കരാർ പ്രകാരം 15 ദിവസത്തിനുള്ളിൽ പൂർത്തിയാക്കേണ്ടതാണ്. 4.11.07 നകം വേല പൂർത്തിയാക്കിയിട്ടില്ലെന്ന് 11.12.07-ലെ നോട്ട് ഫയൽ വ്യക്തമാകുന്നു. 13.12.07 ലാണ് വേലയുടെ അളവുകൾ രേഖപ്പെടുത്തി ചെക്ക് മെഷർമെന്റ് നടത്തിയിട്ടുള്ളത്. കാലാവധി ദീർഘിപ്പിച്ചിട്ടുള്ളതായി കാണുന്നില്ല.(കരാറുകാരൻ അപേക്ഷ നൽകിയിട്ടുമില്ല) നിശ്ചിത കാലയളവിനുള്ളിൽ വേല പൂർത്തീകരിക്കാത്തതിന് ജി.ഒ.(പി)84/97/പി.ഡബ്ള്യൂ.& ടി/19.8.97 പ്രകാരം നിഷ്ക്കർഷിച്ചിട്ടുള്ളതായ ആദ്യത്തെ 3 മാസത്തെ കാലയളവിലേയ്ക്ക് കരാർ തുകയുടെ ഒരു ശതമാനം തുക (മിനിമം 300/, മാക്സിമം 15000/- രൂപ) ഈടാക്കിയിട്ടില്ലെന്ന് കാണുന്നു. ആയതിനാൽ പി.എ.സി. തുകയായ 651536/- (654810-3274(0.5%) രൂപയുടെ ഒരു ശതമാനം, 6515/-രൂപ കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കേണ്ടതാണ്.

(അവസാന തുക നൽകിയതിന്റെ വിവരങ്ങൾ)

| | | |
|---|---|---|
| ബിൽ നം.1/5.1.08 | 478338 | (മെയിന്റനൻസ് ഗ്രാന്റ് |
| ചെ.നം131979/19.8.08 | 125699 | (തനതുഫണ്ട്) |

**സി) സ്ട്രീറ്റ് ലൈറ്റിന് മീറ്റർ സ്ഥാപിക്കൽ-അപാകതകൾ**

| | | |
|---|---|---|
| പ്രോജക്റ്റ് നമ്പർ | : | 31/08 |
| പദ്ധതി വിഹിതം | : | 8,00,000 |
| ചെലവ് | ; | 791700 |
| ഡി.ഡി.നം | : | 279393/15.1.08 |

2007നവംബറിൽ ആരംഭിച്ച് 2008 മാർച്ചിൽ അവസാനിപ്പിക്കേണ്ട പദ്ധതിയായിരുന്നു സ്ട്രീറ്റ് ലൈറ്റിനു മീറ്റർ സ്ഥാപനിക്കുക എന്ന പ്രോജക്റ്റ്. ടി പദ്ധതി നിർവഹണത്തിനായി പാലാ ഇലക്ട്രിക്കൽ സബ് ഡിവിഷിനിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ എസ്റ്റിമേറ്റ് പ്രകാരം 87 സ്ഥലങ്ങളിലെ സ്ട്രീറ്റ് ലൈറ്റുകളിൽ എനർജി മീറ്റർ സ്ഥാപിക്കുന്നതിന്റെ ചാർജ്ജായി (8350+750×87) 791700 രൂപാ ഇലക്ട്രിസിറ്റി ബോർഡ് പാലായിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. 4.7.08-ലെ കത്ത് പ്രകാരം 86 സ്ഥലങ്ങളിലെ സ്ട്രീറ്റ് ലൈറ്റുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിന് ലൊക്കാലിറ്റി മീറ്റർ സ്ഥാപിക്കുന്നതിന് ലൊക്കാലിറ്റി സംബന്ധിച്ച ലിസ്റ്റ് നൽകിയിട്ടുണ്ട്. 25.10.08 നഗരസഭ 86 സ്ഥലങ്ങളിൽ മീറ്റർ സ്ഥാപിക്കുന്നതിനുള്ള ലിസ്റ്റിന് അംഗീകാരവും നൽകിയിട്ടുണ്ട്. 87 സ്ഥലങ്ങളിൽ മീറ്ററർ സ്ഥാപിക്കുന്നതിനുള്ള ചാർജ്ജ് അടവാക്കിയിട്ടുള്ളതിനാൽ 86 സ്ഥലങ്ങളിൽ മാത്രം മീറ്റർ സ്ഥാപിക്കുന്നതിനുള്ള ലിസ്റ്റ് തയ്യാറാക്കിയത് ക്രമപ്രകാരമല്ല. മേൽ അപാകതകളുടെ വെളിച്ചത്തിലും പദ്ധതി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ലാത്തതിനാലും 791700/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. പദ്ധതി നിർവഹണത്തിനായി തുക ഇലക്ട്രിസിറ്റിബോർഡിൽ അടവാക്കി മൂന്ന് മാസത്തിന്ശേഷം മീറ്റർ സ്ഥാപിക്കാത്തതിനാൽ നാളിതുവരെ കറന്റ് ഇന

ത്തിൽ കൂടുതൽ തുക അടവാക്കിയിട്ടുണ്ടെങ്കിൽ ആയത് ക്രമീകരിച്ചു നൽകാൻ ബോർഡിനോട് ആവശ്യപ്പെടേണ്ടതാണ്.

**ഡി). സി.എഫ്.ലാമ്പ് വാങ്ങൽ- സ്ഥാപിച്ചതിന്റെ രേഖകൾ ലഭ്യമല്ല.**

| | | |
|---|---|---|
| പ്രോജക്റ്റ് നം | എസ്.27/07<br>14/08 | |
| പദ്ധതി വിഹിതം | 5,00,000 | |
| ചെലവ് | 499403 | |
| ഡി.ഡി.നം | 497737/25.9.07 | 480000(സി.എഫ്.വില) |
| -ടി- | 278635/8.10.07 | 19403(സൂപ്പർ ഡിവിഷൻ ചാർജ്) |
| ആകെ | 499403 | |

മേൽ പദ്ധതി നിർവഹണം സംബന്ധിച്ച് വിജിലൻസ് കേസ് ഉള്ളതിനാൽ പ്രോജക്റ്റ്, ഒറിജിനൽ ഫയൽ,സ്റ്റോക്ക് രജിസ്റ്റർ തുടങ്ങിയവ ഓഡിറ്റിന് ലഭ്യമാക്കിയിരുന്നില്ല. പദ്ധതി നടത്തിപ്പ് സംബന്ധിച്ച് ലഭ്യമായ വിവരങ്ങൾ താഴെകൊടുക്കുന്നു.

പാലാ നഗരസഭയുടെ 23 വാർഡുകളിലും സി.എഫ്.എൽ.ലാമ്പുകൾ സ്ഥാപിക്കുന്നതിനായി 1200 സി.എഫ്.എൽ.ലാമ്പുകളും അനുബന്ധ സാമഗ്രികളും ടെണ്ടർ ചെയ്തു വാങ്ങുന്നതിന് 5.10.06 ലെ 18-ാം നമ്പർ തീരുമാനപ്രകാരം കൗൺസിൽ അംഗീകാരം നൽകിയിട്ടുണ്ട്. ടെൻഡർ ക്ഷണിച്ചതിൻ പ്രകാരം ഇലക്ട്രോമെറ്റ് ആലൂവാ ഇലക്ട്രോടെക്, എറണാകുളം , ജില്ലാ കോ ഓപ്പറേറ്റീവ് സൊസൈറ്റി എന്നീ സ്ഥാപനങ്ങളുടെ മൂന്നു ടെൻഡറുകൾ ലഭിച്ചിരുന്നു. 14.3.07 ലെ 14-ാം നമ്പർ ടാബുലേഷൻ സംബന്ധിച്ച് മുനിസിപ്പൽ എഞ്ചിനീയർ നൽകിയ വിശദീകരണത്തതിൽ ഇലക്ട്രോ ടെക് എന്ന സ്ഥാപനം ഫിലിഫ്സ് ബ്രാൻഡ് ബൾബിന് കുറഞ്ഞ നിരക്ക് 402.75 രൂപ ക്വോട്ട് ചെയ്തിട്ടുണ്ടെങ്കിലും ടി സ്ഥാപനം പ്രകാശം ഉണ്ടാക്കുന്ന വസ്തു ഒഴിച്ചുള്ളവയ്ക്ക് 1 വർഷ ഗാരന്റി മാത്രമേ നൽകിയട്ടുള്ളൂ വെന്നും ഇലക്ടോമെറ്റ് എന്ന സ്ഥാപനം ഫിലിപ്പ്സ് ബ്രാന്റിന് 413 രൂപ ഉയർന്ന നിരക്ക് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും എല്ലാ മെറ്റീരിയൽസിനും $1\frac{1}{2}$ വർഷത്തെ ഗാരന്റിയും ബൾബിന് 1 വർഷത്തെ ഗാരന്റിയും ഉറപ്പു നൽകിയിട്ടുണ്ട് എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ കാലം ഗാരന്റി വാഗ്ദാനം നൽകിയിട്ടുള്ള ടി സ്ഥാപനവുമായി നിരക്ക് സംബന്ധിച്ച് നെഗോഷ്യേറ്റ് ചെയ്ത് സാധനം വാങ്ങാവുന്നതാണെന്നും പരാമർശിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നെഗോസിയേഷൻ നടത്തി സാധനം വാങ്ങുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി. ടി സ്ഥാപനത്തിന്റെ 15.3.07 ലെ കത്ത് പ്രകാരം സിഎഫ്.എൽ.ലാമ്പ് സെറ്റ് ഒന്നിന് 400/- രൂപ പ്രകാരം നൽകാമെന്ന് അറിയിക്കുകയുണ്ടായി. അതിൽപ്രകാരം 1200 ലാമ്പുകൾ 24.3.07 ൽ സപ്ലൈ ചെയ്തതായും ഫയലിൽ കാണുന്നു.സ്റ്റോക്കു രജിസ്റ്ററിന്റെ അഭാവത്തിൽ ലഭിച്ച സാധനങ്ങൾ സ്റ്റോക്കിൽ എടുത്തിട്ടുണ്ടോയെന്ന് പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. ടി 1200 സി.എഫ്.എൽ.ലാമ്പുകൾ 24.3.07 ൽ സപ്ലൈ ചെയ്തിട്ടുണ്ടെങ്കിലും ലാമ്പുകൾക്കാശ്യമായ ഫിറ്റിംഗ്സ് 18.10.07 ലും 23.10.07 ലുമാണ് നൽകിയിരിക്കുന്നത്. ഫിറ്റിംഗ്സ് സപ്ലൈ ചെയ്യുന്നതിന് ഇത്രയും കാലതാമസം വന്നതിന്റെ കാരണം വ്യക്തമല്ല. ടി ഫിറ്റിംഗ്സ് കൂടാതെ ലാമ്പുകൾ സ്ഥാപിക്കുവാൻ സാധിക്കുമായിരുന്നില്ല. ആയതിനാൽ 2.11.07 മുതലാണ് ടി ലാമ്പുകൾ ഫിറ്റ് ചെയ്യുവാൻ തുടങ്ങിയിരിക്കുന്നത്.

7 വാർഡുകളിലായി 258 പഴയ ഫിറ്റിങ്ങുകൾ അഴിച്ചു മാറ്റിയതിന് 40 രൂപ ക്രമത്തിലും (258×40=10320) 364 പുതിയത് സ്ഥാപിച്ചതിന് 58 രൂപാ നിരക്കിലും (364×58=21112) 31432 രൂപ കണക്കാക്കി നികുതി റീടെൻഷൻ എന്നീ ഇനങ്ങളിൽ 4180 രൂപ കിഴിച്ച് 27252/- ശ്രീധരൻ നവഭാരത് ഇലക്ട്രിക്കൽസ് എന്നയാളിന് (വൗച്ചർ 31/1-08 പ്രകാരം 5.1.08 ലെ 444967-ാം നമ്പർ ഡി.ഡി പ്രകാരം നൽകിയിട്ടുണ്ട്. ഫിറ്റ് ചെയ്ത ലാമ്പുകളിൽ ഏകദേശം300 ലാമ്പുകൾ കത്തുന്നില്ലായെന്ന് വാർഡ് കൗൺസിലർമാർ 1.7.08 ൽ അറിയിച്ചിട്ടുണ്ട്. ലാമ്പുകളുടെ ഫിറ്റിംഗ്സുകൾ 23.10.07 ൽ മാത്രം നൽകിയിരിക്കുന്നതായും ബൾബുകൾ കേടായത് നിശ്ചിത ഗാരന്റി കാലാവധിക്കുള്ളിലായതിനാലും കേടായ 300 ലാമ്പുകൾ മാറി

പുതിയ ലാമ്പുകൾ നൽകണമെന്ന് കമ്പനിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ നാളിതു വരെ ആയത് നൽകിയതായി കാണുന്നില്ല. 17.11.08 ൽ 1200 സി. എഫ്.എൽ.ലാമ്പുകളും സ്ഥാപിച്ചിട്ടുള്ളതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പഴയത് അഴിച്ചുമാറ്റിയ തിനും പുതിയത് സ്ഥാപിച്ചതിനുമുള്ള തുക ചിലവഴിച്ചിട്ടുള്ളതായി കാണുന്നില്ല. ഫയൽ പ്രകാരം 622 ബൾബുകൾ മാത്രമേ സ്ഥാപിച്ചതായി കാണുന്നുള്ളൂ. മേൽ കാരണങ്ങളാൽ ടി പദ്ധതിക്കുവേണ്ടി ചെലവഴിച്ച 499403/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. മേൽ വിഷയ ത്തിൽ നടന്നുവരുന്ന വിജിലൻസ് അന്വേഷണം സംബന്ധിച്ച് ലഭ്യമാകുന്ന വിവരങ്ങൾ ഓഡിറ്റിനേയും അറിയിക്കേണ്ടതാണ്.

**ഇ. എസ്.എസ്.എ.വിഹിതം -വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല**

പ്രോജക്റ്റ് നമ്പർ എസ്.22/08

എസ്. എസ്.എ. വിഹിതമായി ജില്ലാ പ്രോജക്റ്റ് ഓഫീസർ, സർവ്വശിക്ഷാ അഭി യാൻ കോട്ടയം പേർക്ക് 2.2.08 ലെ 298723--ാം നമ്പർ ഡി.ഡി പ്രകാരം 386031 രൂപ നൽകി യിട്ടുണ്ട്. എന്നാൽ ടി തുകയുടെ വിശദമായ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. പദ്ധതി വിഹിതത്തിൽ നിന്നുള്ള ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**എഫ്). കെ.യു.ഡി.എഫ്.സി ലോൺ അടവ് പദ്ധതിവിഹിതത്തിൽ നിന്നും പലിശ ഇന ത്തിൽ അടവാക്കിയ തുക തിരികെ സർക്കാരിലേയ്ക്ക് അടവാക്കേണ്ടതാണ്.**

13.3.08 ലെ 751/08-ാം ഉത്തരവ് പ്രകാരം നഗരസഭാ സ്ഥാപനങ്ങൾ കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷനിൽ നിന്നും എടുത്ത വായ്പയിൽ മുതൽ മാത്രം 2007-08 ലെ പദ്ധതി വിഹിതത്തിൽ നിന്നും തിരിച്ചടയ്ക്കുന്നതിന് അനുമതി നൽകി യിരുന്നു. ആയതിൻ പ്രകാരം 951422/- രൂപ 19.3.2008 ലെ 487584-ാം നമ്പർ പ്രകാരം കേരളാ അർബൻ/റൂറൽ ഡവലപ്പ്മെന്റ് കോർപ്പറേഷനിൽ അടവാക്കിയിട്ടുണ്ട്. മുതൽ മാത്രം അയ്ക്കേണ്ടിയിരുന്ന തുകയുടെ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| 31.12.07 ൽ അടയ്ക്കേണ്ടിയിരുന്ന മുതൽ | 467859 |
| 31.3.08 ൽ അടവാക്കേണ്ടിയിരുന്ന തുക | 467859 |
| ആകെ | 935718 |

ഇപ്രകാരം മുതൽ ഇനത്തിൽ അടയ്ക്കേണ്ടിയിരുന്ന 935718/- രൂപയ്ക്ക് പകരം 951422/- രൂപ അടവാക്കിയിരിക്കുന്നതായി കാണുന്നു. അധികമായി 15704/- രൂപ പദ്ധതി വിഹിത ത്തിൽ നിന്ന് ചെലവഴിച്ച സാഹചര്യം വ്യക്തമല്ല. ടി ചെലവ് സംബന്ധിച്ച് സർക്കാർ സാധൂ കരണം ലഭിക്കാത്തപക്ഷം തുക നിശ്ചിത ശീർഷകത്തിൽ തിരികെ അടയ്ക്കേണ്ടതാണ്.

**3.11 കാറ്റഗറി ബി ഫണ്ട്.**

**എ)സാമൂഹ്യക്ഷേമ പെൻഷനുകൾ അനുവദിക്കുന്നതിലും വിതരണം ചെയ്യുന്നതിലും കാലതാമസം, സർക്കാർ ഉത്തരവുകളുടെ പാലിക്കായ്ക**

ഓഡിറ്റ് വർഷം : 2007-08

ഫയലുകൾ : 1) ജി3/756/96 വാല്യം 2
2) ജി3/901/98
3) ജി3/2254/97 വാല്യം 2
4) ജി3/4468/98 വാല്യം 2

സമൂഹത്തിലെ അശരണരായ ജനവിഭാഗങ്ങൾക്ക് സാമ്പത്തിക സുരക്ഷിതത്വത്തി ലൂടെ സാമൂഹ്യക്ഷേമം ഉറപ്പുവരുത്തുക എന്ന കർത്തവ്യം നിറവേറ്റുന്നതിനായി സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി അർഹത മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ അനുവദിച്ച് നൽകപ്പെടുന്ന സാമ്പത്തിക സഹായമാണ് ക്ഷേമപെൻഷനുകൾ. വിവിധ സർക്കാർ വകുപ്പുകളുടെ ചുമതലകൾ വികേന്ദ്രീകണാസൂത്രണത്തിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏല്പിച്ചുകൊടുത്ത (സർക്കാർ ഉത്തരവ് നമ്പർ 189/2005 ത. ഭ.വ തീയതി : 18.9.05) ഉത്തരവിലൂടെ എല്ലാ ക്ഷേമപെൻഷനുകളും അനുവദിക്കാനും വിത രണം ചെയ്യാനുമുള്ള ഉത്തരവാദിത്തം കൂടി തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുകയു ണ്ടായി. ഇതിനു പുറമേ സർക്കാർ ഉത്തരവ് നമ്പർ 11/97 തീയതി : 7.4.97 പ്രകാരം വിക

ലാംഗ പെൻഷന്റെ നടത്തിപ്പ് ചുമതലയും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകി. അർഹരായ പെൻഷൻ അപേക്ഷകർക്ക് താമസംവിനാ ആനുകൂല്യങ്ങൾ ലഭിക്കുക എന്ന ഉദ്ദേശ്യത്തിലാണിത്.

എല്ലാ ക്ഷേമപെൻഷനുകളുടെയും നടത്തിപ്പ് ചുമതലകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കേന്ദ്രീകരിച്ച്നടപ്പാക്കാൻ പ്രേരകമായത് എന്നാൽ സർക്കാർ നയത്തിന് അനുസൃതമായ വിധത്തിലും വേഗത്തിലും പെൻഷൻ ആനുകൂല്യങ്ങൾ അർഹരായവർക്ക് ലഭിക്കുന്നില്ല എന്നും ഇതു സംബന്ധിച്ച് നിലവിലുള്ള നിയമങ്ങളും ഉത്തരവുകളും കൃത്യമായി പാലിക്കുന്നില്ലെന്നും ഓഡിറ്റ് പരിശോധനയിൽ വ്യക്തമായി.

പാലാ നഗരസഭയ്ക്ക് 07-08 ൽ സാമൂഹ്യക്ഷേമ പെൻഷനുകളുടെയും തൊഴിൽ രഹിത വേതന വിതരണത്തിനായി ലഭിച്ചതും വിനിയോഗിച്ചതുമായഫണ്ട് ലഭ്യതയുടെ സ്ഥിതിവിവരം താഴെപറയും പ്രകാരമാണ്.

| പെൻഷൻ ഇനം | അലോട്ട്മെന്റ് തുക | വിനിയോഗിച്ച തുക | ബാലൻസ് തുക |
|---|---|---|---|
| കർഷകത്തൊഴിലാളി പെൻഷൻ | 328673 | 314063 | 14610 |
| വാർധക്യകാല പെൻഷൻ | 648200 | 643574 | 4626 |
| വിധവാ പെൻഷൻ | 168726 | 160711 | 8015 |
| വികലാംഗ പെൻഷൻ | 188545 | 147064 | 41481 |
| 50 വയസു കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 55093 | 51078 | 4015 |
| തൊഴിൽ രഹിത വേതനം | 126120 | 125400 | 720 |
| ആകെ | 1515357 | 1441890 | 73467 |

പാലാ നഗരസഭയുടെ സാമൂഹ്യക്ഷേമ പെൻഷൻ നടത്തിപ്പ് സംബന്ധിച്ച ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ഇവിടെ പരാമർശിക്കുന്നു.

**ബി) ക്ഷേമപെൻഷൻ അപേക്ഷയിൽ തീർപ്പ് അനുസരിച്ച് പെൻഷൻ അനുവദിക്കുന്നതിൽ അകാരണമായ കാലതാമസം**

സാമൂഹ്യക്ഷേമ വകുപ്പിന്റെ നമ്പർ 105/02 തീയതി : 25.6.02 ഉത്തരവ് അനുസരിച്ച് വിവിധ ക്ഷേമ പെൻഷൻ ആനുകൂല്യങ്ങൾക്കായി സമർപ്പിക്കപ്പെടുന്ന അപേക്ഷകളിന്മേൽ 10 ദിവസത്തിനകം അന്വേഷണം നടത്തേണ്ടതും വാർഡ് അംഗത്തിന്റെയും അന്വേഷണ ഉദ്യോഗസ്ഥന്റെയും ബന്ധപ്പെട്ട സെക്രട്ടറിയുടെയും റിപ്പോർട്ടോടുകൂടി ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റിയിൽ പാസാക്കുകയും കൗൺസിലിൽ അംഗീകരിച്ച് പരമാവധി 40 ദിവസത്തിനകം പെൻഷൻ അനുവദിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഈ നഗരസഭയിൽ പെൻഷൻ അപേക്ഷകൾ ലഭിച്ച് മാസങ്ങൾ കഴിഞ്ഞാണ് പെൻഷൻ അനുവദിച്ചു വരുന്നതായി കാണുന്നത്. ചില ഉദാഹരണങ്ങൾ ഇവിടെ പ്രതിപാദിക്കുന്നു.

| പെൻഷൻ ഇനം | അപേക്ഷകന്റെ പേരും വിലാസവും | അപേക്ഷ ലഭിച്ച തീയതി | പെൻഷൻ അനുവദിച്ച തീയതി |
|---|---|---|---|
| വിധവാ പെൻഷൻ | 1. രത്നമ്മ മുതുകുളത്ത്, പാലാ | 16.12.05 | 30.9.06 |
| | 2. പെണ്ണമ്മ ജോർജ്, പാലാ | 16.2.05 | 30.9.06 |
| | 3. പെണ്ണമ്മ ശേഖരൻ, ഓലാക്കുന്നേൽ വീട്, കവീക്കുന്ന്, പാലാ | 30.6.05 | 30.9.06 |
| | 4. ലളിതാ രവീന്ദ്രൻ, വെങ്ങല്ലൂർ ഇല്ലം, പാലാ | 4.1.06 | 27.11.06 |
| വാർധക്യകാല പെൻഷൻ | 1. റോസമ്മ ഔസേപ്പ് മാമ്പുഴയ്ക്കൽ, കരൂർ | 21.12.06 | 20.3.07 |
| | 2.അമ്മിണി , പുരുഷോത്തമന്റെ ഭാര്യ, ചാമക്കാലായിൽ, പാലാ | 25.7.07 | 27.10.07 |
| | 3. ഗോപിനാഥൻ നായർ, ഇടക്കാട്ടിൽ വീട്, പാലാ | 12.5.07 | 30.11.07 |

| | | | |
|---|---|---|---|
| വികലാംഗ പെൻഷൻ | 1. ഗോപാലൻ, തറക്കുന്നേൽ കരൂർ | 2.1.06 | 23.8.06 |
| | 2. ലതാമോൾ അമ്പലപ്പുറത്ത് | 2.2.06 | 23.8.06 |
| കർഷകത്തൊഴി ലാളി പെൻഷൻ | 1. അപ്രേം ചാക്കോ, കുന്നിൽ കീഴടത്തിയൂർ | 1.3.06 | 30.9.06 |
| | 2. ദേവസ്യ ഔസേപ്പ്, ആനപ്പള ളിയിൽ, പാലാ | 27.9.06 | 27.11.06 |

മേൽ ഉദാഹരണങ്ങളിൽ നിന്നുതന്നെ നഗരസഭയിൽ പെൻഷൻ അപേക്ഷകളിൽ തീർപ്പു കല്പിക്കാൻ എടുക്കുന്ന കാലതാമസം വ്യക്തമാകുന്നു. ഇത് സർക്കാർ ഉത്തരവുക ളുടെ ലംഘനവും നിയമപരമായ ബാധ്യത നിറവേറ്റുന്നതിലെ വീഴ്ചയുമാണ്. ആയതി നാൽ പെൻഷൻ അപേക്ഷകളിൽ തീർപ്പു കല്പിക്കാൻ എടുക്കുന്ന കാലതാമസം ഒഴി വാക്കി താമസംവിനാ അർഹരായ എല്ലാവർക്കും പെൻഷൻ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്ന തിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ വിഷയത്തിൽ കൗൺസിലിന്റെ അടിയന്തിര ശ്രദ്ധ പതിയേണ്ടതാണ്.

**സി) പെൻഷൻ സംബന്ധിച്ച രേഖകൾ സൂക്ഷിക്കുന്നതിൽ പിഴവ്**

നഗരസഭയിൽ വിവിധ ക്ഷേമപെൻഷനുകൾക്കായി സമർപ്പിക്കപ്പെടുന്ന അപേക്ഷ കൾ യഥാവിധി രജിസ്റ്ററിൽ ചേർക്കുന്നില്ല. അപേക്ഷകൾക്ക് കൈപ്പറ്റ് രസീത് നൽകുന്നില്ല. 1998 ലെ കേരള കർഷകത്തൊഴിലാളി പെൻഷൻ ചട്ടങ്ങളിലെ റൂൾ ഏഴ് സി അനുസരിച്ച് കർഷകതൊഴിലാളി പെൻഷനു വേണ്ടി ലഭിക്കുന്ന എല്ലാ അപേക്ഷകളും ഒരു രജിസ്റ്ററിൽ ചേർക്കുകയും പെൻഷൻ അനുവദിച്ചതും നിരസിച്ചതുമായ വിവരങ്ങൾ ഉൾപ്പെടെയുള്ള വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതുമാണ് എന്ന് നിർദേശിക്കുന്നു. ഇതിനു പുറമേ മേൽചട്ടം റൂൾ എട്ട് അനുസരിച്ച് ലഭിച്ച എല്ലാ അപേക്ഷകൾക്കും ക്രമനമ്പർ നൽകേണ്ടതും ഈ നമ്പർ കൈപ്പറ്റ് ചീട്ടിൽ കാണിക്കേണ്ടതാണെന്നും നിർദേശിക്കുന്നു. എന്നാൽ മേൽ പ്രവർത്തനങ്ങൾ നഗരസഭയിൽ നടത്തുന്നതായി കാണുന്നില്ല. അതുകൊണ്ടുതന്നെ നഗര സഭയിൽ വിവിധ പെൻഷൻ അപേക്ഷകൾ ലഭിച്ചതും പെൻഷൻ അനുവദിച്ചതും നിരസി ച്ചതും സംബന്ധിച്ച് വ്യക്തമായ കണക്കില്ല. ഇതേ പോലെ പെൻഷൻ തുക അതാതുമാസം നൽകുന്നതു സംബന്ധിച്ച് വിതരണ രജിസ്റ്റർ ഫോം ആറിൽ തയ്യാറാകേ ണ്ടത് ഇതുവരെയായും നഗരസഭ തയ്യാറാക്കിയതായി കാണുന്നില്ല. തൊഴിൽരഹിത വേതനം വിതരണം സംബന്ധിച്ച് ഫോം നമ്പർ ആറിൽ അക്വിറ്റൻസ് രജിസ്റ്റർ തയ്യാറാക്കി യിട്ടുണ്ടെങ്കിലും അപേക്ഷകനെ സംബന്ധിച്ച മുഴുവൻ വിവരങ്ങളും വ്യക്തമായി രേഖപ്പെടു ത്തിയിട്ടില്ല. ആയതിനാൽ നഗരസഭയിൽ ക്ഷേമപെൻഷനുകൾക്കായി ലഭിക്കുന്ന എല്ലാ അപേക്ഷകൾക്കും ക്രമനമ്പർ നൽകി നിർദിഷ്ട രജിസ്റ്ററുകളിൽ ചേർക്കുകയും അപേക്ഷ സമർപ്പിച്ചവർക്ക് ക്രമനമ്പർ രേഖപ്പെടുത്തി കൈപ്പറ്റു രസീത് നൽകേണ്ടതുമാണ്. സർക്കാർ 19754/എ.ആർ. 13(2)2004 തീയതി : 1.1.05 ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് പുറപ്പെടുവിച്ച ഉത്തരവ് അനുസരിച്ച് ഓഫീസുകളിൽ ലഭിക്കുന്ന ഏത് അപേക്ഷകൾക്കും/ പരാതികൾക്കും ആയത് കിട്ടിയാലുടൻ കൈപ്പറ്റ് രസീത് നൽകണമെന്ന് നിഷ്കർഷിച്ചി ട്ടുണ്ട്. അപേക്ഷകളിൽ തീർപ്പുകല്പിച്ച വിവരവും അപേക്ഷ നിരസിച്ചവർക്ക് അതു സംബ ന്ധിച്ച അറിയിപ്പ് നൽകുന്നതോടൊപ്പം അപ്പീൽ സമർപ്പിക്കാനുള്ള അവസരത്തെപ്പറ്റിയുള്ള വിവരവും നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

**ഡി) ക്ഷേമപെൻഷൻ അപേക്ഷകൾ ഗ്രാമസഭ/വാർഡ് സഭയിൽ അവതരിപ്പിച്ച് അംഗീകാരം തേടുന്നില്ല.**

തദ്ദേശസ്വയംഭരണവകുപ്പ് സെക്രട്ടറിയുടെ നമ്പർ 57414/ഡി.പി.1/03 തീയതി : 18.12.03 ഉത്തരവനുസരിച്ച് സാമൂഹ്യക്ഷേമ പെൻഷനുവേണ്ടി ലഭിച്ച അപേക്ഷകൾ അർഹത നിശ്ചയിക്കുന്നതിന് അവലംബമാക്കിയ മാനദണ്ഡങ്ങളുടെ വിവരങ്ങൾ എന്നിവ വാർഡ്/ ഗ്രാമ സഭകളിൽ അവതരിപ്പിച്ച് അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണ് എന്ന് നിർദേശിച്ചിട്ടുള്ളത്. ഈ നടപടി സ്വീകരിക്കുന്നതു മൂലം ആക്ഷേപരഹിതമായി പെൻഷൻ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കാനും സാധിക്കും.എന്നാൽ പാലാ നഗരസഭയിൽ ഇത്തര ത്തിൽ പ്രവർത്തനങ്ങൾ നടക്കുന്നില്ല. മേൽ ഉത്തരവിലെ നിർദേശങ്ങൾ പാലിക്കാൻ അധി കാരികൾ ശ്രദ്ധിക്കേണ്ടതാണ്.

**ഇ) ക്ഷേമപെൻഷനുകൾക്കുള്ള അർഹത മാനദണ്ഡങ്ങൾ കൃത്യമായി പരിശോധിക്കു ന്നില്ല.**

നഗരസഭയുടെ വിവിധ ക്ഷേമപെൻഷനുകളുടെ അപേക്ഷകൾ പരിശോധിച്ചതിൽ അർഹത തെളിയിക്കുന്നതിനുള്ള രേഖകൾ പലതും ഹാജരാക്കിയതായി കാണുന്നില്ല. പല അപേക്ഷകളോടൊപ്പവും കുടുംബവാർഷിക വരുമാനം തെളിയിക്കുന്നതിനുള്ള സർട്ടിഫി ക്കറ്റുകൾ ഹാജരാക്കിയിട്ടില്ല. അന്വേഷണ ഉദ്യോഗസ്ഥൻ വരുമാനം നിശ്ചയിച്ച് പെൻഷൻ അനുവദിക്കാൻ ശുപാർശ ചെയ്യുന്നതായി കാണുന്നു. ഉദ്യോഗസ്ഥൻ അന്വേഷണ റിപ്പോർട്ട് അപേക്ഷകളുടെ നിശ്ചിത സ്ഥാനത്ത് രേഖപ്പെടുത്തുന്നില്ല. പെൻഷന് അർഹതയുണ്ട്, പെൻഷൻ അനുവദിക്കാവുന്നതാണ് എന്നിങ്ങനെയേ രേഖപ്പെടുത്തുന്നുള്ളു. ഇത് ശരിയായ രീതിയല്ല. പെൻഷനറുടെ അപേക്ഷകളുടെ അർഹത നിർണയിക്കുന്നത് അന്വേഷണ ഉദ്യോ ഗസ്ഥന്റെ ശുപാർശയെ അടിസ്ഥാനമാക്കിയായതിനാൽ അന്വേഷണ റിപ്പോർട്ട് വിശദമായി നിർദിഷ്ട ഭാഗത്ത് രേഖപ്പെടുത്തേണ്ടതാണ്. ആവശ്യമായ സന്ദർഭങ്ങളിൽ നിയമത്തിൽ അനുശാസിക്കുന്ന വിധത്തിലുള്ള രേഖകൾ കൂടി ലഭ്യമാക്കി അർഹത ഉറപ്പുവരുത്തി മാത്രമേ പെൻഷൻ അനുവദിക്കാവൂ. പെൻഷൻ നൽകിവരുന്നവരുടെ തുടർ പെൻഷനുള്ള അർഹതയും പരിശോധിക്കേണ്ടതാണ്. നിലവിൽ ഇത്തരം പ്രവർത്തനങ്ങൾ നടക്കുന്ന തായി തെളിയിക്കുന്ന രേഖകൾ ഒന്നും ഓഫീസിൽ കാണുവാൻ കഴിഞ്ഞില്ല.

**എഫ്) തൊഴിൽരഹിത വേതനം അധികം നൽകിയത്**

1998 ലെ കേരള തൊഴിൽരഹിത വേതന ചട്ടങ്ങളിലെ റൂൾ 11 അനുസരിച്ച് വേതനം കൈപ്പറ്റിക്കൊണ്ടിരുന്ന ഒരാൾക്ക് 35 വയസ് പൂർത്തിയാവുകയോ തൊഴിൽ ലഭിക്കുകയോ രജിസ്ട്രേഷൻ ലാപ്സാവുകയോ ചെയ്താൽ വേതനം നിർത്തലാക്കേണ്ടതാണെന്ന് നിർദേ ശിച്ചിട്ടുണ്ട്. എന്നാൽ 35 വയസ് പൂർത്തിയായ ഒരു അപേക്ഷകയ്ക്ക് പെൻഷൻ തുടർന്നും നൽകുന്നതായി കാണുന്നു. തൊഴിൽരഹിതവേതന അക്വിറ്റൻസ് പേജ് നമ്പർ ഏഴിൽ (സീ രിയൽ നമ്പർ രേഖപ്പെടുത്തിയിട്ടില്ല.) ദീപാ ജി. നായരുടെ (മോൾ) ജനനത്തീയതി 28.5.71 ആണ് . ഇവർക്ക് 4/06 വരെ മാത്രമേ തൊഴിൽരഹിതവേതനത്തിന് അർഹതയുള്ളു. എന്നാൽ 10.1.07 ൽ 1/06 മുതൽ 6/06 വരെയുള്ള വേതനമിനത്തിൽ 720 രൂപ ടിയാരി കൈപ്പറ്റിയിട്ടുണ്ട്. ഇതനുസരിച്ച് രണ്ടു മാസത്തെ പെൻഷൻ തുക 240 രൂപ അധികമായി കൈപ്പറ്റിയത് തിരികെ ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. തൊഴിൽരഹിത വിതരണ രജിസ്റ്റർ കൃത്യമായി തയ്യാറാക്കി രേഖകൾ പരിശോധിച്ച് ഉറപ്പുവരുത്തിമാത്രം വേതനം വിതരണം ചെയ്യേണ്ടതാണ്.

**ജി) പെൻഷൻ വിതരണം ചെയ്യുന്നതിൽ കാലതാമസം**

നഗരസഭയിൽ ക്ഷേമപെൻഷനുകൾ വിതരണം ചെയ്യുന്നതിൽ കാലതാമസം വരുന്ന തായി കാണുന്നു. ഓരോ മാസവും ആവശ്യമായ അലോട്ട്മെന്റുകൾക്ക് ആവശ്യപ്പെടുന്നത് വൈകുന്നതായും മുൻമാസങ്ങളിലെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റുകൾ ബന്ധപ്പെട്ട വകുപ്പുകൾ പല തവണ ആവശ്യപ്പെട്ടാൽ മാത്രം നൽകുന്നതും ഓഡിറ്റിൽ കണ്ടു. ഇതു മൂലം അലോട്ട്മെന്റുകൾ വൈകി ലഭിക്കാനും ആത്യന്തികമായി പെൻഷൻ വിതരണത്തിൽ കാലതാമസം ഉണ്ടാകുന്നതായും കാണുന്നു. സർക്കാർ ഉത്തരവ് നമ്പർ 36854/ഡി.പി.1/05 തസ്വഭവ തീയതി : 1.8.05 അനുസരിച്ച് വിവിധ ക്ഷേമപെൻഷനുകൾ 2005 ഓഗസ്റ്റ് മുതൽ എല്ലാമാസവും ഒന്നാം തീയതിക്കു വിതരണം ചെയ്യുമെന്ന് സർക്കാർ നിയമസഭയ്ക്ക് ഉറപ്പു നൽകുകയുണ്ടായി. ഈ സമയകൃത്യത പാലിക്കാനുള്ള നിർദേശങ്ങൾ പ്രസ്തുത ഉത്തവിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതു സംബന്ധമായി ബഹു. സുപ്രീം കോടതിയും ഉത്ത രവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. എന്നാൽ മേൽ ഉത്തരവിലെ നിർദേശങ്ങൾ പാലിച്ചു കാണു ന്നില്ല. എന്നതാണ് പെൻഷൻ വിതരണത്തിലെ കാലതാമസം വ്യക്തമാക്കുന്നത്. ആയതി നാൽ മേൽ ഉത്തരവിലെ നിർദേശങ്ങൾ അനുവർത്തിച്ചുകൊണ്ട് പെൻഷൻ വിതരണ ത്തിലെ കാലതാമസം ഒഴിവാക്കേണ്ടതാണ്.

**എച്ച്) പെൻഷൻ ഇരട്ടിപ്പ് ഒഴിവാക്കേണ്ടതാണ്.**

ക്ഷേമപെൻഷൻ വാങ്ങിക്കൊണ്ടിരിക്കുന്നവർ ഒന്നിൽക്കൂടുതൽ പെൻഷൻ വാങ്ങാൻ സാധ്യതയുള്ളതിനാൽ ആ സാഹചര്യം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കാൻ സർക്കാർ നിർദേശിച്ചിട്ടുണ്ട്. ഇതനുസരിച്ച് എല്ലാ ക്ഷേമപെൻഷൻകാരുടെയും വാർഡ്

തലത്തിലുള്ള പ്രത്യേക ലിസ്റ്റ് തയ്യാറാക്കാൻ കുടുംബശ്രീ, അംഗൻവാടി വർക്കർ എന്നിവരെ ഉൾപ്പെടുത്തി ബന്ധപ്പെട്ട തദ്ദേശഭരണ സെക്രട്ടറി ഒരു ടീം രൂപീകരിക്കാനും ഈ ടീം പ്രാദേശികമായി അന്വേഷണം നടത്തി ഒന്നിൽക്കൂടുതൽ പെൻഷൻ വാങ്ങുന്നവരെ കണ്ടെത്തി റിപ്പോർട്ട് നൽകേണ്ടതാണെന്നും നിർദേശിക്കുന്നു. പാലാ നഗരസഭയിൽ ഇത്തരത്തിലുള്ള ഒരു ടീം രൂപീകരിച്ചിട്ടില്ല. ആയതിനാൽ സർക്കാർ നിർദേശങ്ങൾ പാലിച്ചുകൊണ്ട് സത്വരമായി ഈ പ്രവർത്തനങ്ങൾ നടപ്പാക്കി അനർഹർ ആനുകൂല്യങ്ങൾ കൈപ്പറ്റുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

**ഐ) മരിച്ച പെൻഷനറുടെ കുടിശിക പെൻഷൻ തുക അനന്തരാവകാശികൾക്ക് ലഭ്യമാക്കിയില്ല.**

നഗരസഭയുടെ 07-08 ലെ പെൻഷൻ മണിയോർഡർ റിട്ടേൺസ് പരിശോധിച്ചതിൽ കർഷക തൊഴിലാളി പെൻഷൻ ഇനത്തിൽ പെൻഷനർ മരിച്ചതിനാൽ ധാരാളം പെൻഷൻ തുകകൾ തിരികെ വരുന്നതായി കാണുന്നു. സർക്കാർ ഉത്തരവ് പി നമ്പർ 54/06/തൊഴിൽ വകുപ്പ് തീയതി : 14.8.06 അനുസരിച്ച് കർഷകത്തൊഴിലാളി പെൻഷൻ വാങ്ങുന്ന ഒരു പെൻഷനർ മരിച്ചാൽ മരണം നടന്ന മാസം വരെയുള്ള പെൻഷൻ തുക അയാളുടെ അവകാശികൾക്ക് 1500 രൂപ വരെയുള്ളത് വില്ലേജ് ഓഫീസറിൽ നിന്നും അതിനു മുകളിൽ തഹസീൽദാറിൽ നിന്നും അവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് നൽകാവുന്നതാണെന്ന് നിർദേശിച്ചിട്ടുണ്ട്. എന്നാൽ ഈ വിധത്തിൽ യാതൊരു തുകയും നഗരസഭയിൽ നിന്ന് ആർക്കും നൽകിയതായോ ഈ ആവശ്യത്തിലേക്ക് ആരും അപേക്ഷ സമർപ്പിച്ചതായോ കാണുന്നില്ല. പെൻഷനനറുടെ ആശ്രിതർക്ക് ഇതു സംബന്ധിച്ച് യാതൊരു അറിവും ഉണ്ടാകണമെന്നില്ല. അതുകൊണ്ടായിരിക്കാം ആരും അപേക്ഷ സമർപ്പിക്കാതിരുന്നത്. ഈ ആനുകൂല്യത്തെപ്പറ്റി അർഹരായവർക്ക് അറിവു നൽകുക എന്നത് നഗരസഭയുടെ സാമൂഹ്യപ്രതിബദ്ധതയുടെ ഭാഗമായുള്ള ചുമതലയാണ്. കൗൺസിലർമാർ മുഖേനയും വാർഡു സഭകൾ മുഖേനയും പൗരാവകാശ രേഖയിൽ ഉൾപ്പെടുത്തിയും ഇതു സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കേണ്ടതും അർഹരായവർക്ക് തുക നൽകേണ്ടതുമാണ്.

ക്ഷേമപെൻഷനുകളുടെ ഓഡിറ്റിൽ കണ്ടെത്തുകയും ഇവിടെ ചൂണ്ടിക്കാട്ടുകയും ചെയ്ത അപാകതകൾ/പോരായ്മകൾ/വീഴ്ചകൾ താമസംവിനാ പരിഹരിച്ച് മതിയായ സേവനം പൊതുജനങ്ങൾക്ക് ലഭ്യമാക്കാൻ ആർജവത്തോടെയുള്ള പ്രവർത്തനങ്ങൾ നഗരസഭാധികൃതർ നടത്തേണ്ടതാണ്. മേൽ ഖണ്ഡികയിൽ (2.19) പരാമർശിച്ചിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതിലും നിർദേശങ്ങൾ നടപ്പിൽ വരുത്തുന്നതിലും കാലികമായി ഇടപെടാൻ സാധിക്കുന്ന വകുപ്പുതല പരിശോധനാ ഏജൻസി (പെർഫോമൻസ് ഓഡിറ്റ്) ഫലപ്രദമായ ഇടപെടലുകൾ നടത്തേണ്ടതാണ്.

# ഭാഗം 4 : ഓഡിറ്റ് പ്രത്യവലോകനവും ധനസ്ഥിതി വിവരണവും

**4.1 വാർഷിക ധനകാര്യ പത്രികകളുടെ വിശകലനം**

30.3.07 ലെ ജി.ഒ (പി) 100/07/എൽ.എസ്.ജി.ഡി. പ്രകാരം പുറപ്പെടുവിച്ച 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളുടെയും 17.5.07 ലെ ജി.ഒ.(പി) 130/07/എൽ. എസ്.ജി.ഡി പ്രകാരം അംഗീകരിക്കപ്പെട്ട കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് മാനുവലിന്റെയും അടിസ്ഥാനത്തിലുള്ള അക്രൂവൽ സമ്പ്രദായത്തിലുള്ള അക്കൗണ്ടിങ് രീതി നഗരസഭയിൽ ഇതുവരെ പ്രാവർത്തികമാക്കിയിട്ടില്ല.

വർഷങ്ങളായി കാഷ്ബുക്ക് ഉൾപ്പെടെയുള്ള അടിസ്ഥാന രജിസ്റ്ററുകൾ സൂക്ഷിക്കുന്നതി

ൽ അനുവർത്തിച്ചു വരുന്ന രീതി പോരായ്മ നിറഞ്ഞതാണ്. (ഖണ്ഡിക 2.1 ബി കാണുക.) ന്യൂനതകളുള്ള അടിസ്ഥാന രജിസ്റ്ററുകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കപ്പെട്ട ധനകാര്യ പത്രികകൾ സാമ്പത്തിക വിശകലനത്തിന് വേണ്ടി പൂർണമായി അവലംബിക്കാൻ കഴിയുന്നതല്ല. 07-08 ലെ വാർഷിക ധനകാര്യ പത്രികകൾ ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ കണ്ട അപാകതകളും വിശകലനവും ചുവടെ ചേർക്കുന്നു.

**എ) അപാകതകൾ**

**1. മുന്നിരിപ്പ് ശരിയായി കണക്കാക്കിയിട്ടില്ല.**

2006-07 ലെ നീക്കിയിരിപ്പ് കണക്കാക്കിയതിൽ ആകെ 1932073 രൂപയുടെ വ്യതിയാനം കാണപ്പെട്ടിരുന്നു. മുൻവർഷത്തെ കാഷ്ബുക്ക് പ്രകാരമുള്ള ആകെ നീക്കിയിരിപ്പിൽ നിന്ന് പ്ലാൻ ഫണ്ടിനത്തിലുള്ള 1063489 രൂപയും കാറ്റഗറി ബി ഫണ്ട് ഇനത്തിനുലള്ള 868583 രൂപയും കുറവു ചെയ്തതായി കാണുന്നു. ജി.ഒ.(പി) 177/06/ഫിൻ 12.4.06 പ്രകാരം കാറ്റഗറി എ ഫണ്ട് ഇനത്തിലുള്ള തുക ലാപ്സാകുന്നില്ല. ആയതിനാൽ 06-07 ലെ നീക്കിയിരിപ്പിലും 07-08 ലെ മുന്നിരിപ്പിലും 1063489 രൂപയുടെ വ്യത്യാസം കാണുന്നു. (ടി വ്യതിയാനം ഇപ്പോഴും തുടരുന്നു.)

**2.** കാറ്റഗറി ബി ഫണ്ട് ഇനത്തിലുള്ള തുക കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നുമാണ് പിൻവലിക്കുന്നത്. ആയതിനാൽ ട്രഷറി ബിൽ പ്രകാരം യഥാർത്ഥത്തിൽ പിൻവലിക്കുന്ന തുക മാത്രമാണ് കാഷ്ബുക്കിലും വരവുചെലവ് കണക്കുകളിലും ചേർക്കേണ്ടത്. എന്നാൽ ഹാജരാക്കിയ വാർഷിക ധനകാര്യ പത്രികയിൽ ടിയിനങ്ങളിൽ ചേർത്തിട്ടുള്ള വരവുചെലവ് കണക്കുകളിൽ വ്യതിയാനം കാണുന്നു.

**3.** തൻവർഷത്തെ വരവിൽ 'നഗരസഭ സ്റ്റോറിൽ നിന്ന് നൽകുന്ന സാധനസാമഗ്രികളുടെ വില' എന്നയിനത്തിൽ 2288114 രൂപ വരവു ചേർത്തിട്ടുണ്ട്. ടി വരവ് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമായില്ല. ടി വരവിൽ ഏതെല്ലാം ഇനങ്ങൾ ഉൾപ്പെടുന്നുവെന്നത് സംബന്ധിച്ച് അവ്യക്തതയുണ്ട്.

**4.** കേരള വികസന പദ്ധതിക്കു വേണ്ടി ലഭിച്ച തുകയുടെ വിനിയോഗ വിവരം ചെലവു ഭാഗത്ത് ഒമ്പതാം ഇനമായി ഒന്നാകെ ചേർത്തു കാണുന്നു. (7850421 രൂപ) എന്നാൽ ടിയിനത്തിലുള്ള ചെലവുകൾ അതാത് ശീർഷകത്തിൽ ചേർത്ത് കാണിച്ചിട്ടില്ല. ഉദാഹരണമായി പദ്ധതിവിഹിതം ധനകാര്യ സ്ഥാപനത്തിൽ നിന്നുള്ള വായ്പയുടെ തിരിച്ചടവിനായി ചെലവഴിച്ചത് പോലും കേരള വികസന പദ്ധതിച്ചെലവ് എന്നയിനത്തിൽ ചേർത്തുകാണുന്നു. ടി തുക വായ്പയുടെ തിരിച്ചടവ് എന്ന ശീർഷകത്തിൽ ചേർക്കേണ്ടിയിരുന്നു. ടിയിനത്തിലുള്ള മൂലധനച്ചെലവുകൾ പോലും പ്രത്യേകമായി കാണിച്ചിട്ടില്ല.

**5.** എല്ലാ അക്കൗണ്ടുകളിൽ കൂടിയുള്ള ഇടപാടുകളുടെ വിവരങ്ങളും കാഷ്ബുക്കിൽ ചേർത്തിട്ടില്ല. (ഉദാ: പെൻഷൻ ഫണ്ട്, പി.എഫ്. അക്കൗണ്ട് മുതലായവ) പെൻഷൻ ഇനത്തിലെ ചെലവ് വിവരം വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. (പെൻഷൻ അംശദാനത്തിലുള്ള ഒടുക്ക് വിവരം മാത്രമാണ് വാർഷിക ധനകാര്യ പത്രികയിൽ കാണിച്ചിട്ടുള്ളത്.)

**ബി) ധനകാര്യ പത്രികകളുടെ വിശകലനം**

ധനകാര്യ പത്രികകളുടെ വിശകലനം നഗരസഭയുടെ തീർത്തും ദുർബലമായ ധനകാര്യ സ്ഥിതിയും വരവുചെലവുകളിലെ ഭീമമായ അന്തരവും വെളിപ്പെടുത്തുന്നു.

1. **ആകെ വരവ്/ തനതുവരുമാന അനുപാതം**

തൻവർഷത്തെ ആകെ വരവ് 57390250 രൂപയാണ്. ഇതിലുൾപ്പെട്ട തനതുവരുമാനം 33192333 രൂപ മാത്രമാണ്. സർക്കാരിൽ നിന്ന് ലഭിച്ച ജനറൽ പർപ്പസ് ഗ്രാന്റ് (2183000 രൂപ) , മെയിന്റനൻസ് ഗ്രാന്റ് (4500600 രൂപ) മറ്റ് ഗ്രാന്റുകൾ (26357 രൂപ) എന്നിവ കുറച്ച് സ്വന്തം നിലയിൽ സ്വരൂപിക്കാൻ കഴിഞ്ഞ തുക 26482376 രൂപ മാത്രമാണ്. അതായത് ആകെ വരവിന്റെ 46.14% മാത്രമാണ് നഗരസഭയ്ക്ക് സ്വന്തം നിലയിൽ സ്വരൂപിക്കാൻ കഴിഞ്ഞിട്ടുള്ളത്.. വരുമാന ചോർച്ച ഒഴിവാക്കി ആകെ വരവിൽ ഉൾപ്പെടുന്ന തനതുവരുമാനവിഹിതം കഴിയുന്നത്ര വർധിപ്പിക്കേണ്ടതാണ്.

2. **റവന്യൂ വരവ്/റവന്യൂ ചെലവ് അനുപാതം**

സർക്കാരിൽ നിന്നും ലഭിച്ച അവകാശ കൈമാറ്റ ഗ്രാന്റുകൾ ഉൾപ്പെടെ തൻവർഷം ലഭിച്ച റവന്യൂ വരവ് 333192333/- രൂപ മാത്രമാണ്. പെൻഷൻ ഇനത്തിലെ യഥാർത്ഥ ചെലവ് കിഴിച്ച് റവന്യൂചെലവ് ഏകദേശം 27551134/- രൂപ ആകുന്നു. തൻവർഷത്തെ പെൻഷൻ, വിതരണത്തിനു വേണ്ടി ഏകദേശം 3414786/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 2431021/- രൂപ ലഭിച്ച പെൻഷൻ ഫണ്ട് അധികരിച്ചുള്ള ചെലവാണ്. ടി തുകകൂടി ഉൾപ്പെടുത്തി ആകെ 29992155/- രൂപ റവന്യൂ ചെലവായി കണക്കാക്കിയാൽ റവന്യൂമിച്ചം കേവലം 3210178/- രൂപ മാത്രമാണ്. ധനകാര്യ സ്ഥ.പനങ്ങളിൽ നിന്നും സർക്കാരിൽ നിന്നുമുള്ള വായ്പാ തിരിച്ചടവ് ബാധ്യത (ഏകദേശം1 കോടി രൂപ) ഡെപ്പോസിറ്റ് ഇനത്തിലെ ബാധ്യത, വകമാറ്റിയ തുക തിരികെ ക്രമീകരിക്കാനുള്ളത്,

ലൈബ്രറിസെസ്, നികുതി വിഹിതങ്ങൾ, യു.പി.എ ഫണ്ടിലേയ്ക്ക് അടയ്ക്കാനുള്ള തുക എന്നീ ഇനങ്ങളിൽ ഭീമമായ ബാധ്യതയുണ്ട്. (ആധികാരികമായ രജിസ്റ്ററുകളുടെ അഭാവത്തിൽ കൃത്യമായ ബാധ്യത തുക നിർണ്ണയിക്കാൻ സാധിച്ചിട്ടില്ല.) ഈ സാഹചര്യത്തിൽ മുനിസിപ്പൽ ഫണ്ട് പൊസിഷൻ തീർത്തും ദുർബലാവസ്ഥയിലാണെന്ന് കാണുന്നു.

ഓഡിറ്റിന് ലഭ്യമാക്കിയ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള സംക്ഷിപ്ത വരവ്/ചെലവ് കണക്കുകളും നീക്കിയിരിപ്പ് തുകയുടെ അക്കൗണ്ട് തിരിച്ചുള്ള വിശദവിവരവും ചുവടെ ചേർക്കുന്നു. (വാർഷിക കണക്കുകൾ സംബന്ധിച്ച സാക്ഷ്യപത്രം അനുബന്ധമായി ചേർത്തിട്ടുണ്ട്).

| വരവ് | തുക(രൂ) | ചെലവ് | തുക(രൂ) |
|---|---|---|---|
| മുന്നിരിപ്പ് | 6962824 | ചെലവ് | 55968213 |
| വരവ് | 577390250 | നീക്കിയിരിപ്പ് | 8465589 |
| | 64353074 | | 64433802 |

മുന്നിരിപ്പ് കണക്കാക്കിയതിൽ പിശകുണ്ട്. ടി തെറ്റിന്പുറമെ കണക്കുകളുടെ സംക്ഷിപ്തത്തിൽ 80728/- രൂപയുടെ വ്യതിയാനം കാണുന്നു. ഇത്തരം തെറ്റുകൾ വാർഷിക കണക്കുകൾ സംഖ്യാപരമായ കൃത്യതപോലും ഉറപ്പ് വരുത്താതെയാണ് സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുന്നു.

കാഷ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പിന്റെ വിശകലനം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഇംപ്രസ്റ്റ് | 100 |
| കയ്യിരിപ്പ് പണം | 223144 |
| റ്റി.പി.എ.582 | 100 |
| പോസ്റ്റോഫീസ് സേവിംഗ്സ് ബാങ്ക് | 34262.25 |
| എസ്.ബി.ഐ.(സാക്ഷരത) | 5342 |
| ഫെഡറൽ ബാങ്ക് അക്കൗണ്ട് (10970100065202) | 893.75 |
| ഫെഡറൽ ബാങ്ക് (6245) | 6756 |
| (വാമ്പേ അക്കൗണ്ട്) | 1665054 |
| എസ്.ബി.റ്റി.(കെ.യു ആർ.ആർ.എഫ്.സി) | 212584 |
| എസ്.ബി.ഐ.(ഐ.ഡി.എസ്.എം.റ്റി) | 446080 |

| | |
|---|---|
| എസ്.ബി.റ്റി(നഗരപാലിക അക്കൗണ് | 4896388 |
| (സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യ) (ക്ലീൻ കേരള ഫണ്ട്) | 70840 |
| ട്രഷറി എം.എഫ് അക്കൗണ്ട് നമ്പർ 1 | 583155 |
| ആകെ | 8144699 |

(പണമാക്കാത്ത ചെക്കുകളുടെ ആകെ തുക (31.3.08 പ്രകാരമുള്ളത്) 1602178/- രൂപ എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയതിന്റെ വിശദാംശങ്ങൾ ചെക്ക് നം/തീയതി, തുക മുതലായവ) ലഭ്യമാക്കിയിട്ടില്ല.)

താഴെപ്പറയുന്ന അക്കൗണ്ടുകളിൽ കൂടിയുള്ള വിനിമയങ്ങൾ വരവുചെലവ് കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും നീക്കിയിരിപ്പിന്റെ വിശകലനത്തിൽ ആയവ ഉൾപ്പെടുത്തിയിട്ടില്ല.

1) എം.എഫ്.എ 2 (എ)(ബി)(സി)
2) എം.എഫ്.എ. 3

ആയതിനാൽ നീക്കിയിരിപ്പിന്റെ പൊരുത്തപ്പെടുത്തൽ പത്രിക കൃത്രിമമായാണ് തയ്യാറാക്കിയതെന്ന് വ്യക്തമാണ്. ഇക്കാര്യത്തിൽ കൂടുതൽ വിശദീകരണം ആവശ്യമാണ്.

താഴെപ്പറയുന്ന അക്കൗണ്ടുകളിൽ കൂടിയുള്ള വിനിമയം കാഷ്ബുക്കിലോ വരവു ചെലവ് കണക്കുകളിലോ ഉൾപ്പെടുത്തിയിട്ടില്ല.

1) ടി.പി.എ 497/ റെഗുലർ പെൻഷൻ അക്കൗണ്ട്.
2) ടി.പി.എ 352/കണ്ടിൻജന്റ് പെൻഷൻ അക്കൗണ്ട്.
3) ടി.പി.എ 3 പ്രോവിഡന്റ് ഫണ്ട് അക്കൗണ്ട്.

**4.2 വായ്പ/ വായ്പ തിരിച്ചടവ്**

നഗരസഭയിൽ വായ്പ സംബന്ധമായി സൂക്ഷിക്കുന്ന രജിസ്റ്ററിൽ തിരിച്ചടച്ച് വിശദാംശങ്ങൾ മാത്രമാണ് രേഖപ്പെടുത്തിക്കാണുന്നത്. വർഷാരംഭ/ വർഷാവസാന ബാധ്യത വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ബജറ്റ് ഫോർമാറ്റിനോടനുബന്ധമായി ചേർത്തിട്ടുള്ള പത്രിക പ്രകാരം 1.4.07/31.3.08 പ്രകാരമുള്ള ബാധ്യത (മുതൽ) ചുവടെ ചേർത്തിട്ടുള്ളത് പ്രകാരമാണ്.

| വായ്പ ഉദ്ദേശ്യം | വായ്പ തുക | വായ്പ എടുത്ത വർഷം | പലിശ നിരക്ക് | 1.4.07 ലെ ബാധ്യത (മുതൽ) | തൻവർഷ തിരിച്ചടവ് (07-08) | | 31.3.08 ലെ ബാധ്യത (മുതൽ) |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| മുനിസിപ്പൽ മാർക്കറ്റ് കോംപ്ലക്സ് | 13100000 | 2005 | 9% | 10982135 | 1871436 | 1133218 | 9110699 |
| ചേരി പരിഷ്കരണം | 67000 | 1998 | 14.75% | 18789 | - | - | 18789 |
| ,, | 6000 | 1999 | 14.75% | 2518 | - | - | 2518 |

കുറിപ്പ് : നഗരസഭ അധികൃതർ ഓഡിറ്റിന് ലഭ്യമാക്കിയ പത്രിക പ്രകാരം തൻവർഷം മുതലിനത്തിൽ 1887140 രൂപയും (പദ്ധതിവിഹിതത്തിൽ നിന്നുള്ള 951422 രൂപ ഉൾപ്പെടെ) 1133218 രൂപ പലിശയിനത്തിലും തിരികെ അടച്ചിട്ടുണ്ട്. വായ്പ തിരിച്ചടവിനായി ഗണ്യമായ തുക വകമാറ്റി ചെലവഴിച്ചതിന്റെ വിവരങ്ങൾ ഈ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. വകമാറ്റി ചെലവഴിച്ച തുക അടിയന്തിരമായി ക്രമീകരിക്കേണ്ടതാണ്. താത്കാലികമായി പോലും തുക വകമാറ്റി ചെലവഴിക്കുന്ന നടപടി ഒഴിവാക്കേണ്ടതാണ്. കൂടാതെ വായ്പ രജിസ്റ്ററിൽ മുഴുവൻ വിവരങ്ങളും ഉൾപ്പെടുത്തി പൂർണമാക്കേണ്ടതാണ്.

**4.3 സ്ഥിരനിക്ഷേപങ്ങൾ (ഇൻവെസ്റ്റുമെന്റുകൾ)**

ഇല്ല

**4.4 നിക്ഷേപം (ഡെപ്പോസിറ്റ്)**

നഗരസഭയിൽ ആധികാരികമായ ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ടിയിനത്തിൽ നഗരസഭയ്ക്ക് ഭീമമായ ബാധ്യത അവശേഷിക്കുന്നുണ്ടെങ്കിലും തുക കൃത്യമായി കണക്കാക്കി വർഷം തിരിച്ചുള്ള വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ഡെപ്പോസിറ്റ് റീഫണ്ട് അനുവദിക്കുന്നതിൽ വേണ്ടത്ര സൂക്ഷ്മത പുലർത്തുന്നതായി കാണുന്നില്ല. റവന്യൂ കുടിശികയിനത്തിൽ ക്രമീകരിച്ചിട്ടുള്ള ഡെപ്പോസിറ്റ് തുക ഡെപ്പോസിറ്റ് രജിസ്റ്ററിൽ കുറവ്

ചെയ്യാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടു. ടിയിനത്തിലുള്ള തുക നഗരസഭ ഫണ്ടിൽ പൂർണമായും ലയിപ്പിക്കാതെ വേറിട്ട് സൂക്ഷിക്കേണ്ടതാണ്.

സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റുകളുമായി ലഭിക്കുന്ന നിരത/ജാമ്യ നിക്ഷേപ തുക യുടെ വിശദാംശങ്ങൾ രജിസ്റ്റർ ഓഫ് വാല്യുവബിൾസിൽ ചേർത്തിട്ടില്ല. ആയവ ഭൗതിക പരിശോധനയ്ക്ക് വിധേയമാക്കാത്തതിനാൽ സെക്രട്ടറിയുടെ പേരിൽ പണയപ്പെടുത്തിയിട്ടു ണ്ടോയെന്ന് വ്യക്തമല്ല.

**4.5 സർക്കാരിലേക്കും മറ്റ് സ്ഥാപനങ്ങളിലേക്കും ഒടുക്കുവാനുള്ള തുകകൾ**

കേന്ദ്ര-സംസ്ഥാന സർക്കാരുകളിലേക്കും മറ്റ് സ്ഥാപനങ്ങളിലേക്കും ഒടുക്കുവാ നായി പിരിച്ചിട്ടുള്ളതും ഒടുക്കിയതും ഒടുക്കുവാൻ ബാക്കി നിൽക്കുന്നതുമായ തുകകളുടെ വിശദവിവരം കാണിക്കുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ലഭ്യമായ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | പിരിച്ച തുക (ബില്ലിൽ കുറവു ചെയ്ത തുക ഉൾപ്പെടെ) | ആകെ | തന്നാണ്ടിൽ ഒടുക്കിയ തുക | വർഷാവസാനം ഒടുക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ആദായ നികുതി | കണക്കാക്കിയിട്ടില്ല. | 109464 | | 128085 | കണക്കാക്കിയിട്ടില്ല. |
| സേവന നികുതി (കേന്ദ്ര സർക്കാരിനുള്ളത്) | | 490653 | | 940712 | |
| വില്പന/ വാങ്ങൽ നികുതി | | | | 152944 | |
| ലൈബ്രറി സെസ് | | 359410 | | – | |
| നി.തൊ.ക്ഷേമ നിധി വിഹിതം | | 46220 | | 55688 | |

ഋണശീർഷ കണക്കുകൾ ശരിയായ രീതിയിൽ തയ്യാറാക്കിയിട്ടില്ല.

**4.6 മുൻകൂർ**

മുൻകൂർ രജിസ്റ്റർ (അഡ്വാൻസ് രജിസ്റ്റർ) ശരിയായ രീതിയിൽ സൂക്ഷിച്ചിട്ടില്ല. ജീവ നക്കാർക്കുള്ള മുൻകൂറുകളും സിവിൽ അഡ്വാൻസുകളും ക്രമീകരിക്കുന്നതിന്റെ വിശദാംശ ങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിൽ വേണ്ടത്ര ശ്രദ്ധ പുലർത്തുന്നില്ല. വർഷങ്ങൾക്കു മുമ്പ് അനുവദിച്ച മുൻകൂറുകൾ പോലും രജിസ്റ്റർ പ്രകാരം ക്രമീകരിക്കപ്പെടാതെ അവശേ ഷിക്കുന്നു. ആധികാരികമായ മുൻകൂർ രജിസ്റ്ററിന്റെ അഭാവം നഗരസഭയുടെ ഉത്തമ സാമ്പത്തിക താത്പര്യങ്ങൾക്ക് വിരുദ്ധമാണ്.

**4.7 ഓഡിറ്റ് റിക്കവറി**

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 9347 രൂപ വരവുണ്ട്. എന്നാൽ ഇതു സംബ ന്ധിച്ച രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ റിക്കവറി തുകയുടെ വിശദാംശങ്ങൾ റിപ്പോർട്ടിൽ ചേർക്കാൻ സാധിക്കുന്നില്ല. വിവിധ മരാമത്ത് വേലകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങളുടെ അടിസ്ഥാനത്തിലും നഷ്ടമായ തുക പണമായും ബില്ലിലെ ക്രമീകരണങ്ങളായും ഈടാക്കുന്നുണ്ടെന്ന് എൻജിനിയറിങ് വിഭാഗത്തിൽ നിന്ന് അറിയിച്ചി ട്ടുണ്ടെങ്കിലും ഈടാക്കുന്നതിന്റെ വിവരങ്ങൾ പ്രത്യേക രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നി ല്ല.

വിവിധ ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ നഷ്ടമായ തുക (വരവു നഷ്ടവും ചെലവു നഷ്ടവും) ബന്ധപ്പെട്ട കക്ഷികളിൽ നിന്ന് ഈടാക്കുന്ന തിന്റെ വിശദവിവരങ്ങളാണ് ഓഡിറ്റ് റിക്കവറി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടത്. എന്നാൽ പാലാ നഗരസഭയിൽ ഇപ്രകാരം ഒരു രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ആയത് ബന്ധ പ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഓഡിറ്റ് റിക്കവറി സംബന്ധിച്ച രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

**4.8 ഓഡിറ്റ് ചാർജ്ജ്**

| | | |
|---|---|---|
| ആകെ വരവ് | : രൂ | 57390250 |
| <u>കുറയ്ക്കുക</u> | | |
| പദ്ധതി വിഹിതം | : രൂ | 9773489 |
| എസ്.ജെ.എസ്.ആർ.വൈ | : രൂ | 74300 |
| എസ്.എസ്.എ | : രൂ | 80000 |
| മെയിന്റനൻസ് ഗ്രാന്റ് | : രൂ | 500600 |
| കാറ്റഗറി ബി ഫണ്ട്, ക്ഷേമപെൻഷനുകൾ, തൊഴിൽ രഹിത വേതനം മുതലായവ | : രൂ | 4327534 |
| വാംബേ | : രൂ | 40000 |
| ഡെപ്പോസിറ്റ് | : രൂ | 4298813 |
| പെൻഷൻ ഫണ്ട് | : രൂ | 180147 |
| അഡ്വാൻസ് തിരിച്ചു കിട്ടിയത് | : രൂ | 570242 |
| റീടെൻഷൻ | : രൂ | 1295881 |
| ടൗൺ ഹാൾ കറന്റ് ചാർജ് ഈടാക്കിയത് | : രൂ | 21960 |
| ലൈബ്രറി സെസ് | : രൂ | 359410 |
| ആദായ നികുതി | : രൂ | 109464 |
| നിർമാണ തൊഴിലാളി ക്ഷേമനിധി | : രൂ | 46220 |
| സേവന നികുതി | : രൂ | 490653 |
| ഓഡിറ്റ് റിക്കവറി | : രൂ | 9347 |
| അധികം നൽകിയ ശമ്പളം തിരികെ ഈടാക്കിയത് | : രൂ | 4277 |
| ആകെ കുറയ്ക്കുന്നത് | : രൂ | 9086414 |
| ഓഡിറ്റ് ചാർജ് കണക്കാക്കാവുന്ന വരവ് | : രൂ | 48303836 |
| ഓഡിറ്റ് ചാർജ് 1/2 % നിരക്കിൽ | : രൂ | 241519 പൂർണ സംഖ്യയാക്കിയത്. |
| മുൻവർഷാവസാനം വരെയുള്ള ബാലൻസ് | : രൂ | 2674082 |
| (-) തന്നാണ്ടിൽ ഒടുക്കിയതും ഗ്രാന്റിൽ ക്രമീകരിച്ചതുമായ തുക | : രൂ | ഇല്ല. |
| 31.3.08 ൽ സർക്കാരിൽ ഒടുക്കുവാൻ ബാക്കിയുള്ള ഓഡിറ്റ് ചാർജ്ജ് | : രൂ | 2915601 |

**ഒടുക്കുവാൻ ബാക്കിയുള്ള തുകയുടെ വർഷം തിരിച്ചുള്ള വിവരം**

| <u>വർഷം</u> | | <u>തുക</u> |
|---|---|---|
| 31.3.98 ൽ ഒടുക്കുവാൻ അവശേഷിക്കുന്നത് | : | 431684 |
| 98-99 | : | 33756 |
| 99-00 | : | 275778 |
| 00-01 | : | 287118 |
| 01-02 | : | 273800 |
| 02-03 | : | 199090 |
| 03-04 | : | 190758 |
| 04-05 | : | 172637 |
| 05-06 | : | 246724 |
| 06-07 | : | 259237 |
| 07-08 | : | 241519 |
| ആകെ | : | |

ഈ തുക 0070-60-110-99-ഓഡിറ്റ് ചാർജ് എന്ന ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കി ഒറിജിനൽ ചെലാൻ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, വികാസ്ഭവൻ, തിരുവനന്തപുരം എന്ന വിലാസത്തിൽ അയച്ചുകൊടുക്കേണ്ടതാണ്.

**4.9 ഓഡിറ്റ് പ്രത്യവലോകനം**

**എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : രൂ | 57390250 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : രൂ | 55968213 |
| വരവിനങ്ങളിലുള്ള നഷ്ടം | : രൂ | 9260 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : രൂ | 37133 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : രൂ | 2274196 |

**ബി) നഗരസഭ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2.3 എ | 9260 | | ബന്ധപ്പെട്ട സെക്ഷൻ ക്ലർക്ക് (പേര് ലഭ്യമല്ല.) ശ്രീ.എൻ.ലാലു,സെക്രട്ടറി |
| 3.2 | | 2340 | ശ്രീമതി എൻ.ജി. സതീ ദേവി, (ജെ.പി.എച്ച്.എൻ ഹ.ഗ്രേ) |
| 3.9 (3) | | 4772 | തുക കൈപ്പറ്റിയ പെൻഷണർ അല്ലെങ്കിൽ എൻ. ലാലു സെക്രട്ടറി. |
| 3.9(4) | | 3030 | ,, |
| 3.9(5) | | 4772 | ,, |
| 3.10 ബി | | 6515 | ശ്രീ.എൻ.ലാലു,സെക്രട്ടറി |

**തടസ്സപ്പെടുത്തിയ തുകകളുടെ വിശദാംശങ്ങൾ**

| ഖണ്ഡിക | തുക |
|---|---|
| 3.4 എ | 396295 |
| 3.4 ബി | 13916 |
| 3.5 | 120638 |
| 3.6 | 18000 |
| 3.7 | 48213 |
| 3.10 സി | 791700 |
| 3.10 ഡി | 499403 |
| 3.10 ഇ | 386031 |

**സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3.10 എഫ്. | 15704 (പദ്ധതി വിഹിതം അധികം ചെലവഴിച്ചത്) | ശ്രീ.എൻ.ലാലു,സെക്രട്ടറി |

**ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഖണ്ഡിക 2.2എ, 2.3എ, 2.7, 2.8എ, 3.9, 3.10 എ

**ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

വ്യക്തമായ നഷ്ടത്തിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ/ വ്യക്തികളുടെ സ്ഥിരം/ ഔദ്യോഗിക മേൽവിലാസം ഈ റിപ്പോർട്ട് കൈപ്പറ്റി 30 ദിവസത്തിനകം രേഖാമൂലം അയച്ചു തരേണ്ടതാണ്. (1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 22 കാണുക.)

**4.10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 90-91 | നം.എൽ.എഫ്.കെ. (എം.എൽ) 517/95/തീയതി: 31.12.96 |
| 91-92 | നം.എൽ.എഫ്.കെ. (എം.എൽ) 713/96/തീയതി: 12.8.97/7.11.97 |
| 92-93 | നം.എൽ.എഫ്.കെ. (എം.എൽ) 742/97/തീയതി: 18.6.98/9.12.98 |
| 93- 94 മുതൽ 95 -96 വരെ | ഓഡിറ്റ് നടത്തിയിട്ടില്ല. |
| 96-97 | നം.എൽ.എഫ്.കെ. (എം.എൽ) 392/01/തീയതി: 10.4.01/7.8.01 |
| 97-98 | നം.എൽ.എഫ്.കെ. (എം.എൽ) 921/01/തീയതി: 16.11.01/28.9.01 |
| 98-99(ചെലവ്) | നം.എൽ.എഫ്.കെ. (എം.എൽ) 1282/01/തീയതി: 9.4.02/7.10.02 |
| 98-99 | നം.എൽ.എഫ്.കെ. (എം.എൽ) 148/03/തീയതി: 10.6.03/10.10.03 |
| 99-00 മുതൽ 01-02 വരെ (പ്ലാൻ) | നം.എൽ.എഫ്.കെ. (എം.എൽ) 117/04/തീയതി: 15.11.04 |

| | |
|---|---|
| 99-00(ഫൈനൽ) | നം.എൽ.എഫ്.കെ. (എം.എൽ) 922/07/തീയതി: 25.9.08/16.10.08 |
| 02-03(ചെലവ്) | നം.എൽ.എഫ്.കെ. (എം.എൽ) 439/05/തീയതി: 18.10.05/13.2.06 |
| 03-04 (ചെലവ്) | നം.എൽ.എഫ്.കെ. (എം.എൽ) 923/07/തീയതി: 25.9.08/16.10.08 |
| 04-05 (ചെലവ്) | നം.എൽ.എഫ്.കെ. (എം.എൽ) 924/07/തീയതി: 25.9.08/22.10.08 |
| 05-06 (ചെലവ്) | നം.എൽ.എഫ്.കെ. (എം.എൽ) 925/07/തീയതി: 25.9.08/18.10.08 |

മേൽ റിപ്പോർട്ടുകളിലെ അവശേഷിക്കുന്ന തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഓഡിറ്റ് സാക്ഷ്യപത്രം (വിശേഷണങ്ങളോടു കൂടിയത്)
## (ക്വാളിഫൈഡ് സർട്ടിഫിക്കറ്റ്)

**1. ഓഡിറ്റിന്റെ വ്യാപ്തി**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പും 1994 ലെ കേരള നഗരപാലികാ നിയമത്തിന്റെ 295-ാം വകുപ്പും അനുസരിച്ച് പഞ്ചായത്ത് രാജ്/ നഗര പാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേഡുകൾ അവലംബിച്ചും പാലാ നഗരസഭയുടെ 2007-08 ലെ വാർഷിക ധനകാര്യ പത്രിക (അനുബന്ധ പത്രികകൾ ഉൾപ്പെടെ) പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**2. ഓഡിറ്റിന്റെ അഭിപ്രായം**

എന്റെ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ വിവിധ ഖണ്ഡികകളിലും ഭാഗം നാലിലെ ഒന്നാം ഖണ്ഡികയിലും വിശദീകരിച്ചതുപോലെ എനിക്ക് നികുതി/ നികുതിയിതര ഇനങ്ങളുടെ കൃത്യമായ ഡിമാന്റ് (കുടിശിക ഡിമാന്റ് ഉൾപ്പെടെ) വർഷാവസാന കുടിശികയുടെ കൃത്യത, ഋണശീർഷ ഇനങ്ങളിലെ വർഷാവസാന ബാധ്യത (ഡെപ്പോസിറ്റ് ബാധ്യത ഉൾപ്പെടെ), അഡ്വാൻസ് ഇനത്തിൽ ക്രമീകരിക്കാനുള്ള തുക, റവന്യു/മൂലധന ചെലവുകളുടെ വർഗീകരണത്തിന്റെ കൃത്യത, വരവ്/ചെലവ് ഇനങ്ങളിലെ ക്ലാസിഫിക്കേഷനിലെ കൃത്യത, 31.3.08 പ്രകാരമുള്ള നീക്കിയിരിപ്പിന്റെ കൃത്യത മുതലായവ പൂർണമായി പരിശോധിച്ച് ഉറപ്പു വരുത്തുന്നതിന് സാധിച്ചിട്ടില്ല. ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള നിരീക്ഷണങ്ങൾ എന്റെ റിപ്പോർട്ടിലെ വിവിധ ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുണ്ട്.

മേൽകാര്യങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വാർഷിക ധനകാര്യപത്രിക പാലാ നഗരസഭയുടെ 07-08 ലെ വരവുചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു.

2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളും ആയതിന് അനുസൃതമായ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് മാനുവലിലെ നിർദേശങ്ങളും നഗരസഭയിൽ അനുവർത്തിച്ചിട്ടില്ല.

**ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)**
**ജില്ലാ ഓഫീസ്, കോട്ടയം**